

# സത്യദൂതൻ

2021 നവംബർ | ലക്കം 11

വില ₹ 30

## പാർശീയ ചംക്രമണം: പ്രകൃതിയിലെ അത്ഭുത പ്രതിഭാസം

## ദത്തെടുക്കലിന്റെ പ്രശ്നങ്ങൾ

## സംഘർഷഭരിതമാവുന്ന ചൈനാ–തായ്‌വാൻ ബന്ധങ്ങൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy
Yassarnal Quran Font




**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons
In 15 languages




**MTA**
Watch MTA Live, view
Schedule and much more



**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2021 നവംബർ
ഹി.ശ.1401- നുബുവ്വത്ത്
1443 റബീഉൽ അവ്വൽ - റബീഉൽ ആഖിർ
പുസ്തകം 93 ലക്കം 11
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
അഭിമുഖം
**ഹദ്റത്ത് ഉമറി(റ)ന്റെ കാലം**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2021 സെപ്തംബർ 24-ാം തീയതി യുകെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

**10**
**പാർശീയ ചംക്രമണം: പ്രകൃതിയിലെ അത്ഭുത പ്രതിഭാസം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**16**
സമുദ്രശാസ്ത്രം - 5
**സമുദ്രാന്തർയാനങ്ങൾ**
എ.എം. മുഹമ്മദ് സലീം

**20**
**പ്രകൃതിക്ഷോഭങ്ങൾ എന്ത്കൊണ്ട്?**
അബൂ റിസ്‌വാൻ

**25**
കവിത
**സഹോദരിയോട്**
നജ്മുദ്ദീൻ, മുറയക്കണ്ണി

**26**
**ദത്തെടുക്കലിന്റെ പ്രശ്നങ്ങൾ**
മുസാഫിർ

**31**
**ജിഹാദും ഖിതാലും**
മുഹമ്മദ് ഉമർ

**34**
ഭാഗം - 21
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**40**
കുറിപ്പുകൾ
**സംഘർഷഭരിതമാവുന്ന ചൈനാ-തായ്‌വാൻ ബന്ധങ്ങൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വല്ലവനും ഒരു തിന്മ പ്രവർത്തിക്കുകയോ തന്റെ ആത്മാവിനോട് ദ്രോഹം ചെയ്യുകയോ ചെയ്തിട്ട് അല്ലാഹുവിനോട് പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുന്നതായാൽ അവൻ അല്ലാഹുവിനെ സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമായി കാണുന്നതാണ്. (വി. ഖുർആൻ 4:111)



## നബിവചനം

അബൂഹുറൈറയിൽ നിന്ന് നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു. യാതൊരു നന്മയും ചെയ്യാത്ത ഒരാൾ ഉണ്ടായിരുന്നു. താൻ മരിക്കുകയാണെങ്കിൽ തന്റെ ശരീരം കത്തിച്ച് ചാരം പകുതി കടലിലും പകുതി കരയിലും വിതറുവാൻ അയാൾ തന്റെ കുടുംബാംഗങ്ങളോട് വസിയത്ത് ചെയ്തു. അല്ലാഹുവാണെ അയാൾ അല്ലാഹുവിന്റെ പിടിയിൽ വരുകയാണെങ്കിൽ അയാൾ ലോകത്ത് മറ്റൊരാൾക്കും അനുഭവിക്കാത്ത് ശിക്ഷ അനുഭവിക്കുമായിരുന്നു. അയാൾ മരിച്ചപ്പോൾ താൻ പറഞ്ഞത് പ്രകാരം ചെയ്യപ്പെട്ടു. അല്ലാഹു കരയോട് അത് (കത്തിച്ച് വിതറിയ ചാരം) ശേഖരിക്കാൻ ആജ്ഞാപിച്ചു. കടലിനോടും അത് വിതറിയത് ശേഖരിക്കാൻ കൽപ്പിക്കപ്പെട്ടു. അയാൾ അങ്ങനെ ചെയ്യാൻ കാരണമെന്തെന്ന് അല്ലാഹു അയാളോട് ചോദിച്ചു. അയാളുടെ മറുപടി 'എന്റെ നാഥാ നിന്നെ ഭയന്നിട്ടാണ് ഞാൻ അങ്ങനെ ചെയ്തതെന്ന് നിനക്കറിയാമല്ലോ.' അല്ലാഹു അയാൾക്ക് പൊറുത്തു കൊടുക്കുകയുണ്ടായി.

## വാഗ്ദത്ത മസീഹിന്റെ വചനം

അവന്റെ കാരുണ്യം രണ്ട് വിധത്തിലുള്ളതാണ്. ഒന്നാമത്തേത് യാതൊരാളുടെയും പ്രയത്ന ഫലമായിട്ടല്ലാതെ അനശ്വരമായി പ്രകടമാവുന്നത്. ഉദാഹരണത്തിന് നാം അസ്തിത്വത്തിലേക്ക് വരുന്നതിന് മുമ്പ് ആകാശവും ഭൂമിയും സൂര്യനും ചന്ദ്രനും ഗോളങ്ങളും വെള്ളവും അഗ്നിയും വായുവും നമ്മുടെ സൗകര്യത്തിനു വേണ്ടിയുള്ള പ്രപഞ്ചത്തിലെ എല്ലാ കണങ്ങളും നമ്മുടെ ആവശ്യത്തിന്ന് വേണ്ടുന്ന എല്ലാ വസ്തുക്കളും അവൻ നൽകിയിരിക്കുന്നു. നമ്മുടെ സാന്നിദ്ധ്യം പോലും ഇല്ലാത്ത അവസരത്തിലാണ് അവൻ ഇതെല്ലാം ചെയ്തിരിക്കുന്നത്. നമ്മുടെ ഭാഗത്ത് നിന്നും യാതൊരു പ്രവർത്തനവും ഉണ്ടായിട്ടില്ല. സൂര്യൻ സൃഷ്ടിക്കപ്പെട്ടത് തങ്ങളുടെ എന്തെങ്കിലും പ്രവർത്തനം കൊണ്ടാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? അല്ലെങ്കിൽ ഭൂമി സൃഷ്ടിക്കപ്പെട്ടത് തന്റെ സൽപ്രവർത്തന ഫലമാണെന്ന് ആർക്കെങ്കിലും പറയാൻ പറ്റുമോ? ഇതെല്ലാം മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ് തന്നെ പ്രവർത്തനത്തിൽ വന്നിട്ടുള്ള അവന്റെ കാരുണ്യങ്ങളാണ്. ആരുടെയും കർമ്മഫലമല്ല. രണ്ടാമത്തെ കാരുണ്യം മനുഷ്യന്റെ പ്രവർത്തന ഫലമായുണ്ടാകുന്നതാണ്. ഇതിന് വിശദീകരണത്തിന്റെ ആവശ്യമില്ല. (ലക്ച്ചർ ലാഹോർ)



**എഡിറ്റോറിയൽ**


# കരുണയും നീതിയും

അറ്റമില്ലാത്ത കാരുണ്യത്തിന്റെ സ്രോതസ്സാണ് പ്രപഞ്ചനാഥനായ അല്ലാഹു. നമുക്കു ഭൂമിയിൽ ലഭിച്ച ഈ ജീവിതം തന്നെ അതിന്നുള്ള സാക്ഷ്യമാണ്. നമ്മുടെ ഇഛകൊണ്ടോ നമ്മുടെ മുൻകൂട്ടിയുള്ള ആസൂത്രണം കൊണ്ടോ അല്ല. പരമ കാരുണികനായ അല്ലാഹു അവന്റെ നിരുപാധികമായ കാരുണ്യദാനം എന്ന നിലക്ക് നൽകിയതാണ് നമ്മുടെ ഈ ജീവിതം. ആകാശവും ഭൂമിയും, സൂര്യനും ചന്ദ്രനും, വായുവും വെള്ളവും തുടങ്ങി മനുഷ്യൻ ജീവിക്കുന്ന ഈ പ്രപഞ്ചസാകല്യം മുഴുവനും കരുണാ വാരിധിയായ ദൈവം നമുക്ക് വേണ്ടി സൃഷ്ടിച്ചുതന്നതാണ്. മനുഷ്യ കരങ്ങൾക്ക് അതിൽ യാതൊരു പങ്കുമില്ല. അതിനെയെല്ലാം ആശ്രയിച്ച് ജീവിക്കുന്ന അതിലെ നിസ്സഹായനായ ഒരു പരാദം മാത്രമാണ് മനുഷ്യൻ!!. വാവിട്ട് കരഞ്ഞ് കൊണ്ട് ഭൂമിയിൽ ജനിക്കുന്ന മനുഷ്യൻ ബോധം വെച്ച് കുറേ നാൾ കഴിയുമ്പോഴാണ് അല്ലാഹുവിന്റെ ഈ അപാരമായ ദാനങ്ങളെ പറ്റി അൽപ്പമെങ്കിലും അറിഞ്ഞുതുടങ്ങുന്നത് തന്നെ.

അങ്ങനെയുള്ള മനുഷ്യനെ ബഹുമാനപുരസ്സരമാണ് അല്ലാഹു ഖുർആനിൽ പ്രതിപാദിക്കുന്നത്. ***'തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽ നിന്ന് ആഹാരം നൽകുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളേക്കാൾ അവരെ ശ്രേഷ്ടരാക്കുകയും ചെയ്തിരിക്കുന്നു'*** *(17:71)*. മനുഷ്യകുലോത്തമനും പാപരഹിതനുമായ മുഹമ്മദ് നബി(സ) യെ പറ്റി തന്റെ കാരുണ്യഗുണം ചാർത്തിക്കൊണ്ട് അല്ലാഹു പറഞ്ഞ വചനമാണ് മാനവവംശത്തിന്റെ ഏറ്റവും വലിയ അഭിമാന മുദ്ര. അല്ലാഹു പറയുന്നു: ***' തീർച്ചയായും ഇതിൽ അല്ലാഹുവിനെ ആരാധിക്കുന്നവർക്ക് ഒരു സന്ദേശമുണ്ട്. നാം നിന്നെ (മുഹമ്മദ് നബി(സ)) പ്രപഞ്ചത്തിന്ന് ഒരു കാരുണ്യമായി മാത്രമാണ് അയച്ചിട്ടുള്ളത്' (21:107,108).*** മനുഷ്യൻ തെറ്റുകൾ വരുത്തുകയും കുറ്റങ്ങളിൽ വീണു പോകുകയും ദേഹേഛകൾക്ക് വശംവദനാവുകയും ചെയ്യുന്ന ദുർബല സൃഷ്ടിയാണ്. പക്ഷേ അല്ലാഹു മനുഷ്യന്ന് എപ്പോഴും കാരുണ്യം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഖുർആൻ പറയുന്നു: ***'നിങ്ങൾക്ക് കാരുണ്യം ചെയ്യണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. എന്നാൽ നിങ്ങൾ (ദുർമാർഗ്ഗ ത്തിലേക്ക്) ചാഞ്ഞു പോകണമെന്നാണ് സേഛകളെ പിന്തുടരുന്നവർ ആഗ്രഹിക്കുന്നത്. നിങ്ങൾക്ക് (ഭാരം) ലഘുകരിക്കപ്പെടണമെന്ന് അല്ലാഹു ഉദ്ദേശിക്കുന്നു. കാരണം മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.'*** *(4:28,29)* കാരുണ്യത്തേയും പൊറുമയേയും സ്മരിച്ചു കൊണ്ടാണ് അല്ലാഹു ശിക്ഷയെ കുറിച്ചു പോലും പ്രതിപാദിക്കുന്നത്: ***'അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്നും അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാണെന്നും അറിയുക' (5:99).*** കാരുണ്യം തന്റെ ബാദ്ധ്യതയാണെന്ന വിളംബരപ്പെടുത്തി കൊണ്ടുള്ള ഖുർആന്റെ മറ്റൊരു ശ്രദ്ധേയമായ സുവർണ്ണ സൂക്തം കാണുക: ***'നിങ്ങൾക്ക് സമാധാനം ഉണ്ടാവട്ടെ; നിങ്ങളുടെ നാഥൻ കാരുണ്യത്തെ തന്റെ ബാദ്ധ്യതയാക്കി വെച്ചിരിക്കുന്നു വെന്ന് പറയുക.' (6: 55)*** സർവ്വോപരി അല്ലാഹു പറയുന്നു: ***'വ റഹ്മത്തീ വസിഅത്ത് കുല്ല ശയ്അൻ' (എന്റെ കാരുണ്യം സർവ്വ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു) (7:157)***

കാരുണ്യവും നീതി നിർവ്വഹണവും പരസ്പരം എങ്ങിനെ ഒത്തുപോകും. നീതി നിർവ്വഹണം ചട്ടപ്രകാരമുള്ളതും പലപ്പോഴും ശിക്ഷയും വിലക്കുകളും വേദനയുമുള്ളതാണ്. അതു കൊണ്ട് കാരുണ്യം നീതി നിർവ്വഹണത്തിന്റെ താൽപര്യത്തിന്നെതിരല്ലേ എന്ന സംശയത്തിന്ന് വാഗ്ദത്ത മസീഹ് (അ) പറയുന്ന സൂക്ഷ്മായ ഉത്തരം ഇങ്ങനെയാണ്. ***'ഓർക്കുക, കാരുണ്യമാണ് ദൈവത്തിന്റെ അടിസ്ഥാന ഗുണം. നീതി എന്നത് യുക്തിയും നിയമവും സ്ഥാപിതമായതിന്ന് ശേഷം പ്രാവർത്തികമാകുന്ന ഒന്നാണ്. നീതി മറ്റൊരു രീതിയിലുള്ള കാരുണ്യം തന്നെയാണ്. ഒരു വ്യക്തിക്ക് യുക്തിജ്ഞാനം നൽകപ്പെട്ടാൽ അതിലൂടെ അയാൾ സർവ്വശക്തനായ ദൈവത്തിന്റെ പരിധികളെ കുറിച്ചും നിയമത്തെ കുറിച്ചും ബോധവാനാകുന്നു. അയാൾ പിന്നെ നീതിയുടെ താൽപര്യങ്ങൾക്ക് വിധേയനായിത്തീരുന്നു. എന്നാൽ കാരുണ്യത്തിന്ന് യുക്തിയുടെയും നിയമത്തിന്റേയും ഉപാധികളില്ല. ദൈവം മനുഷ്യവംശത്തെ കാരുണ്യത്തിലൂടെ ഉയർത്തിക്കൊണ്ടു വരുവാൻ ഇഛിക്കുന്നു.' (കിതാബുൽ ബരിയ്യ).*** ഹദ്റത്ത് അഹ്മദ്(അ) മറ്റൊരിടത്ത് പറയുന്നു. ***'ദൈവത്തെ പറ്റി പറയുമ്പോൾ നമുക്ക് അവന്റെ മാലികിയ്യത്തിനെ (ഉടമസ്ഥത്വം) മുൻനിർത്തി റഹീം (കരുണാനിധി) എന്ന് വിളിക്കാം. പക്ഷേ അവനെ നീതിപാലകൻ എന്ന് വിളിക്കാൻ സാദ്ധ്യമല്ല. ഒരാൾ മറ്റൊരാളുടെ ഉടമസ്ഥത യിലായിരിക്കെ അയാൾക്ക് ഉടമസ്ഥനിൽ നിന്നും നീതി അവകാശപ്പെടാൻ സാദ്ധ്യമല്ല. വണക്കത്തോടെ കാരുണ്യത്തിന്ന് വേണ്ടി യാചിക്കുക മാത്രമേ കരണീയമായുള്ളൂ. അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ സർവ്വശക്തനായ ദൈവത്തിന്ന് നീതി പാലകൻ എന്ന ഗുണവിശേഷം നൽകാത്തത്. കാരണം നീതി പരസ്പരം തുല്യത ആവശ്യപ്പെടുന്നു....... സർവ്വ സൃഷ്ടികളും അവന്റേതാണ്. അവൻ ഇഛിക്കുന്ന വിധം അവരോട് പെരുമാറാൻ അവന്ന് പൂർണ്ണ അധികാരമുണ്ട്. അവൻ ഇഛിക്കുന്നയാൾക്ക് അവൻ സാമ്രാജ്യം നൽകിയേക്കാം, അവൻ ഇഛിക്കുകയാണെങ്കിൽ ഒരുവനെ യാചകനുമാക്കിയേക്കാം....തീർച്ചയായും ദൈവം കാരുണ്യവാനാണ് അതിനെക്കാളുപരി അവൻ പരമ കാരുണികനാണ്.'(ചശ്മെ മഅ്രിഫ)***

പരമ കാരുണികനായ അല്ലാഹു പാപം ചെയ്ത് നിരാശനായ മനുഷ്യനോട് പറയുന്നു: ***'പറയുക തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസന്മാരെ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാണ്.' (39: 34)***



ഹദ്റത്ത് അഹ്മദ് (അ)

# ദിവ്യാത്ഭുതങ്ങളുടെ യാഥാർത്ഥ്യം

ചില അജ്ഞാനികളായ ആളുകൾ ചോദിക്കാറുണ്ട് എന്തുകൊണ്ട് പൂർണ്ണതയിലെത്തിയ ആളുകളുടെ പ്രാർത്ഥന പോലും ചിലപ്പോൾ സ്വീകരിക്കപ്പെടുന്നില്ല എന്ന്. അതിനുള്ള ഉത്തരം, പ്രാർത്ഥനാ സ്വീകാര്യതയുടെ പ്രകടനത്തിന്റെ സൗന്ദര്യം ദൈവം തന്റെ സ്വന്തം നിയന്ത്രണത്തിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നാണ്. ഏത് കാര്യത്തിലായാലും ഈ മഹിതമായ പ്രകടനം സംജാതമാവുകയും അതിന്റെ സൗന്ദര്യം പ്രകാശിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ പ്രപഞ്ചകണങ്ങൾ അതിലേക്ക് ആവഹിക്കപ്പെടുകയും അസംഭവ്യമായത് സംഭവിക്കുകയും ചെയ്യും. അതിന്ന് പറയുന്ന മറ്റൊരു പേരാണ് ദിവ്യാത്ഭുതം. (മുഅ്ജിസ). എന്നാൽ ഈ ആത്മീയമായ പ്രകടനം എപ്പോഴും പ്രത്യക്ഷമാവുന്നില്ല. എല്ലായിടത്തും അത് ചില ബാഹ്യമായ ഘടകങ്ങളെ ആശ്രയിച്ചു നിൽക്കുന്നു. ഇതിന് കാരണം ദൈവം സ്വയം പര്യാപ്തനാണെന്നത് പോലെ അവൻ തിരഞ്ഞെടുക്കുന്നയാളിലും ഈ സ്വയം പര്യാപ്തതയുടെ ഗുണം നിക്ഷേപിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. ദൈവത്തെ പോലെ അവരും സ്വയം പര്യാപ്തരാണ്. വളരെ വിനയാന്വിതവും ആത്മാർത്ഥവുമായി ആരെങ്കിലും പ്രവർത്തിച്ചു തുടങ്ങുന്നത് വരെ അവരുടെ കാരുണ്യഗുണം ചലിച്ചു തുടങ്ങുകയില്ല. ഇത്തരം ആളുകൾ തങ്ങൾക്ക് ചുറ്റുമുള്ള ലോകത്തേക്കാൾ വമ്പിച്ച തോതിൽ കാരുണ്യഗുണം സ്വായത്തമാക്കിയവരാണ്. അത്ഭുതകരമായ കാര്യം അത് പ്രാവർത്തികമാക്കുക എന്നത് അവരുടെ പരിധിയിൽപ്പെടുന്ന കാര്യമല്ല. അവർ പലപ്പോഴും അത് പ്രകടമാവാൻ അവർ ആഗ്രഹിക്കുന്നു. പക്ഷേ അത് ദൈവികമായ ഇഛ കൂടാതെ പ്രകടമാവുന്നതല്ല. അവരെ നിഷേധിക്കുന്നവരെയും കപട വിശ്വാസികളേയും ദുർബല വിശ്വാസികളേയും അവർ ഗണ്യമാക്കാറില്ല. ഇക്കൂട്ടരെ നിർജ്ജീവമായ പ്രാണികളെ പോലെയാണ് അവർ കണക്കാക്കുന്നത്. അവരുടെ സ്വയം പര്യാപ്തത എന്നത് മനോഹരമായ മൂടുപടത്തിനുള്ളിൽ തന്റെ മുഖം മറച്ചിരിക്കുന്ന പ്രിയപ്പെട്ട ഒരാൾ അത് സ്വായത്തമാക്കിയത് പോലെയാണ്. ഈ സ്വയം പര്യാപ്തതയുടെ ഒരു വശം ദുഷ്ടനായ ഒരാൾ അവരെ പറ്റി ദോഷം വിചാരിക്കുമ്പോൾ, ദൈവിക ഗുണങ്ങൾ സ്വായത്തമാക്കിയ അവർ ഈ ദോഷൈക ദൃക്കുകളെ പൂർണ്ണമായും അവഗണിച്ചുകൊണ്ട് ചിലപ്പോൾ അവരുടെ ദുഷ്ടത അധികരിപ്പിക്കുന്നു. ദൈവം പറയുന്നു: ***'അവരുടെ ഹൃദയത്തിൽ ഒരു രോഗമുണ്ടായിരുന്നു. പിന്നെ അല്ലാഹു അവർക്ക് അവരുടെ രോഗം വർദ്ധിപ്പിച്ചു.'*** *(2:11)*

അവർ ഒരു ദിവ്യാത്ഭുതം (മുഅ്ജിസ) കാണിക്കണമെന്ന് ദൈവം ഇഛിക്കുമ്പോൾ അവൻ അവരുടെ ഹൃദയത്തിൽ ഒരു ഉത്സുകത സൃഷ്ടിക്കുകയും അവർ അസ്വസ്ഥരാവുകയും ഒരു പ്രത്യേക കാര്യസാദ്ധ്യത്തിന്നായുള്ള ആകുലത അവർക്ക് അനുഭവപ്പെടുകയും ചെയ്യുന്നു. പിന്നീടവർ സർവ്വശക്തനായ ദൈവത്തിനൊഴികെ മറ്റാർക്കും കാണാൻ കഴിയാത്ത തങ്ങളുടെ സ്വയം പര്യാപ്തതയുടെയും സൗന്ദര്യത്തിന്റേയും മൂടുപടം അഴിച്ചുവെക്കുകയും അത് വാനലോകത്തെ മാലാഖമാർക്കും സർവ്വ കണങ്ങൾക്കും വെളിവാകുകയും ചെയ്യുന്നു. അവരുടെ മൂടുപടം നീക്കുക എന്നതിനർത്ഥം ദൈവത്തിന്റെ സംപ്രീത ദാസന്മാരായി തീർന്ന അവരുടെ ആത്മീയ സൗന്ദര്യവും തികവുറ്റ ആത്മാർത്ഥതയാലും വിശ്വസ്തയാലും അവർ ദൈവത്തിന് നേരെ അസാധാരണമായ വിധത്തിലും അവസ്ഥയിലും തിരിയുകയും, ആശ്ലേഷിതഭാവത്തിൽ നിൽക്കുന്ന ഒരു ദൈവം അവരുടെ ഹൃദയത്തിൽ സ്വയം തന്നെ സൃഷ്ടിക്കപ്പെടുകയും അത് സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യത്തോടൊപ്പം ഈ പ്രപഞ്ചത്തിലെ ഓരോ കണികയും അവരിലേക്ക് ആവഹിക്കപ്പെടുകയും അവരുടെ സ്നേഹോഷ്മളത വാനലോകത്ത് വെച്ച് സമാഹരിക്കപ്പെടുകയും അതിന്റെ ഭാവം മേഘങ്ങളെ പോലെ മാലാഖമാർക്ക് വെളിപ്പെടുകയും ചെയ്യുന്നു. മേഘഗർജ്ജനങ്ങളുടെ വീര്യമടങ്ങിയ അവരുടെ നോവുകൾ വാനലോകത്ത് വിക്ഷോഭങ്ങൾ സൃഷ്ടിക്കുന്നു. പിന്നീട് സർവ്വശക്തനായ അല്ലാഹുവിന്റെ ശക്തിയാൽ സൃഷ്ടിക്കപ്പെട്ട ആ ഗുണങ്ങൾ അവരാഗ്രഹിക്കും വിധം കാര്യങ്ങൾ സാധിക്കുമാറ് കാരുണ്യത്തിന്റെ മഴയായി വർഷിക്കുകയും ചെയ്യുന്നു.

(ബറാഹീനെ അഹ്മദിയ്യ, 5-ാം ഭാഗം).

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2021 സെപ്തംബർ 24-ാം തീയതി യുകെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# ഹദ്റത്ത് ഉമറി(റ)ന്റെ കാലം




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തെക്കുറിച്ചാണ് വിവരിച്ചുകൊണ്ടിരുന്നത്. അതിന്റെ തുടർച്ചയായി ഹിജ്റ പതിനഞ്ചിൽ നടന്ന ബൈത്തുൽ മഖ്ദിസ് (ബൈത്തുൽ മുഖദ്ദസ്) വിജയത്തെക്കുറിച്ചാണ് ഇന്ന് വിവരിക്കുന്നത്. ഉപരോധത്താൽ പൊറുതിമുട്ടിയ ക്രിസ്ത്യാനികൾ ഹദ്റത്ത് ഉമർ(റ) സമാധാന ഉടമ്പടിക്കായി സ്വയം ബൈത്തുൽ മഖ്ദിസിൽ എത്തണമെന്ന നിബന്ധന മുന്നോട്ടുവച്ചു. ഹദ്റത്ത് ഉമർ(റ) സ്വഹാബാക്കളോട് അഭിപ്രായമാരാഞ്ഞു. ക്രിസ്ത്യാനികൾ പരാജിതരും നിന്ദിതരുമായിരിക്കുകയാണെന്നും അതിനാൽ അവരുടെ ഈ അപേക്ഷ നിരസിച്ചു കൊണ്ട് അവരെ കൂടുതൽ അവഹേളിതരാക്കണമെന്നും ആയിരുന്നു ഹദ്റത്ത് ഉസ്മാൻ(റ)അഭിപ്രായപ്പെട്ടത്. എന്നാൽ ഹദ്റത്ത് അലി(റ) അദ്ദേഹത്തോട് ഏലിയായിലേക്ക് പോകുവാനുള്ള അഭിപ്രായമാണ് നല്കിയത്. അതിനുശേഷം ഹദ്റത്ത് ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് അലി(റ)യെയോ ഹദ്റത്ത് ഉസ്മാനെയോ(റ) മദീനയിൽ അമീർ ആയി നിയമിച്ചുകൊണ്ട് സ്വയം ബൈത്തുൽ മഖ്ദിസിലേക്ക് പുറപ്പെട്ടു. അദ്ദേഹത്തിന്റെ ആ യാത്ര നിസ്സാരമായ ഒന്നായിരുന്നില്ല. ഇസ്ലാമിന്റെ പ്രൗഢിയും പ്രതാപവും ശത്രുക്കളിൽ കുടിയിരുത്തുകയും സംഭ്രമമുണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു അതിന്റെ ഉദ്ദേശ്യം. എന്നിരുന്നാലും ഹദ്റത്ത് ഉമർ(റ) സൈനിക അകമ്പടിയൊന്നുമില്ലാതെ വളരെ ലളിതമായ രീതിയിൽ ഏതാനും സ്വഹാബാക്കളെയോ ഭൃത്യനെയോ കൂടെ കൂട്ടിയാണ് പോയത്. എന്നിട്ടും അദ്ദേഹത്തിന്റെ വരവറിഞ്ഞ പ്രദേശങ്ങളെല്ലാം പ്രകമ്പനം കൊണ്ടു.

മുഹമ്മദ് ഹുസൈൻ ഹൈക്കലിന്റെ അഭിപ്രായത്തിൽ ഹദ്റത്ത് ഉമർ(റ) ഉടമ്പടിയിലേർപ്പെടുവാൻ വേണ്ടി മാത്രമായിരുന്നില്ല പോയത്. മറിച്ച് ഹദ്റത്ത് അംറുബ്നു ആസ്(റ) അദ്ദേഹത്തോട് കൂടുതൽ സഹായം ആവശ്യപ്പെട്ടിരുന്നു. ഹദ്റത്ത് ഉമർ(റ)ന്റെ ക്ഷമയുടെ അതിരുകടന്നു. അദ്ദേഹം സ്വയം സിറിയയ്ക്കും ജോർദാന്നുമിടയിലുള്ള പ്ര

ദേശമായിരുന്ന ജാബിയയിലേക്ക് പുറപ്പെടുകയായിരുന്നു. അതിനിടയിൽ ഹദ്റത്ത് അബൂഉബൈദ(റ)യും ഹദ്റത്ത് ഖാലിദും(റ) സിറിയ ജയിച്ചടക്കി യുദ്ധത്തിൽനിന്നും വിരമിച്ചിരിക്കുകയായിരുന്നു. ബൈത്തുൽ മഖ്ദിസ് കീഴടക്കുവാൻ ഫലപ്രദമായ മാർഗമന്വേഷിക്കുന്നതിനുവേണ്ടി ഹദ്റത്ത് ഉമർ(റ) അവരിരുവരോടും ജാബിയയിലെത്താൻ ആവശ്യപ്പെട്ടു.

ഹദ്റത്ത് അബൂഉബൈദ(റ)യും ഹദ്റത്ത് ഖാലിദും(റ) ജാബിയയിൽ എത്തിയിട്ടുണ്ടെന്ന് അറിഞ്ഞ ശത്രുസൈന്യാധിപൻ ബൈത്തുൽ മഖ്ദിസിൽ തങ്ങൾക്ക് ഇനി കൂടുതൽ പിടിച്ചു നില്ക്കാനാകില്ലെന്നു മനസ്സിലാക്കി. അങ്ങനെ ഒരു സൈന്യാധിപൻ ഈജിപ്തിലേക്ക് തടിതപ്പി. സഫർന്യൂസ്, സന്ധി സംഭാഷണത്തിനായി ഹദ്റത്ത് ഉമർ(റ) അവിടെ സന്നിഹിതനാകണമെന്ന നിബന്ധന വച്ചു. യാത്രക്കിടയിൽ ദിവസവും സുബഹി നമസ്കാരത്തിനു ശേഷം ഹദ്റത്ത് ഉമർ(റ) സഹചരോട് അനുഗ്രഹപൂർത്തീകരണത്തിനായി ദുആക്കപേക്ഷിച്ചുകൊണ്ടിരുന്നു. ഖാലിദുബ്നു വലീദും യസീദുബ്നു അബൂ സുഫിയാൻ(റ) തുടങ്ങിയവർ ജാബിയയിൽ ഹദ്റത്ത് ഉമറിനെ(റ) വരവേറ്റു. ആ ഉദ്യോഗസ്ഥരിൽ അറബികളിലുള്ള എളിമ ഇല്ലാത്തതായി കണ്ട ഹദ്റത്ത് ഉമർ(റ) കുതിരപ്പുറത്തു നിന്നിറങ്ങി അവരുടെ നേരെ ചരൽക്കല്ലെറിഞ്ഞു. വിലപിടിപ്പുള്ള വസ്ത്രത്തിനടിയിൽ ആയുധങ്ങളാണ്. ഞങ്ങൾ തങ്ങളുടെ സൈനികവൃത്തി ഉപേക്ഷിച്ചിട്ടില്ലെന്നും അവർ പറഞ്ഞു. ഹദ്റത്ത് ഉമർ(റ)പറഞ്ഞു; അങ്ങനെയാണെങ്കിൽ ശരി. യസീദുബ്നു അബൂസുഫിയാൻ ഹദ്റത്ത് ഉമർ(റ)നോട് വിലപിടിപ്പുള്ള വസ്ത്രവും മികച്ച യാത്രാമൃഗവും ഉപയോഗിക്കുവാൻ അപേക്ഷിച്ചു. അപ്പോൾ ഹദ്റത്ത് ഉമർ(റ)പറഞ്ഞു; വേണ്ട. അല്ലയോ യസീദ് അല്ലാഹുവാണ! ഞാനെന്റെ വിട്ടുപിരിഞ്ഞ രണ്ടു സ്നേഹിതന്മാരുള്ളപ്പോൾ എനിക്കുണ്ടായിരുന്ന അവസ്ഥയും രൂപവും ഉപേക്ഷിക്കുവാൻ തയ്യാറല്ല. അതായത് നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും(റ) ജീവിച്ചിരുന്നപ്പോൾ ഞാൻ ഏതവസ്ഥയിലാണോ കഴിച്ചു കൂട്ടിയത് അതേ അവസ്ഥയിലായിരിക്കും ശിഷ്ടകാലവും ഞാൻ ജീവിക്കുക. ജനങ്ങൾക്കുവേണ്ടി ഞാൻ അലങ്കാരവും മോടിയും സ്വീകരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ അപ്രകാരം ചെയ്യുന്നതുകൊണ്ട് എന്റെ നാഥന്റെയടുക്കൽ ഞാൻ കുറ്റക്കാരനാകുമോ എന്നു ഞാൻ ഭയക്കുന്നു. ജനങ്ങളുടെയിടയിൽ ഞാൻ മഹാനാകാനും അല്ലാഹുവിന്റെ സവിധത്തിൽ നന്നേ ചെറിയവനാകാനും ഞാൻ ആഗ്രഹിക്കുന്നില്ല. ചുരുക്കത്തിൽ, ഹദ്റത്ത് ഉമർ(റ) ഈ ലോകത്തുനിന്നും വിടപറയുന്നതുവരെ ഹദ്റത്ത് നബി(സ)തിരുമേനിയും ഹദ്റത്ത് അബൂബക്കറും(റ) ജീവിച്ചിരുന്ന അതേ അവസ്ഥയിൽ തന്നെ നിലകൊണ്ടു.

ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ മുസ്‌ലിംകളും ക്രിസ്ത്യാനികളും തമ്മിലുള്ള ഉടമ്പടി ജാബിയയിൽ വച്ചാണ് നടന്നത്. ചില നിവേദനപ്രകാരം ഏലിയായിലാണ് നടന്നത്. ഈ ഉടമ്പടിയിൽ ഹദ്റത്ത് ഖാലിദുബ്നു വലീദ്(റ), അംറുബ്നു ആസ്, അബ്ദുറഹ്മാനുബ്നു ഔഫ്(റ), മുആവിയ ബിൻ അബൂസുഫിയാൻ എന്നിവരുടെ സാക്ഷ്യങ്ങൾ പ്രബലത നല്കി. ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹു) ശേഷം തബരി ചരിത്രത്തിൽ നിന്നും ഉടമ്പടി നിയമങ്ങളും കേൾപ്പിച്ചു.

താരീഖ് ഇബ്നു ഖൽദൂന്റെ അഭിപ്രായത്തിൽ ഈ ഉടമ്പടിയിൽ നിന്നും ഇനി പറയുന്ന കാര്യങ്ങൾ തെളിയുന്നു. അതായത് ഇസ്‌ലാം വാളിന്റെ ബലത്താലല്ല പ്രചരിച്ചത്. മുസ്‌ലിം ഭരണകാലത്ത് മറ്റു മതങ്ങൾക്ക് മതസ്വാതന്ത്ര്യമുണ്ടായിരുന്നു. അന്യസമുദായക്കാരിൽ നിന്നും ബലപ്രയോഗത്തിലൂടെ ജിസ്‌യ പിരിച്ചിരുന്നില്ല. ഈ സമാധാന സന്ധിയുടെ വാർത്ത പ്രചരിച്ചപ്പോൾ റമല, ഫലസ്തീൻ, ലുദ്ദ് പ്രദേശങ്ങളും ഇത്തരത്തിലുള്ള ഉടമ്പടി നടത്താനായി വെമ്പൽ കൊണ്ടു. ഹദ്റത്ത് ഉമർ(റ) ഫലസ്തീൻ പ്രദേശത്തെ പകുതിയായി വീതിച്ചു. എന്നിട്ട് അൽഖമാ ബിൻ ഹകീമിനെ ഭരണസിരാകേന്ദ്രമായ റമലയുടെയും അൽഖമ ബിൻ മുജ്സിസിനെ ഏലിയയുടെയും ഭരണാധികാരികളാക്കി.

ഹദ്റത്ത് ഉമർ(റ) ലളിതമായ വസ്ത്രം ധരിച്ചുകൊണ്ടാണ് ബൈത്തുൽ മഖ്ദിസിൽ പ്രവേശിച്ചത്. അവിടെ വച്ച് ഹദ്റത്ത് അബൂഉബൈദ(റ)യും മറ്റു സൈന്യാധിപന്മാരും അദ്ദേഹത്തെ വരവേറ്റു. ക്രിസ്ത്യൻ പാതിരിമാർ നഗരങ്ങളുടെ താക്കോലുകൾ സ്വയം ഹദ്റത്ത് ഉമർ(റ)നു സമർപ്പിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)പറയുന്നു; ക്രിസ്ത്യാനികൾ അദ്ദേഹത്തെ ലളിതമായ രുപത്തിൽ കണ്ടപ്പോൾ നഗരത്തിന്റെ താക്കോലുകൾ എറിഞ്ഞു കൊടുത്തു കൊണ്ട് പറഞ്ഞു, ഈ സർവ്വസൈന്യാധിപനെ നേരിടാൻ നമുക്ക് സാധിക്കുകയില്ല. ഏറ്റവുമാദ്യം അദ്ദേഹം മസ്ജിദ് അഖ്സയിൽ പോയി, ക്രിസ്ത്യൻ പള്ളി ചുറ്റിസന്ദർശിച്ചു. നമസ്കാരത്തിന്റെ സമയമായപ്പോൾ ക്രിസ്ത്യാനികൾ അവരുടെ ദേവാലയത്തിൽതന്നെ നമസ്കരിക്കുവാൻ അനുവാദം നല്കി. എന്നാൽ ഭാവിയിൽ വരും തലമുറ ഈ പ്രവൃത്തി ഒരു തെളിവായെടുത്തുകൊണ്ട് ക്രിസ്ത്യൻ ആരാധനാലയങ്ങളിൽ അതിക്രമിച്ചു കയറിയേക്കാം എന്ന ആശങ്കയാൽ അദ്ദേഹം പുറത്തു നിന്നാണ് നമസ്കരിച്ചത്.

ഏലിയായിലുള്ള താമസത്തിനിടയിൽ ഹദ്റത്ത് അബൂഉബൈദ(റ) ഒഴികെ മറ്റെല്ലാ നേതാക്കളും ഹദ്റത്ത് ഉമറിനെ സൽക്കരിച്ചു. ഹദറത്ത് ഉമർ(റ) അബൂഉബൈദയോട് അക്കാര്യം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു; അല്ലയോ അമീറുൽ മുഅ്മിനീൻ താങ്കളെ ഞാൻ ക്ഷണിക്കുകയാണെങ്കിൽ താങ്കൾക്ക് സ്വന്തം കണ്ണുകളെ നിയന്ത്രിക്കാനാകാ

തെ വരുമോ എന്നു ഞാൻ ഭയക്കുന്നു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തിന്റെ കൂടാരത്തിനകത്ത് പ്രവേശിച്ചു. അപ്പോൾ അവിടെ കുതിരയുടെ ജീനിയും കുതിരപ്പുറത്തു വിരിക്കുന്ന വസ്ത്രവുമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ല. അവയായിരുന്നു ഹദ്റത്ത് അബൂഉബൈദ(റ) കിടക്കാനായി ഉപയോഗിച്ചിരുന്നത്. ഒരു മൂലയിൽ അല്പം ഉണക്കറൊട്ടി ഉണ്ടായിരുന്നു. കുറച്ച് റൊട്ടിയും വെള്ളവും അദ്ദേഹം ഹദ്റത്ത് ഉമർ(റ)നു മുന്നിൽ സമർപ്പിച്ചു. ഈ കാഴ്ച കണ്ട ഉമർ(റ) കരഞ്ഞുകൊണ്ട് ഹദ്റത്ത് അബൂഉബൈദയെ(റ) ചേർത്തുപിടിച്ചു. അബൂഉബൈദ പറഞ്ഞു; താങ്കൾക്ക് താങ്കളുടെ കണ്ണുകളെ നിയന്ത്രിക്കാനാകാതെ വരും എന്നു ഞാൻ പറഞ്ഞിരുന്നതല്ലേ. അതിനു ശേഷം ഹദ്റത്ത് ഉമർ(റ) പുറത്തേക്കിറങ്ങി, ജനങ്ങളുടെ മുൻപിൽ നിന്നു. അല്ലാഹുവിനെ അവനർഹിക്കും വിധം സ്തുതിക്കുകയും നബി(സ)തിരുമേനിയിൽ സ്വലാത്ത് ചൊല്ലുകയും ചെയ്തു. അനന്തരം പറഞ്ഞു; അല്ലയോ മുസ്‌ലിംകളേ! നിശ്ചയമായും അല്ലാഹു നിങ്ങളോടുള്ള വാഗ്ദാനം യാഥാർഥ്യമാക്കിയിരിക്കുന്നു. ശത്രുക്കൾക്കെതിരായി അവൻ നിങ്ങളെ സഹായിക്കുകയും ആ രാജ്യങ്ങളുടെയെല്ലാം അനന്തരാവകാശികളാക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കവൻ ഭൂമിയിൽ സമാധാനം നല്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ നാഥന്റെ അനുഗ്രഹങ്ങൾക്ക് കൃതജ്ഞത കാണിക്കുക. ആജ്ഞാലംഘനത്തിന്റെ പ്രവൃത്തികളിൽനിന്നും അകന്നു നിൽക്കുക. എന്തെന്നാൽ ആജ്ഞാലംഘനത്തിന്റെ പ്രവൃത്തികൾ അനുഗ്രഹങ്ങളോടുള്ള നന്ദികേടാണ്. അല്ലാഹു ഒരു സമുദായത്തിനുമേൽ അനുഗ്രഹം ചൊരിയുകയും അവർ അതിന് നന്ദികേട് കാണിക്കുകയും ചെയ്താൽ ഉടൻ പശ്ചാത്തപിച്ചു മടങ്ങിയില്ലെങ്കിൽ തൽഫലമായി അവരുടെ അന്തസ്സും അഭിമാനവും നഷ്ടപ്പെടുന്നതാണ്. അങ്ങനെയല്ലാത്ത സംഭവങ്ങൾ വളരെ വിരളമാണ്.

ഒരിക്കൽ ഹദ്റത്ത് ബിലാൽ(റ) ഉദ്യോഗസ്ഥർ മികച്ച ഭക്ഷണം കഴിക്കുന്നതിനെക്കുറിച്ച് പരാതിപ്പെട്ടു. സാധാരണ മുസ്‌ലിംകൾക്ക് സാധാരണ ഭക്ഷണം പോലും ലഭിക്കുന്നില്ല. അതിൽ ഉമർ(റ) അന്വേഷണം നടത്തിയപ്പോൾ അവിടങ്ങളിൽ ഹിജാസിനെ അപേക്ഷിച്ച് സാധനങ്ങൾക്ക് വളരെ വിലക്കുറവാണെന്ന് മനസ്സിലായി. അങ്ങനെ അദ്ദേഹം ഉദ്യോഗസ്ഥരിൽ സമ്മർദ്ദം ചെലുത്തുന്നതിനു പകരം ദരിദ്രരായ മുസ്‌ലിംകൾക്ക് അവശ്യസാധനങ്ങൾക്കുള്ള ബജറ്റ് ഉണ്ടാക്കുകയും അവശ്യസാധനങ്ങൾ ബൈത്തുൽ മാലിൽനിന്നും നല്കുന്നത് ഉറപ്പാക്കുകയും ചെയ്തു.

ഒരിക്കൽ ജനങ്ങളുടെ അപേക്ഷപ്രകാരം ഹദ്റത്ത് ഉമർ(റ)ഹദ്റത്ത് ബിലാൽ(റ)നോട് ബാങ്ക് വിളിക്കുവാൻ പറഞ്ഞു. ഹദ്റത്ത് ബിലാൽ(റ) ബാങ്ക് വിളിച്ചപ്പോൾ ഹദ്റത്ത് ഉമർ(റ) അടക്കമുള്ള സ്വഹാബാക്കൾക്ക് നബി(സ) തിരുമേനിയുടെ കാലം ഓർമ്മ വരികയും കരഞ്ഞുകൊണ്ട് അസ്വസ്ഥരാകുകയും ചെയ്തു.

ബൈത്തുൽ മഖ്ദിസിൽ നിന്നും മടങ്ങുമ്പോൾ ഹദ്റത്ത് ഉമർ(റ) മുഴുവൻ രാജ്യങ്ങളും സന്ദർശിച്ചു. മദീനയിൽ തിരിച്ചെത്തിയപ്പോൾ മുസ്‌ലിംകൾ അദ്ദേഹത്തിന് ഊഷ്മളമായ വരവേല്പ് നല്കി. അദ്ദേഹം മസ്ജിദ് നബവിയിൽപോയി രണ്ടു റകഅത്ത് നമസ്കരിച്ച ശേഷം ജനങ്ങളെ അഭിസംബോധന ചെയ്തു.

ഹിജ്റ 17-ന് റോമാക്കാർ അവസാന ശ്രമം നടത്തി. യസ്ദജർദ് റേയിലേക്ക് ഓടിപ്പോയതിൽ പിന്നെ ജസീറയിലുള്ളവർ അയാളിലുള്ള പ്രതീക്ഷ ഉപേക്ഷിച്ചിരിക്കുകയായിരുന്നു. ഹെറാക്ലിയസ്സ് സമുദ്രമാർഗ്ഗം സൈനിക നീക്കം നടത്തുകയാണെങ്കിൽ അയാളെ സഹായിക്കാമെന്ന് അവർ ഹെറാക്ലിയസ്സിനെ അറിയിച്ചു. അയാൾ ഇക്കാര്യം ആലോചിക്കുകയും യുദ്ധക്കപ്പലുകളോട് അലക്സാൻഡ്രിയയിൽ നിന്നും അൻത്വാഖിയായിലെത്താൻ കല്പന നല്കുകയും ചെയ്തു. ഹദ്റത്ത് അബൂഉബൈദ(റ) ഈ നീക്കത്തെക്കുറിച്ചറിഞ്ഞപ്പോൾ അദ്ദേഹം ഹദ്റത്ത് ഖാലിദ്(റ)നെ കൂടിയാലോചനക്കായി വിളിച്ചു. ഹെറാക്ലിയസ്സിന്റെ കപ്പലുകൾ അൻത്വാഖിയായിലെത്തിയപ്പോൾ നഗരകവാടങ്ങൾ അയാൾക്കുവേണ്ടി തുറക്കപ്പെട്ടു. വടക്കൻ സിറിയയിലെ പൊതുജനങ്ങൾ പ്രക്ഷോഭത്തിനു മുതിരുന്നതു കണ്ടപ്പോൾ അബൂഉബൈദ(റ) തങ്ങൾ ഹോംസിൽ ഉപരോധിക്കപ്പെട്ടിരിക്കുയാണെന്ന് അനുമാനിച്ചു. സ്ഥിതഗതികൾ ഹദ്റത്ത് ഉമർ(റ)നെ ധരിപ്പിച്ചു. ഹദ്റത്ത് ഉമർ(റ) ദീർഘവീക്ഷണത്താൽ ഈ അപായം മുന്നിൽ കണ്ടുകൊണ്ട് തുടക്കത്തിൽത്തന്നെ കൂഫയിലും ബസ്റയിലും പട്ടാളത്താവളങ്ങൾ സ്ഥാപിച്ചിരുന്നു. ഹദ്റത്ത് അബൂ ഉബൈദ(റ)യുടെ കുറിപ്പ് ലഭിച്ചപ്പോൾ മഹാനായ ആ സൈന്യാധിപൻ വലിയ ആപത്തിലകപ്പെട്ടിരിക്കുകയാണെന്ന് ഹദ്റത്ത് ഉമർ(റ) മനസ്സിലാക്കി. ആയതിനാൽ അദ്ദേഹം ഹദ്റത്ത് സഅദു ബ്നു അബീവഖാസിന്(റ) ഖഅ്ഖാഅ് ഇബ്നു അംറിനെ ഹോംസിലേക്ക് അയക്കാൻ നിർദേശം നല്കി. അതുപോലെതന്നെ റോമാക്കാരുമായി ഏറ്റുമുട്ടാൻ മറ്റു സൈനികർക്കും നിർദേശം നൽകി; ഹെറാക്ലിയസ്സിന് സൈനിക പിന്തുണ നല്കാനായി ഏതെല്ലാം പ്രദേശങ്ങളിൽ നിന്നുമാണോ സൈന്യങ്ങളെത്തിക്കൊണ്ടിരിക്കുന്നത് അവിടങ്ങളിൽ നമ്മുടെ സൈനിക സംഘങ്ങളെ അയക്കുക. ഈ യുക്തിഭദ്രമായ നീക്കത്തിന്റെ ഫലമായി ഹെറാക്ലിയസ്സിന്റെ പിന്തുണയ്ക്കായി പുറപ്പെട്ടിരുന്ന സൈന്യങ്ങൾ അവരവരുടെ പ്രദേശങ്ങളിലേക്കുതന്നെ മടങ്ങിപ്പോയി. ജസീറയിൽ നിന്നുള്ള സൈന്യം തിരിച്ചുപോയി എന്നറിഞ്ഞപ്പോൾ റോമാക്കാരോട് ഏറ്റുമുട്ടാനായി യുദ്ധക്കളത്തിലിറങ്ങാൻ തീരുമാനമായി. ഹദ്റത്ത് അബൂഉബൈദ(റ) മുസ്‌ലിം സൈന്യത്തിനു

ശേഷം പേജ് 15 ൽ

# പാർശ്വീയ ചംക്രമണം: പ്രകൃതിയിലെ അത്ഭുത പ്രതിഭാസം

വലത് ഇടത് വിവേചനം ഇസ്‌ലാമിൽ മാത്രുള്ള പ്രത്യേകതയാണ്. എന്താണ് ഇഈ പാർശ്വീയതയുടെ യുക്തിയും പ്രസക്തിയും? Revelation Rationality Kwoledge & Truth (വെളിപാട് യുക്തി ജ്ഞാനം സത്യം)എന്ന പുസ്തകത്തിൽ നിന്ന്

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**

ഖലീഫത്തുൽ മസീഹ് നാലാമൻ

എന്താണ് പാർശ്വീയത? അതിന് എന്തെങ്കിലും പ്രാധാന്യമുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട്? ഈ ചോദ്യങ്ങളെയാണ് നാമിപ്പോൾ അഭിമുഖീകരിക്കുന്നത്. നാം ഒരു വൃത്തത്തിലൂടെ ഭ്രമണം ചെയ്യുമ്പോൾ അത് ഇടത്ത് നിന്ന് വലത്തോട്ടേക്കോ വലത്ത് നിന്ന് ഇടത്തോട്ടേക്കോ, ഏത് ഭാഗത്തേക്ക് കറക്കമാരംഭിച്ചാലും കറക്കത്തിന്റെ ഗുണനിലവാരത്തെ അത് അശേഷം ബാധിക്കുന്നില്ല. നാം ഒരു വസ്തുവിനെ വലത് കൈകൊണ്ടോ ഇടത് കൈകൊണ്ടോ എടുത്തു എന്നിരിക്കട്ടെ. ആ വസ്തു എടുക്കപ്പെട്ടത് ഇടത് കൈകൊണ്ടോ വലത് കൈകൊണ്ടോ എന്ന ചോദ്യത്തിന് യാതൊരു പ്രസക്തിയും നമുക്ക് തോന്നാറില്ല. അതിലടങ്ങിയ ജ്ഞാനത്തെപ്പറ്റി അറിഞ്ഞെങ്കിൽ മാത്രമെ വലതിനേയും ഇടതിനേയും സംബന്ധിക്കുന്ന പ്രശ്നത്തിന് പ്രസക്തിയുണ്ടാവൂ. അത്ഭുതകരമെന്ന് പറയട്ടെ ഇസ്‌ലാമികാദ്ധ്യാപനങ്ങളിലും പ്രകൃതി നിയമങ്ങളിലും പ്രത്യക്ഷമായ കാരണങ്ങളൊന്നും കൂടാതെ പാർശ്വീയത വളരെ നിർബന്ധപൂർവ്വം പാലിക്കപ്പെടുന്നതായിക്കാണാം. ജീവൻ: ഖുർആനിക വെളിപാടുകളുടെ പരിപ്രേക്ഷ്യത്തിൽ (*Life: in the perspective of Quranic Revelation*) എന്ന അദ്ധ്യായത്തിൽ പാർശ്വീയതയെപ്പറ്റി പ്രതിപാദിച്ച നിരവധി ഖുർആനിക വചനങ്ങളുടെ മതപരമായ പ്രസക്തിയെ സംബന്ധിച്ച് വളരെ ഹ്രസ്വമായി പ്രതിപാദിച്ചിട്ടുണ്ട്. പാർശ്വീയതയെ സംബന്ധിച്ച ഖുർആന്റെ ഈ അദ്ധ്യാപനങ്ങൾ റസൂൽ തിരുമേനി(സ)യുടെ വചനങ്ങളിൽ കൂടുതൽ വിശദീകരിക്കപ്പെട്ടിരിക്കുന്നു. അതിൽ പാർശ്വീയതക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ഒരു വിശ്വാസി സാമൂഹികമായും മതപരമായുമുള്ള ദൈനംദിന ജീവിതം നയിക്കേണ്ടതെങ്ങനെയെന്ന് പഠിപ്പിക്കുന്നു. ഇടതിനേക്കാൾ വലതിനെ ഇഷ്ടപ്പെടുന്ന ഒരു പ്രവണത ബോധപൂർവ്വം അവ പ്രദർശിപ്പിക്കുന്നുണ്ട്.

കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ നിസ്സാരമായ പാർശ്വീയതയുടെ ഇടംവലം പ്രശ്നം മതകാര്യങ്ങളിൽ നിഷ്കർഷയോടെ പാലിക്കുന്നത് എന്തുകൊണ്ടാണ് എന്നത് കൗതുകകരമാണ്. പക്ഷേ പ്രകൃതിയിൽ ഇതേ പാർശ്വീയതയുടെ പ്രാപഞ്ചിക പ്രതിഭാസത്തെ അഭിമുഖീകരിക്കുമ്പോൾ ഈ പ്രഹേളികക്ക് ജ്യോതിശാസ്ത്രത്തോളമെത്തുന്ന മാനം കൈവരുന്നതായി കാണാം. മതപരമായ നിർദ്ദേശങ്ങൾ എപ്പോഴും മനുഷ്യമനസ്സ് ബോധപൂർവ്വമായോ അല്ലെങ്കിൽ ദിവ്യമായ അദ്ധ്യാപനങ്ങളുടെ ബലത്തിലോ ആയിരിക്കും അഭ്യസിപ്പിക്കുക. എന്നാൽ അത്തരത്തിൽ പ്രകൃതിപരമായ ഒരു പെരുമാറ്റച്ചട്ടം നിർമ്മിച്ച ഒരു ബോധമനസ്സുള്ള സ്രഷ്ടാവിനെ സെക്കുലർ ശാസ്ത്രജ്ഞൻമാർ അംഗീകരിക്കില്ല! എങ്കിലും പാർശ്വീയതയുടെ ഈ മേഖലയിൽ മതത്തിന്റെയും പ്രകൃതിയുടെയും സാമ്യത എന്തുകൊണ്ടുണ്ടായി? പ്രകൃതി നിയമത്തിനും മതത്തിനും ഒരു പൊതു പ്രഭവകേന്ദ്രമില്ലെന്ന കാരണത്താൽ അത് വെറും യാദൃച്ഛികം എന്ന് പറഞ്ഞ് നമുക്ക് തള്ളിക്കളയാൻ കഴിയുമോ? പക്ഷേ, അത് അങ്ങനെയല്ല. പ്രകൃതിയിലെ പാർശ്വീയതയെപ്പറ്റി നാം കൂടുതൽ പഠിക്കുമ്പോൾ അത്ഭുതങ്ങൾ കുമിഞ്ഞു കൂടുകയാണ് ചെയ്യുന്നത്. പാർശ്വീയതയുടെ അസ്തിത്വത്തിന് ശാസ്ത്രീയമായ യാതൊരു യുക്തിയും പറയാനില്ല. ഒരു വശത്തേക്കാൾ കൂടുതലായി മറുവശത്തെ ഇഷ്ടപ്പെടാൻ പ്രകൃതി കാണിക്കുന്ന പ്രവണ

തയെപ്പറ്റി ഇപ്പോഴും ഉത്തരം ലഭിച്ചിട്ടില്ല. ഇനി വരുന്ന ദശാബ്ദങ്ങളോളം അതിന് ഉത്തരം ലഭിച്ചില്ല എന്നും വരും.

വിശുദ്ധ ഖുർആൻ പ്രകാരം എല്ലാ പ്രകൃതി പ്രതിഭാസങ്ങളും യുക്തിപരമായി വിശദീകരിക്കപ്പെടേണ്ടതുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. പൊടുന്നനെയുള്ളതും, അവ്യവസ്ഥമായതും യാദൃച്ഛികമായതുമായ സൃഷ്ടിപ്പിന്റെ പ്രതിഭാസം ഖുർആൻ അസന്ദിഗ്ദ്ധമായി നിഷേധിക്കുന്നു. പാർശ്വീകരണ പ്രതിഭാസത്തെപ്പറ്റിയുള്ള ഇപ്പോഴത്തെ അറിവ് എത്രതന്നെ കുറച്ചാണെങ്കിലും പ്രകൃതിയിലെ ഈ പ്രതിഭാസത്തിനടിയിലെ അഗാധമായ കാരണങ്ങളെ സംബന്ധിച്ച് ഇന്നല്ലെങ്കിൽ നാളെ ശാസ്ത്രജ്ഞൻമാർക്ക് അറിയാൻ സാധിക്കും.

കൂടുതൽ മുന്നോട്ടു പോകുന്നതിന് മുമ്പേ പാർശ്വീകരണത്തെ അഥവാ ചിറാലിറ്റിയെ സംബന്ധിച്ച് കുറച്ചൊന്ന് വിശദീകരിക്കുന്നത് ഉചിതമായിരിക്കും. കുട്ടികളുടെ സംഘം ചേർന്നുള്ള കായിക പരിശീലന പ്രദർശനത്തിന്റെ അടിസ്ഥാനത്തിൽ ഈ സംഗതി എളുപ്പത്തിൽ മനസ്സിലാവും. ഒരു സംഘം കുട്ടികൾ ഘടികാര ദിശയിലും മറ്റൊരു സംഘം കുട്ടികൾ എതിർ ഘടികാര ദിശയിലും വൃത്താകൃതിയിൽ ഓടാനാരംഭിച്ചു. കായിക പരിശീലനം മിഴിവേകാൻ കുട്ടികളെ ജോഡികളായിട്ടാണ് തിരിച്ചത്. ഒരു ജോഡി കുട്ടികൾ ഒരു ദിശയിൽ വൃത്തത്തിലൂടെ ഓടുമ്പോൾ മറ്റു ജോഡി കുട്ടികൾ എതിർ ദിശയിൽ വൃത്തം ചുറ്റി ഓടുന്നു. ഇങ്ങനെ കുട്ടികളുടെ ഓട്ടത്തെപ്പറ്റി മനസ്സിൽ സങ്കൽപിച്ചാൽ നിങ്ങൾക്ക് പാർശ്വീയതയുടെ അഥവാ ചിറാലിറ്റിയുടെ ശാസ്ത്രീയ അർത്ഥം മനസ്സിലാവും. അപ്രകാരം തന്നെ വലത്ത് നിന്ന് ഇടത്തോട്ടുള്ള കുട്ടികളുടെ ചലനവും ഇടത്ത് നിന്ന് വലത്തോട്ടുള്ള കുട്ടികളുടെ ചലനവും വേറിട്ട് എടുത്തു കാട്ടാൻ സാധ്യമല്ല. കാരണം ആദ്യത്തേതിന്റെ നേർവിപരീത ദിശയിലാണ് രണ്ടാമത്തേതിന്റെ ചലനം. അപ്രകാരം തന്നെ എല്ലാ തൻമാത്രകൾക്കും സ്വയം ഭ്രമണമുണ്ട്(Spin). പക്ഷേ, എല്ലാം ഒരേ ദിശയിലല്ല. ചിലത് വലത്ത് നിന്ന് ഇടത്തോട്ടാണെങ്കിൽ ചിലത് ഇടത്ത് നിന്ന് വലത്തോട്ടാണ്. ഒരേ രാസസൂത്രമുള്ള (Chemical Formula) സംയുക്ത പദാർത്ഥങ്ങളിലെ തന്മാത്രകളിൽ ചിലപ്പോൾ വലത്ത് നിന്ന് ഇടത്തോട്ടു തിരിയുന്ന തൻമാത്രകളും, ഇടത്ത് നിന്ന് വലത്തോട്ട് തിരിയുന്ന തൻമാത്രകളുമുണ്ടാവാം. ഇത് സംയുക്ത പദാർത്ഥങ്ങൾ ലയിപ്പിച്ച ഒരേ ലായനിയിലും സംഭവിക്കാം. ചിറാലിറ്റി എന്നത് തൻമാത്രാ തലത്തിൽ മാത്രം ഉണ്ടാവുന്ന ചലനമല്ല. തൻമാത്രയേക്കാൾ സൂക്ഷ്മമായ കണങ്ങളുടെ (Sub Atomic) തലത്തിൽ വരെ നമുക്കത് കാണാം.

പ്രകൃതിയിൽ പാർശ്വീയ ചലനത്തിന്റെ തെളിവുകൾ ലഭിച്ചത് 160 വർഷങ്ങൾക്ക് മുമ്പേയാണ്. 1848ൽ മഹാനായ ഫ്രഞ്ച് ശാസ്ത്രജ്ഞൻ ലൂയി പാസ്ചർ* ആണ് തൻമാത്രകളുടെ സ്വയം ഭ്രമണത്തിലെ ചിറാലിറ്റി കണ്ടു പിടിച്ചത്. അസാധാരണനായ ആ ശാസ്ത്ര പ്രതിഭയോടും അദ്ദേഹത്തിന്റെ തീക്ഷണമായ ശാസ്ത്രീയ നിരീക്ഷണത്തോടും നാം കടപ്പെട്ടിരിക്കുന്നു. ടാർടാറിക് ആസിഡിന്റെ(Tartaric Acid)ചില ലവണങ്ങൾ അദ്ദേഹം നിരീക്ഷിച്ചു കൊണ്ടിരുന്നപ്പോൾ രണ്ട് തരത്തിലുള്ള ക്രിസ്റ്റലുകൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. ഒരു തരം ക്രിസ്റ്റൽ മറ്റൊരു തരത്തിന്റെ നേർ വിപരീതമായ കണ്ണാടി പ്രതിബിംബം പോലെയായിരുന്നു. അദ്ദേഹം ശ്രദ്ധാപൂർവ്വം രണ്ടു ക്രിസ്റ്റലുകളേയും പരസ്പരം വേർപ്പെടുത്തി. എന്നിട്ട് വെള്ളത്തിൽ ലയിപ്പിച്ചു. ആ ലായനിയിലൂടെ പ്രകാശ രശ്മികൾ കടത്തിവിട്ടു. അദ്ദേഹം അത്ഭുതപ്പെട്ടുപോയി, രണ്ട് ലായനികളിലേയും ധ്രുവീകൃതമായ പ്രകാശ രശ്മികൾ വ്യത്യസ്ത രീതിയിലാണ് കറങ്ങിയിരുന്നത്. ഒന്ന് ഘടികാരദിശയിലും മറ്റൊന്ന് അതിന്റെ എതിർ ദിശയിലും. ടാർടാറിക് ആസിഡ് ലായനിയിൽ ഒന്നിലെ തൻമാത്രകൾ വലത്തു നിന്ന് ഇടത്തോട്ടും മറ്റേതിലെ തൻമാത്രകൾ ഇടത്ത് നിന്ന് വലത്തോട്ടും ഭ്രമണം ചെയ്യുന്നുവെന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നു... ഒന്ന് മറ്റൊന്നിന്റെ മീതെയായി കറങ്ങുന്നില്ല. ഇതാണ് ചിറാലിറ്റിയെ സംബന്ധിച്ച് പ്രാഥമികതലത്തിലുള്ള ആദ്യത്തെ ശാസ്ത്രീയ നിരീക്ഷണം.

1857ൽ ഈ രംഗത്തെ ഒറ്റപ്പെട്ട നിർണ്ണായകമായ മറ്റൊരു കണ്ടുപിടിത്തം നടത്തിയതും ലൂയി പാസ്ചർ തന്നെയാണ്. ഒരു ദിവസം ഒരു ജാറിലെ രാസലായനിയിൽ



ലൂയി പാസ്ചർ

**ലൂയി പാസ്ചർ**(Louis Pasteur 1822-1895): ഫ്രഞ്ച് രസതന്ത്രജ്ഞനായ പാസ്ചറാണ് പുളിപ്പിക്കുന്ന പ്രക്രിയയിൽ ഓക്സിജന് പങ്കില്ലെന്നും അവ നിർവ്വഹിക്കുന്നത് സൂക്ഷ്മാണുക്കളാണെന്നും തെളിയിച്ചത്. പാൽ, വൈൻ മുതലായവ തിളനിലയിൽ നിന്നും അല്പം താഴെ ചൂടാക്കിയാൽ സൂക്ഷ്മജീവികളുടെ നാശം മൂലം കേടുവരാതെ നിൽക്കുമെന്ന് അദ്ദേഹം ശാസ്ത്രീയമായി തെളിയിച്ചു. ഇത്തരത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ ഭാഗികമായി സംസ്കരിച്ച് സൂക്ഷിക്കുന്നതിനെയാണ് പാസ്ചറൈസേഷൻ എന്ന് പറയുന്നത്. പേപ്പട്ടി വിഷത്തിനെതിരെയുള്ള വാക്സിൻ (1885) കണ്ടുപിടിച്ചതാണ് പാസ്ചറുടെ മഹത്തായ ശാസ്ത്രീയ സംഭാവന. (വിവ:)

വളർന്ന ഒരു പൂപ്പൽ(Mould) അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. പൂപ്പൽ വന്ന് മലിനമായ ആ ലായനി പുറത്തേക്ക് കളയുന്നതിന് പകരം അദ്ദേഹം അതിലൂടെ ഒരു പ്രകാശ രശ്മി കടത്തിവിട്ട് അതിന്റെ പ്രഭാവം നിരീക്ഷിച്ചു. അദ്ദേഹം വിസ്മയഭരിതനായിപ്പോയി. ലായനി മലിനീകരിക്കപ്പെടുന്നതിന് മുമ്പേ പ്രകാശം കടത്തിവിട്ടപ്പോൾ താരതമ്യേന നിശ്ചലമായിരുന്ന ലായനി പൂപ്പൽ വന്ന് മലിനീകരിക്കപ്പെട്ടതിന് ശേഷം പ്രകാശം കടത്തിവിട്ടപ്പോൾ ചലനാത്മകമാവാനും പ്രകാശം ധ്രുവീകരിക്കപ്പെടാനും തുടങ്ങി. അതിന്റെ കാരണമിതാണ്. മലിനീകരിക്കപ്പെടുന്നതിന് മുമ്പേ ലായനിയിലെ വലത് ഭ്രമണ തൻമാത്രകളും (Right Spinning Moleculer) ഇടത്ഭ്രമണ തൻമാത്രകളും (Left Spinning Moleculer) തുല്യമായിരുന്നു. അതിനാൽ ലായനിയുടെ പ്രവർത്തനം ബലാബലത്തിൽ നിശ്ചലമായി നിന്നു. അതാണ് പ്രകാശം കടത്തിവിട്ടപ്പോൾ കണ്ടത്. എന്നാൽ പൂപ്പൽ കൊണ്ട് മലിനമായ ലായനിയിൽ പ്രകാശം കടത്തിവിട്ടപ്പോൾ ധ്രുവീയത(Polarity) പ്രത്യക്ഷമായതിന് കാരണം ലായനി പൂപ്പൽ വന്ന് മലിനമായപ്പോൾ ലായനിയിലെ പൂപ്പൽ അതിന്റെ വലത്തോട്ട് ഭ്രമണം ചെയ്യുന്ന തൻമാത്രകളെ മാത്രം ഭക്ഷിക്കുകയും ഇടത്തോട്ട് ഭ്രമണം ചെയ്യുന്ന തൻമാത്രകളെ ഭക്ഷിക്കാതെ വിടുകയും ചെയ്തു. അതുകൊണ്ടാണ് നിശ്ചലമായിരുന്ന ലായനി പ്രകാശം കടത്തിവിട്ടപ്പോൾ ചലനാത്മകമായതും ധ്രുവീയത പ്രകടിപ്പിച്ചതും. അങ്ങനെ ഒരു പ്രഹേളികക്ക് ഉത്തരം കണ്ടെത്തിയപ്പോൾ മറ്റനേകം സങ്കീർണ്ണമായ പ്രഹേളികകൾക്ക് അത് ജന്മം നൽകുകയുമുണ്ടായി. എന്തുകൊണ്ടാണ് വെറുമൊരു പൂപ്പൽ, പിഴവ് പറ്റാത്ത സൂക്ഷ്മതയോടെ ഒരു ദിശയിൽ മാത്രം കറങ്ങുന്ന തൻമാത്രകളെ കണ്ടെത്തുന്നത്? ഇതായിരുന്നു ലൂയിപാസ്ചറെ വിസ്മയഭരിതനാക്കിയ പ്രശ്നം. അത് ഇപ്പോഴും ശാസ്ത്ര സമൂഹത്തിന്റെ മനസ്സിനെ അത്ഭുതപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എത്രകാലം ഈ പ്രഹേളികക്ക് ഉത്തരം നൽകാൻ കഴിയാതെ ശാസ്ത്രലോകം മുമ്പോട്ട് പോകും? ശാസ്ത്രജ്ഞൻമാർക്ക് ഉത്തരമില്ല. ഈ പ്രഹേളികയുടെ അളവ് അതിവിപുലമാണ്. ഒരു മൂലകത്തിലേയോ, സംയുക്തത്തിലേയോ തൻമാത്രകൾ അവ വലത്തോട്ട് സ്വയം ഭ്രമണം ചെയ്യുന്നതാവട്ടെ ഇടത്തോട്ട് സ്വയം ഭ്രമണം ചെയ്യുന്നതാവട്ടെ അവ രണ്ടും രാസികമായും, ഭൗതികമായും ഒരേ ഗുണങ്ങളുള്ളതാണ്. ഇങ്ങനെ ഒരു പ്രത്യേക ദിശയിൽ ഭ്രമണം ചെയ്യുന്ന അതിന്റെ പ്രവണതയെ എന്താണ് അല്ലെങ്കിൽ ആരാണ് നിയന്ത്രിക്കുന്നത്? അതൊരു കുഴക്കുന്ന പ്രശ്നമാണ്. ദുർഗ്രാഹ്യമായ തൻമാത്രകളുടെ ഈ പാർശ്വ ചംക്രമണങ്ങൾ കണ്ടുപിടിക്കപ്പെട്ടപ്പോൾ അതിന്റെ ദുർഗ്രാഹ്യത അതിഭീമമായി തുടരുകയാണ്. മനുഷ്യന് നൽകപ്പെട്ട അഞ്ച് ഇന്ദ്രിയങ്ങളിലൊന്നിനും തന്നെ തൻമാത്രകളുടെ പാർശ്വചംക്രമണത്തെക്കുറിച്ച് അറിയാനുള്ള കഴിവില്ല. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് ഗ്രഹിക്കാൻ സാധിക്കുന്ന യാതൊരടയാളവും ഇങ്ങനെ കറങ്ങുന്ന തൻമാത്രകൾ പദാർത്ഥങ്ങളിൽ ഉണ്ടാക്കുന്നില്ല. എന്നാൽ, അറിയപ്പെടുന്ന യാതൊരു സംവേദനേന്ദ്രിയങ്ങളുമില്ലാത്ത കേവലം ഒരു പൂപ്പലിന് പ്രത്യേക ഭ്രമണ ശീലമുള്ള തൻമാത്രകളെ അറിയാനുള്ള കഴിവ് എങ്ങനെ ലഭിച്ചു?

പ്രകൃതിയിലെ ചിറാലിറ്റിയുടെ അത്ഭുതകഥകൾ ഇവിടെ അവസാനിക്കുന്നില്ല. അത് ആരംഭിക്കുന്നതേയുള്ളൂ. ലൂയിസ് പാസ്ചറുടെ കാലം മുതൽ ആരംഭിച്ച ചിറാലിറ്റിയെ സംബന്ധിച്ച ഗവേഷണങ്ങൾക്ക് വമ്പിച്ച പുരോഗതിയുണ്ടായിട്ടുണ്ട്. അതിന്റെ ഫലമായി അമ്പരപ്പിക്കുന്ന നിരവധി ഉദാഹരണങ്ങൾ വെളിച്ചത്ത് വരികയുണ്ടായി. അതായത് വിവിധ തരത്തിലുള്ള ജീവിവർഗ്ഗങ്ങൾക്ക് വീഴ്ചകൂടാതെ ചിറാലിറ്റി കണ്ടെത്താൻ കഴിയുന്നു എന്ന സത്യമായിരുന്നു അത്.

ഇപ്പോൾ ഭൗതികാസ്തിത്വത്തിന്റെ എല്ലാ തലത്തിലും ചിറാലിറ്റിയുടെ പ്രവർത്തനം കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ എങ്ങനെ എന്തുകൊണ്ട് അവ ഇപ്രകാരം ഭ്രമണം ചെയ്യുന്നു എന്ന കാര്യം ഇത് വരെ ഗ്രഹിക്കാൻ സാധിച്ചിട്ടില്ല. അടിസ്ഥാനകണങ്ങളുടെ (Elementary Particles)പ്രതിപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് അടിസ്ഥാന ബലങ്ങളാണെന്നും(Elementary Forces) അതുകൊണ്ടാണ് സമമിതി നില നിർത്താൻ (Parity Conservation) കഴിയുന്നതെന്നുമായിരുന്നു 1957 വരെ വിശ്വസിച്ചിരുന്നത്. ഇതിന്റെ ലളിതമായ അർത്ഥം എല്ലാ കണങ്ങൾക്കും പ്രാഥമിക തലത്തിൽ ചിറാൽ സമമിതി (Chiral-Symmetry) ഉണ്ട് എന്നായിരുന്നു. 1957ൽ കൊളംബിയാ യൂണിവേഴ്സിറ്റിയിലെ ചിയാങ്ങ് ഷിയുങ്ങ് വൂ(Chien-shiung wu)യുംഅവരുടെ സഹപ്രവർത്തകരും ചേർന്ന് റേഡിയോ പ്രസരണം നടത്തുന്ന ന്യൂക്ലിയസിൽ നിന്ന് വരുന്ന ബിറ്റാ കണങ്ങൾ(Beta Particles) ചിറാൽ സമമിതി പ്രദർശിപ്പിക്കുന്നില്ല എന്ന് കണ്ടെത്തുകയുണ്ടായി. ഇടത് സ്പിന്നുള്ള(Left handed) ഇലക്ട്രോണുകൾ വലത് സ്പിന്നുള്ള ഇലക്ട്രോണു(Right handed) കളേക്കാൾ അധികമുണ്ട്. ഏറ്റവും സൂക്ഷ്മകണങ്ങളായ ന്യൂട്രിനോകളും (Neutrino)* ആന്റി ന്യൂട്രിനോകളും 'Anti Neutrieno' വൈദ്യുതപരമായി നിർഗുണമാണെ

*ന്യൂട്രിനോ(Neutrino): പദാർത്ഥത്തിന്റെ ഏറ്റവും സൂക്ഷ്മമായ ഒരു കണമാണ് ന്യൂട്രിനോ. വൈദ്യുതപരമായി ചാർജ്ജില്ലാത്ത ന്യൂട്രിനോ ഏറെക്കുറെ ഭാരരഹിതമാണ്. ഈ സൂക്ഷ്മകണത്തിന് പദാർത്ഥത്തിനകത്ത് കൂടെ അനായാസം കടന്നു പോകാൻ സാധിക്കും. സൂര്യനിലെ ആണവപ്രവർത്തനങ്ങളിൽ ധാരാളം ന്യൂട്രിനോകൾ ജനിക്കുന്നുണ്ട്. (വിവ:)

ന്നും, പ്രകാശത്തിന്റെ വേഗത്തിൽ സഞ്ചരിക്കുന്നുവെന്നും നിശ്ചിതമായ ഒരു സ്വയം ഭ്രമണം പാലിക്കുന്നുവെന്നും പിന്നീട് കണ്ടെത്തുകയുണ്ടായി. ഇടത് പാർശ്വത്തിലേക്ക് ഭ്രമണം ചെയ്യാൻ കൂടുതൽ ഇഷ്ടപ്പെടുന്ന ഇലക്ട്രോണിനെ അപേക്ഷിച്ച് ആന്റി ന്യൂട്രിനോകൾ എപ്പോഴും വലത് പാർശ്വത്തേക്ക് തിരിയാനുള്ള പ്രവണതയാണ് കാണിക്കുന്നത്. അസ്തിത്വത്തിന്റെ അടിസ്ഥാന തലങ്ങളിൽ പോലും ചിറാൽ സമമിതിയെ(Chiral Symmetry) പോലെ ചിറാൽ അസമമിതിയും(Chiral Asymmetry) നിലനിന്നു എന്ന് ആർക്കും അറിഞ്ഞുകൂടായിരുന്നു.

ഇത് സംബന്ധിച്ച് നിരവധി തിസീസുകൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, സൂക്ഷ്മതലത്തിൽ പരിശോധിക്കുമ്പോൾ അവയെല്ലാം അസംബന്ധങ്ങളായിട്ടാണ് കാണപ്പെടുന്നത്. എന്തായിരുന്നാലും പ്രകൃതിയിലെ ചിറാലിറ്റിയെ സംബന്ധിച്ച സമസ്യക്ക് വളരെ പ്രാഥമികമായിട്ടാണെങ്കിലും സാധ്യമായ ഒരു ഉത്തരം ശാസ്ത്രജ്ഞൻമാർ മുന്നോട്ടു വെച്ചതായി കാണുന്നു. ഈ അവസ്ഥയിൽ അത് സ്വീകരിക്കപ്പെടാനോ നിരീക്ഷിക്കപ്പെടാനോ കഴിയാത്തവിധം സാങ്കൽപികമാണ്. ഡോക്ടർ അബ്ദുസ്സലാം, സ്റ്റീവൻ വൈൻബർഗ്, ഷെൻഡൻ ഗ്ലാസ്ഗോ എന്നിവർ ചേർന്ന് ആദ്യമായി ഒരു സിദ്ധാന്തവുമായി ബന്ധപ്പെടുത്തിയാണ് ഇത് മുന്നോട്ടു വെച്ചത്. വിദ്യുത് കാന്തികബലവും ദുർബല ബലവും ഏകീകരിച്ചു കൊണ്ടുള്ള ആ സിദ്ധാന്തം 1960 ലായിരുന്നു മുന്നോട്ടു വെച്ചത്. ആ സിദ്ധാന്തം സമമിതി പാലിക്കാത്ത ഒരു പുതിയ ദുർബല വിദ്യുത് ബലത്തെപറ്റി പ്രവചിച്ചു. ഈ അസമമിതി(Disparity)യാണ് ആന്റി ന്യൂട്രിനോയുടെ വലത് പാർശ്വ കറക്കത്തിനും ന്യൂട്രിനോയുടെ ഇടത് പാർശ്വക്കറക്കത്തിനും അതുപോലെ ഇലക്ട്രോണുകളുടെ കറക്കത്തിനും കാരണമാവുന്നതെന്ന് ശാസ്ത്രജ്ഞൻമാർ പറയുന്നു. എന്നാൽ ചിറാലിറ്റിയുടെ എല്ലാ തലത്തിലും ഇടത് വലത് പാർശ്വ കറക്കത്തിന് കാരണമാവുന്നത് ഈ ദുർബല വിദ്യുത് ബലമാണെന്ന് ശാസ്ത്രജ്ഞൻമാർ കരുതുന്നില്ല. ഈ രണ്ട് പാർശ്വീയ കറക്കങ്ങളുടേയും വ്യത്യാസങ്ങൾ ചിലപ്പോൾ ശാസ്ത്രജ്ഞൻമാരെ അമ്പരിപ്പിക്കാറുണ്ട്. പ്രത്യേകിച്ച് ജൈവ പരിണാമത്തിൽ അവ നിർവ്വഹിച്ച പങ്കിനെപ്പറ്റി പഠിക്കുമ്പോൾ അവർ അത്ഭുതപ്പെടുന്നു. പ്രശ്നം കൂടുതൽ സങ്കീർണ്ണമാവുന്നത് ഇങ്ങനെയാണ്. അതായത് ഒരേ രാസസൂത്രമുള്ള പദാർത്ഥത്തിന്റെ തന്നെ, വലത് പാർശ്വ ചംക്രമണവും ഇടത് പാർശ്വ ചംക്രമണവുമുള്ള രണ്ട് ഘടകങ്ങൾ തികച്ചും വ്യത്യസ്ത രീതികളിലൂടെയാണ് ജീവനെ സ്വാധീനിക്കുന്നത്. ചില വിസ്മയകരമായ ഉദാഹരണങ്ങൾ താഴെ ചേർക്കാം.

ലിമോനീൻ(Limonene)സംയുക്തം ഓറഞ്ചിലും ചെറുനാരങ്ങയിലും കാണാവുന്നതാണ്. അവയുടെ രാസഘടനയിൽ ചെറിയ ഒരു വ്യത്യാസം പോലും കാണാൻ സാധ്യമല്ല. പക്ഷേ, ഓറഞ്ചിൽ കാണുന്ന ലിമോനിന്റെ തൻമാത്ര കറക്കവും ചെറുനാരങ്ങയിൽ കാണുന്ന ലിമോനിന്റെ തൻമാത്ര കറക്കവും തമ്മിൽ വ്യത്യാസമുണ്ട്. അവ രണ്ടും പരസ്പരം വിപരീത ദിശകളിലായിട്ടാണ് ഭ്രമണം ചെയ്യുന്നത്. ഓറഞ്ചിലെ ലിമോനിൻ തൻമാത്ര എപ്പോഴും ഇടത് പാർശ്വത്തിലേക്ക് കറങ്ങുമ്പോൾ ചെറുനാരങ്ങയിലെ ലിമോനിൻ തൻമാത്ര വലത് പാർശ്വത്തേക്കാണ് കറങ്ങുന്നത്. ഭൂമിയിൽ എങ്ങനെയാണ് ഓറഞ്ചും ചെറുനാരങ്ങയും തങ്ങൾക്ക് വേണ്ട പ്രത്യേക കറക്കമുള്ള ലിമോനിനെ തിരഞ്ഞെടുക്കുന്നത്? അവ രണ്ടിന്റെയും വ്യത്യസ്ത ഗുണങ്ങൾക്ക് കാരണം ലിമോനിൻ തൻമാത്രയുടെ പ്രത്യേക രീതിയിലുള്ള കറക്കം മാത്രമാണ്. വീണ്ടും ഊന്നിപ്പറയേണ്ടിവരുന്ന ഒരു സംഗതി ഇടത് പാർശ്വ കറക്ക തൻമാത്രകളും, വലത് പാർശ്വ കറക്ക തൻമാത്രകളുമുള്ള ലിമോനിന്റെ രാസഘടനക്കും ഭൗതിക ഗുണത്തിനും യാതൊരു വ്യത്യാസവുമില്ല എന്നതാണ്. എങ്ങനെയാണ് ഓറഞ്ചിലെ തൻമാത്രയുടെ വ്യത്യസ്തമായ ഈ കറക്കം വ്യത്യസ്തവാസനകളായി മനുഷ്യന്റെ ഘ്രാണേന്ദ്രിയത്തിലെ നാഡികൾക്ക് (Olfactory Nerves) വേർതിരിച്ചറിയാൻ സാധിക്കുന്നത്. ഇത് അത്ഭുതകരമായ കാര്യം തന്നെയാണ്. തീർച്ചയായും അതിന് പിന്നിൽ ചില കാരണങ്ങളുണ്ട്. പക്ഷേ, നമുക്കത് ഇതുവരെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല എന്ന് മാത്രം.

മനുഷ്യ ജീവിതവുമായി ബന്ധപ്പെട്ട് ചിറാലിറ്റിയുടെ മറ്റൊരു സ്വാധീനം അൽപം അശുഭത്വമുള്ളതാണ്. ഗർഭിണികൾക്കുണ്ടാകുന്ന ഗർഭഛർദ്ദി(Morning Sickness) എന്ന രോഗത്തിന് ചികിത്സിക്കാൻ വേണ്ടി ഒരു മരുന്നുകമ്പനി 1963ൽ കണ്ടെത്തിയ മരുന്നായിരുന്നു താലിഡോമൈഡ്(Thalidomide). ഈ മരുന്നിന്റെ ഉപയോഗത്തോടനുബന്ധിച്ചാണ് ചിറാലിറ്റിയുടെ സ്വാധീനം ശ്രദ്ധയിൽപ്പെട്ടത്. പല രോഗികൾക്കും രോഗം ഭേദമായി. എന്നാൽ, ചില രോഗിക്കുള്ളിൽ അത് അപകടമുണ്ടാക്കുകയും ചെയ്തു. താലിഡോമൈഡ് എന്ന ഈ മരുന്ന് ഉപയോഗിച്ച് ചികിത്സിച്ച പല സ്ത്രീകൾക്കും പിറന്ന കുഞ്ഞുങ്ങൾക്ക് പല ജന്മജാത വൈകല്യങ്ങളുമുള്ളതായി കാണാൻ കഴിഞ്ഞു. പിന്നീട് നടന്ന ഊർജ്ജിതമായ അന്വേഷണത്തിൽ നിന്ന് ഒരുകാര്യം വ്യക്തമായി. താലിഡോമൈഡിൻ നിർമ്മിച്ചിരുന്ന മരുന്ന്കമ്പനി അശ്രദ്ധമായി ഒരേ ഫോർമുല ഉപയോഗിച്ചു തന്നെ രണ്ട് രീതിയിൽ താലിഡോമൈഡ് ഉണ്ടാക്കുകയുണ്ടായി. ഒരു രീതിയിൽ ഉണ്ടാക്കിയ മരുന്നിലെ തൻമാത്രകൾ ഒരേ ദിശയിൽ കറങ്ങുമ്പോൾ മറ്റേത് എതിർ ദിശയിലും കറങ്ങുന്നു. ഒരു രീതിയിൽ

നിർമ്മിച്ച മരുന്ന് ഗർഭഛർദ്ദി രോഗത്തിന് ശമനം നൽകുകയും ഗർഭസ്ഥശിശുവിന് യാതൊരു അപകടവും വരുത്തിയില്ല. മറ്റൊരു രീതിയിൽ നിർമ്മിച്ച മരുന്ന് ഗർഭഛർദ്ദി രോഗം മാറുന്നതിന് പകരം ശർഭസ്ഥ ശിശുവിന് ജന്മജാതവൈകല്യങ്ങൾ സമ്മാനിക്കുകയാണ് ചെയ്തത്. ഈ മരുന്ന് കഴിച്ചതിന്റെ ഏറ്റവും ഗുരുതരമായ പാർശ്വഫലം ശിശുവിന്റെ താഴത്തെ അവയവങ്ങൾക്കുണ്ടായ രൂപ വൈകല്യങ്ങളാണ്.

ഇങ്ങനെ സ്വയം ഭ്രമണത്താൽ നിർണ്ണയിക്കപ്പെടുന്ന കാര്യങ്ങൾക്ക് മറ്റൊരുദാഹരണം ജീവന്റെ ഏറ്റവും അടിസ്ഥാന തലത്തിൽ കാണപ്പെടുന്നു. അവിടെ ഒരു വശത്തേക്കുള്ള കറക്കം അല്ലെങ്കിൽ മറ്റൊരു വശത്തേക്കുള്ള കറക്കം തിരഞ്ഞെടുക്കുന്നതായി കാണപ്പെടുന്നു. പ്രാഥമിക ജീവദ്രാവകത്തിൽ (Primordial soup) നൂറുക്കണക്കിന് സ്വതന്ത്ര അമിനോ അമ്ലങ്ങൾ നിലനിന്നിരുന്നു. അതിൽ നിന്നാണ് ജീവന്റെ അടിസ്ഥാന ഘടകങ്ങളായ പ്രോട്ടീൻ(DNA, RNA)സൃഷ്ടിക്കപ്പെട്ടത്. പ്രകൃതി ഇതിൽ നിന്ന് ഇരുപത് അമിനോ അമ്ലങ്ങളെമാത്രമാണ് തെരഞ്ഞെടുത്തത്. അവയെല്ലാം ഇടത് പാർശ്വഭ്രമണമുള്ളവയുമായിരുന്നു!

പഞ്ചസാര നിർമ്മിക്കാനുള്ള തൻമാത്രകൾ തിരഞ്ഞെടുക്കുമ്പോൾ ഈ തിരഞ്ഞെടുപ്പ് നേർ വിപരീതമാവുന്നു.എല്ലാ ജീവിരൂപങ്ങൾക്കും ഊർജ്ജം നൽകുന്ന നാല് വ്യത്യസ്ത രൂപങ്ങളിലുള്ള പഞ്ചസാരയുടെ തൻമാത്രകളും വലത് പാർശ്വഭ്രമണമുള്ളവയാണ്. ഇതിനർത്ഥം കരിമ്പ്, ബീറ്റ്റൂട്ട്, പഴങ്ങൾ മുതലായവയിലെ ജീവന് ആവശ്യം വരുന്ന പ്രകൃതിദത്തമായ എല്ലാ പഞ്ചസാരയും വലത് പാർശ്വഭ്രമണമുള്ളവയാണ് എന്നാണ്.

സംഗതി അങ്ങനെയാണെങ്കിലും ഇടത് പാർശ്വഭ്രമണമുള്ള തൻമാത്രകൾ മാത്രം ഉൾക്കൊള്ളുന്ന കൃത്രിമ പഞ്ചസാരയുടെ നിർമ്മാണത്തിന് വിജയകരമായ ഒരു പരീക്ഷണം കുറച്ച് വർഷങ്ങൾക്ക് മുമ്പേ നടത്തുകയുണ്ടായി. പഞ്ചസാരയുടെ അതേ രുചിയും, രാസഗുണങ്ങളും, പാചക ഗുണങ്ങളുമായിരുന്നു ഈ ഇടത് പാർശ്വഭ്രമണ തൻമാത്രകളാൽ നിർമ്മിക്കപ്പെട്ട പഞ്ചസാരക്കുമുണ്ടായിരുന്നത്. പക്ഷേ ഈ കൃത്രിമ പഞ്ചസാരയെ മനുഷ്യന്റെ ദഹനവ്യവസ്ഥ പാടെ തള്ളിക്കളഞ്ഞു. ഒരൊറ്റ തൻമാത്ര പോലും സ്വാംശീകരിക്കപ്പെട്ടില്ല. ഇത് ഇടത്, പാർശ്വഭ്രമണമുള്ള പഞ്ചസാരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മാണത്തെപ്പറ്റി വിചിത്ര ചിന്തക്ക് ജന്മം നൽകി. ഇത് പ്രമേഹ രോഗികളുടെ ഗുണത്തിന് മാത്രമല്ല തീറ്റപ്രിയൻമാരുടേയും ഭക്ഷണാസ്വാദകരുടെയും സന്തോഷത്തിന് വേണ്ടിയുമായിരുന്നു. അവർക്ക് ഒരു മൺകൂനയുടെയത്രയെങ്കിലും കൊഴുപ്പ് കൂടുമെന്ന് ഭയപ്പെടാതെ ഒരു പർവ്വതത്തിന്റെയത്ര പഞ്ചസാര കഴിക്കാം. കീറാമുട്ടിയെന്താണെന്ന് വെച്ചാൽ ഇടത് പാർശ്വഭ്രമണമുള്ള തൻമാത്രകളടങ്ങിയ പഞ്ചസാര നിർമ്മിക്കാനുള്ള ചിലവ് ആ ഉദ്യമത്തെ തടഞ്ഞു നിറുത്തുന്നു എന്നത് മാത്രമാണ്. ഒരു പർവ്വതത്തിന്റെയത്ര പണം ചെലവഴിച്ചെങ്കിൽ മാത്രമേ ഒരു മൺകൂനയുടെയത്ര അത്തരം പഞ്ചസാര ലഭ്യമാകൂ. എണ്ണപ്പണക്കൂമ്പാരത്തിനു മീതെ ഇരിക്കുന്ന എണ്ണരാജാക്കൻമാർക്ക് മാത്രമേ അത്തരം ആഡംബരങ്ങളുടെ ചെലവ് വഹിക്കാൻ സാധ്യമാവൂ.

മറ്റു പല രീതികളിലും നിർബന്ധപൂർവ്വമുള്ള ഇടത് വലത് പരിഗണനകൾ നമുക്ക് പ്രത്യക്ഷത്തിൽ കാണാൻ സാധിക്കുന്നതാണ്. മിക്ക ആളുകളും പ്രവൃത്തിയിൽ വലംകൈയ്യൻമാരാണ്. അപ്രകാരം ഹൃദയവും കരളും സാർവ്വത്രികമായി യഥാക്രമം ഇടത്തും വലത്തുമായിട്ടാണ് കാണപ്പെടുന്നത്. തീർച്ചയായും അപൂർവ്വം വ്യക്തികളിൽ ഇത് മറിച്ചായിരിക്കും. റോജർ. എ ഹെഗ്സ്റോവും, ദിലീപ് കെ. കോണ്ടി പുഡിയും ചേർന്ന് 1990 ജനുവരി ലക്കം *Scientific America* യിൽ എഴുതിയ *The Handectmess of Universe* (പ്രപഞ്ചത്തിന്റെ പാർശ്വീയത) എന്ന ലേഖനത്തിൽ പ്രകൃതിയിലെ നിരവധി പാർശ്വീയ പ്രതിഭാസങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. അവയുടെ പാർശ്വത്തിന്റെ തിരഞ്ഞെടുപ്പിന് പ്രത്യക്ഷമായ യാതൊരു കാരണവും അവർക്ക് കാണാൻ കഴിഞ്ഞിട്ടില്ല. കൂടുതൽ ആളുകളെ വലംകൈയ്യന്മാരായി കാണുന്നു എന്നതിന് അവർക്ക് യാതൊരു കാരണവും കണ്ടെത്താൻ സാധ്യമായിട്ടില്ല.

> ....എന്തുകൊണ്ടാണ് വലംകൈയ്യന്മാരും ഇടം കൈയ്യന്മാരും തുല്യ എണ്ണത്തിൽ ജനിക്കാത്തത്.

പാർശ്വീയതയുടെ കാര്യത്തിലുള്ള എന്തെങ്കിലും പ്രവണത തിരഞ്ഞെടുക്കുക എന്നത് മനുഷ്യവർഗ്ഗത്തിന്റെ വിശേഷാധികാരത്തിൽപ്പെട്ടതല്ല.

മൃഗങ്ങളിലും സസ്യങ്ങളിലും കാണുന്ന പാർശ്വീയതയെപ്പറ്റി അവർ എഴുതുന്നു:

> ഭൂമദ്ധ്യ രേഖയുടെ ഇരുഭാഗങ്ങളിലും വലംപിരിശംഖുകളാണ് അധികവും കാണപ്പെടുന്നത്. ഈ വലത് പാർശ്വീയതയിൽ മുന്നിട്ടു നിൽക്കുന്ന ജീവികളുടെ കൂട്ടത്തിൽ ഇടത് പാർശ്വക്കാർ നിൽക്കുന്നത് മ്യൂട്ടേഷന്റെ (ജനിതക പരമായ പരിവർത്തനം) ഫലമായിട്ടാണ്. അത് നൂറിൽ ഒന്നായോ, ദശലക്ഷത്തിൽ ഒന്നായോ ജീവിവർഗ്ഗത്തിന്റെ പ്രത്യേകതയനുസരിച്ച് കാണപ്പെടുന്നു. ഇടതിന്റെ എതിര് വലത് എന്ന നിലക്കാണ്. ഇത് വ്യക്തമായും പാർശ്വീയതയെപ്പറ്റിയാണ്.

പല ഖുർആനിക വചനങ്ങളിലും ഇടതിനേക്കാൾ വലതിന് ബോധപൂർവ്വം ഇഷ്ട പ്രാമുഖ്യം നൽകിയതായികാണാം. ദൈനംദിന മതകാര്യങ്ങളിൽ ഇടതിന് പകരം വലതിന് പ്രാമുഖ്യം നൽകണമെന്ന് വിശ്വാസികളോട് നിർദ്ദേശിക്കാൻ ഈ വചനങ്ങളിലൂടെ നബി തിരുമേനി (സ) മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. നബി തിരുമേനി (സ)യുടെ സുസ്ഥാപിതമായ ചര്യയനുസരിച്ച് എല്ലാ നല്ല കാര്യങ്ങളും എപ്പോഴും വലത് ഭാഗത്ത് നിന്നോ വലത് കൈകൊണ്ടോ ആരംഭിക്കണമെന്നാണ്. ഉദാഹരണത്തിന് വിശ്വാസികളോട് പ്രാർത്ഥനക്കായി അംഗശുദ്ധി വരുത്താൻ നിർദ്ദേശിച്ചപ്പോൾ വലത് കൈയാണ് ആദ്യം കഴുകേണ്ടതെന്ന് തിരുമേനി (സ) കൽപിച്ചു. പാദരക്ഷ ധരിക്കുമ്പോൾ ആദ്യം വലത് കാലിൽ അണിയണം. സദ്യക്ക് ക്ഷണിക്കപ്പെട്ട ബഹുമാന്യനായ അതിഥി ആതിഥേയന്റെ വലത് ഭാഗത്തിരിക്കണം. ഒരു മുസ്‌ലിം കുഞ്ഞ് പിറന്നാൽ അതിന്റെ വലത് ചെവിയിൽ ബാങ്ക് വിളിക്കണം. തക്ബീർ ഇടത് ചെവയിൽ ഓതുന്നതിന് മുമ്പേ ഇത് നിർവ്വഹിച്ചിരിക്കണം. അത്തരം അദ്ധ്യാപനങ്ങൾ വെറും യാദൃച്ഛികമല്ല. അതിന് സൂക്ഷ്മമായ പ്രത്യേക തലങ്ങളുണ്ട്. നബി തിരുമേനി(സ)യുടെ ഇത്തരത്തിലുള്ള അദ്ധ്യാപനങ്ങൾ കൊണ്ടും അവിടത്തെത്തന്നെ മാതൃക കൊണ്ടും നല്ല വസ്തുക്കൾ സ്പർശിക്കാനും എടുക്കാനും മുസ്‌ലിംകൾ എപ്പോഴും വലത് കൈയ്യാണ് ഉപയോഗിക്കുന്നത്. മറ്റു കാര്യങ്ങൾ ചെയ്യാൻ ഇടത് കൈയ്യും ഉപയോഗിക്കുന്നു. അതിനാൽ ഒരു മുസ്‌ലിം മറ്റുള്ളവരുമായി ഹസ്തദാനം ചെയ്യുമ്പോൾ അപരനും അപ്രകാരം ചെയ്യുമെന്ന നിറഞ്ഞ പ്രതീക്ഷയിൽ ശുദ്ധമായ വലത് കൈയാണ് നീട്ടുന്നത്.

ഇത്തരത്തിലുള്ള അദ്ധ്യാപനങ്ങൾ വ്യക്തമായും സൂചിപ്പിക്കുന്നത് പാർശ്വീയതയെ സംബന്ധിച്ച മതപരവും സാമൂഹികവുമായ സങ്കൽപം ഇസ്‌ലാമിൽ ബോധപൂർവ്വം തന്നെ നടപ്പാക്കിയതാണെന്നാണ്. മനുഷ്യ വംശത്തിന്റെ ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങളിൽ 'വലത്പക്ഷക്കാർ' എന്നും 'ഇടത് പക്ഷക്കാർ' എന്നുമുള്ള സംജ്ഞകൾ ഈ അർത്ഥത്തിലാണ് ഉപയോഗിച്ചിട്ടുള്ളത്. സമകാലീന ലോകത്ത് രാഷ്ട്രീയമായും സാമ്പത്തികമായുമുള്ള വിഭജനങ്ങൾ ഇടത് വലത് പക്ഷ തത്ത്വശാസ്ത്രങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇത് മനുഷ്യ വംശത്തിന്റെ ഭാവിയെ സംബന്ധിച്ച് ഖുർആൻ പറഞ്ഞ പ്രവചനത്തോട് തുലനപ്പെടുത്തിയുള്ള വിഭജനങ്ങളാണ്.

മറ്റു വെളിപാടു മതങ്ങൾ പാർശ്വീയതയെക്കുറിച്ച് ഒന്ന് പരാമർശിക്കുക പോലും ചെയ്യാത്തപ്പോൾ, ഇസ്‌ലാം മാത്രം എന്തുകൊണ്ട് പാർശ്വീയതക്ക് ശക്തമായ ഊന്നൽ നൽകി?

ഈ ചോദ്യത്തിനുള്ള ഉത്തരമിതാണ്. ഒരു കാര്യം നല്ലത് പോലെ മനസ്സിലാക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ ഉദയത്തോടെ മറ്റെല്ലാ മതങ്ങളുടെയും കാലം അസ്തമിച്ചിരിക്കുന്നു. ധ്രുവീയത(Polarity), പാർശ്വീയത എന്നീ പ്രവണതകളെപ്പറ്റിയുള്ള അറിവോ അതിന് മനുഷ്യ വ്യവഹാരങ്ങളിലുള്ള പങ്കോ ഇസ്‌ലാമിന് മുമ്പേയുള്ള കാലത്തെ ജനതകളിൽ ഉണ്ടായിരുന്നില്ല. സാധാരണ പൊതു വ്യവഹാരങ്ങളിൽ ധ്രുവീയത, പാർശ്വിയത എന്നീ സംജ്ഞകൾ ഉപയോഗിക്കുന്ന ഒരു ജനതയെയാണ് ഇസ്‌ലാം അഭിസംബോധന ചെയ്യുന്നത്.

ഈ വീക്ഷണകോണിൽ നോക്കുമ്പോൾ ദൈനംദിന ജീവിതചര്യകളിലും പെരുമാറ്റങ്ങളിലും പാർശ്വീയതയെപ്പറ്റി പറഞ്ഞ കാര്യങ്ങൾ പ്രവചനപരം കൂടിയായിരുന്നു. പാർശ്വീയതക്ക് പുതിയ അഗാധമായ അർത്ഥങ്ങളും മാനങ്ങളും കൈവരിക്കുന്ന ഒരു കാലത്തെപ്പറ്റി ഖുർആൻ മനുഷ്യനെ കാലേക്കൂട്ടി ജാഗ്രതപ്പെടുത്തുകയായിരുന്നു. ഇതായിരുന്നു വാസ്തവത്തിൽ സംഭവിക്കേണ്ടിയിരുന്നത്. അക്കാലത്തെമനുഷ്യർക്ക് ഇത് സംബന്ധിച്ച് അല്പം കാര്യങ്ങൾ അറിഞ്ഞിരിക്കും. എന്നാൽ, രാഷ്ട്രീയവും സാമ്പത്തികവുമായ രംഗത്തെ പാർശ്വീയതയെക്കുറിച്ച് മാത്രമല്ല മുൻകാലങ്ങളിൽ ഊഹിക്കാൻ കൂടി കഴിയാത്ത വിധം പാർശ്വീയതക്ക് ഇക്കാലത്ത് ശാസ്ത്ര രംഗത്തും പ്രാധാന്യം കൈവന്നിരിക്കുന്നു.

*(വിവ: എ.എം)*

**പേജ് 9 ൽ നിന്ന് തുടർച്ച**

മുമ്പാകെ ആവേശോജ്ജ്വലമായ പ്രഭാഷണം നടത്തി. അല്ലാഹു മുസ്‌ലിംകൾക്ക് വിജയം നല്കി. ഹദ്റത്ത് ഉമർ(റ) സിറിയ വഴി ജാബിയയിലെത്തിയിട്ടേ ഉണ്ടായിരുന്നുള്ളൂ,അവിടെ വച്ചു തന്നെ വിജയവാർത്ത ലഭിച്ചു. അങ്ങനെ മദീനയിലേക്കു തന്നെ തിരിച്ചു. ഗനീമത്തുമുതലിൽ കൂഫക്കാരെയും ഉൾപ്പെടുത്താൻ അദ്ദേഹം നിർദേശം നൽകി. ഈ വിജയം കഴിഞ്ഞ് മൂന്നുവർഷങ്ങൾക്കു ശേഷം ഹിജ്‌രി 20ന് ഹെറാക്ലിയസ്സ് മരണമടഞ്ഞു.

ഹുസൂർ തിരുമനസ്സ് (അയ്യദഹുല്ലാഹ്), ഹദ്റത്ത് ഉമർ(റ)ന്റെ പരാമർശം ഇനിയും തുടരുന്നതാണെന്ന് അറിയിച്ച ശേഷം കാനഡയിൽ താമസിച്ചിരുന്ന ബഹുമാനപ്പെട്ട ചൗധരി സഈദ് അഹ്മദ് ലഖൻ സാഹിബ് റിട്ടയർഡ് സ്റ്റേഷൻ മാസ്റ്റർ, ബഹുമാന്യ ശഹാബുദ്ദീൻ സാഹിബ് നാഇബ് നാഷണൽ അമീർ ബംഗ്ലാദേശ്, ബഹുമാന്യ റാഉൽ അബ്ദുല്ലാഹ് സാഹിബ് എന്നിവരെ അനുസ്മരിക്കുകയും പരേതരുടെ മഗ്ഫിറത്തിനും പദവികളുടെ ഉയർച്ചക്കും വേണ്ടി ദുആ ചെയ്യുകയും അവരുടെ ജനാസാ ഗാഇബ് നമസ്കരിപ്പിക്കുന്നതാണെന്ന് വിളംബരപ്പെടുത്തുകയും ചെയ്തു.

വിശുദ്ധ ഖുർആനും സമുദ്ര ശാസ്ത്രം - 5

# സമുദ്രാന്തർയാനങ്ങൾ

കടലിന്നടിയിലെ വിസ്മയങ്ങൾ കണ്ടെത്താനും ചരിത്ര പഠനത്തിന്നും ചാരപ്രവർത്തനങ്ങൾക്കും യുദ്ധങ്ങൾക്കും സർവ്വോപരി വിനോദത്തിനും വേണ്ടി സമുദ്രാന്തർ യാനങ്ങളെ ഉപയോഗപ്പെടുത്തുന്നു.

**എ. എം. മുഹമ്മദ് സലീം**



ആകാശത്ത് പക്ഷിയെപോലെ പറക്കാനും ജലത്തിൽ മത്സ്യത്തെ പോലെ നീന്താനും മനുഷ്യൻ ആഗ്രഹിച്ചിരുന്നു. 1903 ൽ റൈറ്റ് സഹോദരന്മാർ വിമാനം കണ്ടു പിടിച്ചതോടെ ആകാശത്ത് പറക്കാനുള്ള മനുഷ്യരുടെ മോഹം സഫലമായി. സമുദ്രാന്തർ ഭാഗം അപ്പോഴും മനുഷ്യന് അഗമ്യ ദുർഗ്ഗമായി തുടർന്നു. ജലാന്തർ ഭാഗത്ത് മീനിനെ പോലെ സ്വൈര്യ വിഹാരം നടത്താൻ പിന്നെയും നാല് പതിറ്റാണ്ടോളം മനുഷ്യന്ന് കാത്തിരിക്കേണ്ടി വന്നു. ജലത്തിനടിയിൽ യാതൊരു സഹായോപകരണങ്ങളുമില്ലാതെ ശ്വാസം പിടിച്ച് മുങ്ങാംകുഴിയിടുന്ന മുങ്ങൽക്കാരന്ന് (Skindiver) പരമാവധി 50 മീറ്റർ ആഴത്തിൽ ഏതാനും മിനുറ്റുകൾ മാത്രമേ നിൽക്കാൻ സാധിക്കൂ. 1943 ൽ കണ്ടു പിടിച്ച സ്കൂബ എന്ന് വിളിക്കപ്പെടുന്ന അക്വാലാങ്ങ് (ജലശ്വസനി)എന്ന ഉപകരണത്തിന്റെ സഹായത്തോടെയാണ് മനുഷ്യന് മത്സ്യത്തെപോലെ സമുദ്രത്തിൽ നീന്തി നടക്കാൻ പറ്റിയത്. സ്ക്യൂബ (SCUBA) എന്നത് Self-Contained Underwater Breathing Apparatus എന്നതിന്റെ ചുരുക്കപ്പേരാണ്. പേരിൽ നിന്നു തന്നെ ഉപകരണത്തിന്റെ സ്വഭാവം വ്യക്തമാണ്. ശ്വസനത്തിന് വാൽവ് ഘടിപ്പിച്ച ഓക്സിജൻ സിലിണ്ടറും, കാലിൽ മത്സ്യത്തിനുള്ളത് പോലെയുള്ള ചിറകുകൾ ഘടിപ്പിച്ചിട്ടുള്ളതും മണിക്കൂറുകളോളം വെള്ളത്തിന്നടിയിൽ നീന്തി സഞ്ചരിക്കാൻ കഴിയുന്ന ഉപകരണവുമാണിത്. പല തരത്തിലുള്ള ഗവേഷണത്തിന്നും കപ്പലുകളുടെ റിപ്പയറിന്നും കടൽത്തറയിൽ സർവ്വേയും ഖനനവും നടത്താനും കേബിൾ വിന്യസിക്കാനും ചാര പ്രവർത്തനങ്ങൾക്കും സർവ്വോപരി വിനോദത്തിന്നുമാണ് സ്കൂബ ഉപയോഗിക്കുന്നത്.

### ജലാന്തർ യാനങ്ങൾ

**സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ.....അതിൽ (സമുദ്ര ജലത്തിൽ) പിളർന്നോടുന്ന കപ്പലുകൾ (ഫുൽക മവാഖിറഫീഹി) നിനക്ക് കാണാം. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുന്നതിന്നും നന്ദി കാണിക്കുന്നതിന്നും വേണ്ടി. (അന്നൽ 16 :15)**

മീറ്റർ കണക്കിനു വലുപ്പമുള്ളതും ടൺകണക്കിനു ഭാരമുള്ളതുമായ പടുകൂറ്റൻ ബ്ലേഡുകളുള്ള സ്ക്രൂ പ്രൊപ്പലുകൾ ഉപയോഗിച്ചാണ് കപ്പലുകൾ സഞ്ചരിക്കുന്നത്. ജലത്തെ പിളർന്ന് മർദ്ദ വ്യത്യാസം വരുത്തിയാണ് പ്രൊപ്പല്ലറുകൾ വൻ കപ്പലുകളെ ചലിപ്പിക്കുന്നത്. ‘അതിൽ (സമുദ്ര ജലത്തിൽ) പിളർന്നോടുന്ന കപ്പലുകൾ (**ഫുൽക മവാഖിറഫീഹി**) നിനക്ക് കാണാം എന്ന ഖുർആന്റെ പ്രയോഗം ശ്രദ്ധേയമാണ്. പ്രൊപ്പൽഷൻ സംവിധാനമുള്ള ആധുനിക കപ്പലുകൾക്ക് പുറമെ ജലത്തെ പിളർന്നോടുക എന്ന പ്രയോഗം മുങ്ങിക്കപ്പലുകൾക്കും സബ്മേഴ്സിബിൾ ക്രാഫ്റ്റുകൾക്കും ഏറ്റ

വും അനുയോജ്യമാണ്. കപ്പലുകളും മുങ്ങിക്കപ്പലുകളും ജലത്തെ പിളർന്നോടുന്ന കപ്പൽ തന്നെയാണ്.


ആർക്കിമിഡീസിന്റെ തത്വമനുസരിച്ചാണ് ഒരു അന്തർവാഹിനി രൂപകൽപ്പന ചെയ്യുന്നത്. അതായത് ഒരു അന്തർവാഹിനി മുങ്ങിയും പൊങ്ങിയും സഞ്ചരിക്കുന്നത് അതിലെ ഒഴിഞ്ഞ ടാങ്കിൽ ജലം നിറച്ചും ജലശൂന്യമാക്കിയുമാണ്. ഒരു സബ് മറൈൻ വെള്ളത്തിൽ മുങ്ങിനിൽക്കുമ്പോൾ അതിന്ന് നിൽക്കാനാവശ്യമായ സ്ഥലത്ത് നിന്ന് പുറംതള്ളുന്ന ജലത്തിന്റെ ഭാരത്തേക്കാൾ അധികമാവാൻ പാടില്ല. എങ്കിൽ മാത്രമേ അന്തർവാഹിനിക്ക് ഉപരിതലത്തിലേക്ക് പൊങ്ങിവരാൻ സാധിക്കൂ. അന്തർവാഹിനിയിലെ കാതലായ ബല്ലാസ്റ്റ് ടാങ്കിൽ വെള്ളം കയറ്റിയും കാലിയാക്കിയുമാണ് ഇത് സാദ്ധ്യമാക്കുന്നത്. ഇപ്പോൾ അതിസാന്ദ്രവാതകങ്ങളും ഇതിന്നായി ഉപയോഗിക്കുന്നു. മുങ്ങിക്കപ്പലുകൾ അഥവാ സബ്മറൈനുകൾ നിർമ്മിക്കാനുള്ള മനുഷ്യന്റെ ശ്രമങ്ങൾ നൂറ്റാണ്ടുകൾക്കു മുമ്പ് ആരംഭിച്ചതാണെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലാണ് മുങ്ങിക്കപ്പലുകൽ കുറ്റമറ്റ നിലയിൽ നിർമ്മിക്കപ്പെട്ടത്. മുങ്ങികപ്പലുകൾ നാവിക ചരിത്രത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവിനെയാണ് സൂചിപ്പിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ജോൺപോൾ എന്ന ഡച്ചുകാരനാണ് റീ ചാർജ്ജ് ചെയ്യാവുന്ന ബാറ്ററി ഉപയോഗിച്ച് മുങ്ങിക്കപ്പലുകൾ നിർമ്മിച്ചത്. ഖുർആൻ വിവരിച്ചത് പോലെ കരയിലും കടലിലും നാശവും ആക്രമണവും വ്യാപിച്ച നാളുകളിലാണ് മുങ്ങിക്കപ്പലുകൾക്ക് പിന്നീടുണ്ടായ പരിഷ്ക്കരണങ്ങളെല്ലാം ഉണ്ടായത്. അതായത് യുദ്ധാവശ്യങ്ങൾ മുന്നിൽ കണ്ടു കൊണ്ടുള്ളതാണ് ആ പരിഷ്ക്കാരങ്ങൾ അധികവും. രണ്ടാം ലോക മഹായുദ്ധകാലത്ത് ശത്രുവിന്റെ നാവിക കപ്പൽ പടയെ നശിപ്പിക്കാൻ ജർമ്മനി വികസിപ്പിച്ചെടുത്ത യു ബോട്ടുകൾ (U Boat) ആണ് സബ്മറൈനുകളെ ലോക പ്രശസ്തമാക്കിയത്. അമേരിക്ക നിർമ്മിച്ച പടുകൂറ്റൻ മുങ്ങിക്കപ്പലുകൾ നോർട്ടിലസ് 1955 ലാണ് നീറ്റിലിറക്കിയത്. അണുശക്തികൊണ്ട് പ്രവർത്തിക്കുന്ന നോട്ടിലസ് ഒരിക്കൽ മുങ്ങിയാൽ മാസങ്ങളോളം ജലാന്തർഭാഗത്ത് സഞ്ചരിക്കാൻ കഴിഞ്ഞിരുന്നു അതിന്ന് ശേഷം നൂറുക്കണക്കിന്ന് സബ്മറൈനുകൾ ഓരോ രാജ്യത്തും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ടോർപ്പിഡോകൾ, മൈനുകൾ ആന്റിഷിപ്പ് ക്രൂയിസ് മിസൈൽ, ബാലിസ്റ്റിക്ക് മിസൈൽ എന്നിവ വഹിച്ച് കള്ളനെ പോലെ കടലിൽ സഞ്ചരിക്കുന്ന സബ്മറൈനുകൾ അധികവും യുദ്ധാവശ്യങ്ങൾക്ക് വേണ്ടിയുള്ളതാണ്. എന്നാൽ സമുദ്രാന്തർ ഭാഗങ്ങളിൽ മാസങ്ങളോളം താമസിച്ച് ഗവേഷണവും പഠനങ്ങളും വിഭവാന്വേഷണങ്ങളും അതിന്റെ ഉപയോഗ സാദ്ധ്യതകളും ആരായുന്ന സബ്മറൈനുകളുടെ കാലവും ആരംഭിച്ചിരിക്കുന്നു. നാവിക രംഗത്തെ ഏറ്റവും ആധുനികമായ സബ്മേഴ്സിബിൾ ക്രാഫ്റ്റ് (Submersible Craft) എന്ന് അറിയപ്പെടുന്ന ജലാന്തർവാഹനങ്ങളുടെ തലമുറയും രംഗപ്രവേശനം ചെയ്തിരിക്കുന്നു. ജലത്തിന്നടിയിൽ സഞ്ചരിക്കുന്ന വാഹനങ്ങളെ പറ്റി വിശുദ്ധ ഖുർആനിൽ പരാമർശമുണ്ട്

## ദൃഷ്ടാന്തങ്ങൾ തേടി ജലാന്തർ യാനങ്ങൾ

**അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങൾക്ക് കാണിച്ചു തരുന്നതിന് വേണ്ടി അവന്റെ അനുഗ്രഹത്തോടുകൂടി സമുദ്രത്തിൽ കപ്പലുകൾ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ? അത്യധികം സഹനം കൈകൊള്ളുന്നവരും കൂടുതൽ കൃതജ്ഞതയുള്ളവരുമായ എല്ലാവർക്കും തീർച്ചയായും ഇതിൽ വളരെയധികം ദൃഷ്ടാന്തങ്ങളുണ്ട്. (31:32)**

സമുദ്രം വിഭവങ്ങളുടെ അക്ഷയ ഖനിയാണ്. അത് പോലെ മനുഷ്യ ചരിത്രത്തിലെ സഞ്ചാര പാതകൂടിയാണ് സമുദ്രം. വിഭവങ്ങളും ചരിത്രവും തേടി മനുഷ്യന് ഗവേഷണങ്ങളും കണ്ടെത്തലുകളും, നടത്താൻ കഴിയുന്ന നിഗൂഢ മേഖലകൂടിയാണ് സമുദ്രം. സമുദ്ര ഗവേഷണങ്ങൾക്ക് ഉപയുക്തമായ ജലാന്തർ വാഹനങ്ങളുടെ (Submersible Craft) പുതിയ തലമുറ രംഗപ്രവേശനം ചെയ്തിരിക്കുന്നു. മുങ്ങിക്കപ്പലിനെ അപേക്ഷിച്ച് രണ്ടോ മൂന്നോ പേർക്ക് ഇരിക്കാവുന്ന ചെറിയ സ്വയം നിയന്ത്രിത വാഹന മായിട്ടാണ് ജലാന്തർ വാഹനങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.


1934 ൽ ന്യൂയോർക്കിലെ സുവോളജിക്കൽ സൊസൈറ്റി



രൂപകൽപ്പന ചെയ്ത ബേത്തിസ് ഫിയർ (Bathysphere) എന്ന ജലാന്തർയാനമാണ് പരീക്ഷണാർത്ഥം ആദ്യം സമുദ്രയാത്ര സംഘടിപ്പിച്ചത്. അഗാധ ഗോളം എന്നർത്ഥം വരുന്ന ബേത്തിസ് ഫിയർ മേൽഭാഗം സുതാര്യമായ ക്വാർട്സ് കൊണ്ട് നിർമ്മിച്ച ഒരു ഉരുക്കു ഗോളമായിരുന്നു. ബേത്തിസ് ഫിയർ തികച്ചും സ്വതന്ത്രമായിരുന്നില്ല. ഒരു മാതൃകപ്പലിൽ ഉരുക്കു കമ്പികളെകൊണ്ടും വൈദ്യുതി ടെലിഫോൺ കേബിളുകൾ കൊണ്ടും പൊക്കിൾ കൊടിപോലെ ബന്ധിക്കപ്പെട്ട ഒരു പുത്രികാ വാഹനമായിരുന്നു അത്. കപ്പലിനടിയിൽ നിന്ന് ആയിരം മീറ്റർ വരെ താഴ്ന്നു ചെന്ന് നിരീക്ഷണ പരീക്ഷണങ്ങൾ നടത്താനും ഫോട്ടോ എടുക്കാനും ബേത്തീസ് ഫിയറിനു സാധിച്ചു. ഒരു പ്രഥമ സംരംഭം എന്ന നിലക്ക് ബേത്തീസ് ഫിയർ എന്ന ജലാന്തർയാനം ഏറെ ശ്രദ്ധിക്കപ്പെട്ടു. ബേത്തീസ് ഫിയറിന്റെ രണ്ടാം തലമുറയിലെ സമുദ്രാന്തർയാനമായിരുന്നു ബേത്തീസ് കഫേ. മാതൃ കപ്പലില്ലാതെ സ്വയം ചലനശേഷിയായിരുന്നു അതിന്റെ സവിശേഷത. അഗാതതയിലേക്ക് ആഴ്ന്നിറങ്ങാൻ ഉരുക്ക് കട്ടകളും തിരിച്ച് ഉപരിതലത്തിലേക്ക് വരാൻ ഗസോലിൽ പോലെയുള്ള നേർത്ത പദാർത്ഥങ്ങൾ നിറച്ച പ്ലവകങ്ങളും ഉപയോഗിച്ചുകൊണ്ടാണ് കീഴ്പ്പോട്ടും മേലോട്ടുമുള്ള സഞ്ചാരം നിയന്ത്രിച്ചത്.

ട്രീസ്റ്റ് എന്ന ഇറ്റാലിയൻ നഗരത്തിൽ നിർമ്മിക്കപ്പെട്ട ട്രീസ്റ്റെ എന്ന സമുദ്രാന്തർ യാനമാണ് ലോകത്തിലെ ഏറ്റവും കൗതുകകരമായ ഒരു ദൗത്യം നിർവ്വഹിച്ചത്. ഭൂമിയിലെ ഏറ്റവും ആഴമേറിയ സ്ഥലം എന്നറിയപ്പെടുന്ന പസഫിക്ക് സമുദ്രത്തിലെ മറിയാന ട്രഞ്ച് സന്ദർശനം നടത്താനുള്ള നിയോഗമായിരുന്നു ട്രീസ്റ്റെ എന്ന സബ്മേഴ്സിബിൽ ക്രാഫ്റ്റ് ഏറ്റെടുത്തത്. പതിനൊന്ന് കിലോമീറ്റർ ആഴമുള്ള മറിയാനാ ട്രഞ്ചിൽ ഭൂമിയിലെ ഏറ്റവും വലിയ കൊടുമുടിയായ ഏകദേശം 9 കിലോമീറ്റർ (8,848.86 മീറ്റർ) ഉയരമുള്ള എവറസ്റ്റ് താഴ്ത്തിയാൽ അതിന്റെ ശിഖരം കാണാൻ കടലിന്നടിയിലേക്ക് രണ്ട് കിലോമീറ്റർ കൂടി സഞ്ചരിക്കണം. അത്രക്ക് അഗാധമാണ് മറിയാനാ ട്രഞ്ച്. ഓരോ 10 മീറ്റർ പോകുന്തോറും ഒന്ന് എന്ന തോതിൽ അന്തരീക്ഷ മർദ്ദം വർദ്ധിച്ചു വരുന്നു. മറിയാനാക്കയത്തിന്റെ അടിയിൽ നമ്മുടെ അന്തരീക്ഷ മർദ്ദ ത്തിന്റെ ആയിരം മടങ്ങ് കൂടുതലാണ് മർദ്ദം. ഇത്രമർദ്ദം സഹിക്കാനുള്ള ശേഷി ട്രീസ്റ്റെ യാനത്തിനുണ്ടാ യിരുന്നു. സമുദ്രാന്തർയാനങ്ങളിൽ ആൽവിന്റെ യാനത്തിന്നുള്ളയത്ര പ്രശസ്തി മറ്റൊന്നിന്നുമില്ല. 1912 ൽ ഇംഗ്ലണ്ടിൽ നിന്നും ന്യൂയോർക്കിലേക്ക് പുറപ്പെട്ട ടൈറ്റാനിക്ക് എന്ന ആഢംബര കപ്പൽ പശ്ചിമ അറ്റ്ലാന്റിക്ക് സമുദ്രത്തിൽ വെച്ച് ഒരു ഹിമക്കട്ടയിൽ തട്ടി ആയിരത്തി അഞ്ഞൂറ് യാത്രക്കാരോടൊപ്പം തകർന്നു കപ്പൽഛേദമുണ്ടായി. കടലിന്റെ അഗാധതകളിലേക്ക് മുങ്ങിപ്പോയ സംഭവം ആധുനിക കപ്പൽ ഗതാഗത ചരിത്രത്തിലെ ദുരന്തവും ഇതിഹാസവുമാണ്. അറ്റ്ലാന്റിക്ക് സമുദ്രത്തിലെ നാല് കിലോമീറ്റർ അടിത്തട്ടിലുള്ള കടൽതറയിലെ നിതാന്ത നിശബ്ദതയിലും കൂരാകൂരിരുട്ടിലും കൊടുംതണുപ്പിൽ ഒരു ശോക സ്മൃതി പോലെ കിടക്കുന്ന ടൈറ്റാനിക്, ആൽവിൻ എന്ന സമുദ്രന്താർയാനം 1985 ൽ നിരവധി അലച്ചിലുകളുടെ ഒടുവിൽ കണ്ടെത്തുകയുണ്ടായി. ടൈറ്റാനിക്ക് എന്ന പ്രശസ്തമായ ഇംഗ്ലീഷ് ചലച്ചിത്രം ഈ കണ്ടുപിടുത്തത്തെ തുടർന്നാണ് നിർമ്മിക്കപ്പെട്ടത്.

ആൽവിന്റെ മറ്റൊരു സുപ്രധാന ദൗത്യം കടലിൽ നിന്നും ഒരു ഹൈഡ്രജൻ ബോംബ് കണ്ടെത്തിയതായിരുന്നു. കോളിളക്കം സൃഷ്ടിച്ച ആ സംഭവം ഇങ്ങനെയായിരുന്നു. 1966 ൽ മെഡിറ്ററേനിയൻ കടലിന് മുകളിൽ സ്പെയിൻ തീരത്തു വെച്ച് രണ്ട് അമേരിക്കൻ യുദ്ധ വിമാനങ്ങൾ തമ്മിൽ കൂട്ടിയിടിച്ച് തകരുകയുണ്ടായി. ഇതിലൊന്ന് നിർവീര്യമാക്കപ്പെട്ട നാല് ഹൈഡ്രജൻ ബോംബുകൾ വഹിച്ച ബി 52 വിമാനങ്ങളായിരുന്നു. ആ വിമാനത്തിലുണ്ടായിരുന്ന മറ്റു രണ്ട് ബോംബ്കളും കരയിലാണ് വീണത്. അത് കണ്ടെടുക്കുകയുണ്ടായി. എന്നാൽ ഒരു ബോംബ് വീണത് സ്പെയിനിനരികെയുള്ള മെഡിറ്ററേനിയൻ കടലിലായിരുന്നു. ജനങ്ങളും മാദ്ധ്യമങ്ങളും ഇതിനെതിരെ ആവർത്തിച്ച് കോലാഹലങ്ങളും കോളിളക്കങ്ങളും അഴിച്ചു വിട്ടു. അവസാനം നഷ്ടപ്പെട്ട ആ ബോംബ് ആൽവിൻ എന്ന ജലാന്തർയാനം മെഡിറ്ററേനി യൻ കടലിൽ നിന്നും വീണ്ടെടു ത്തത് ജനങ്ങൾക്ക് ആശ്വാസമരുളി.



### മറൈൻ ആർക്കിയോളജി

**അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങൾക്ക് കാണിച്ചു**



**തരുന്നതിന് വേണ്ടി അവന്റെ അനുഗ്രഹത്തോടുകൂടി സമുദ്രത്തിൽ കപ്പലുകൾ സഞ്ചരിക്കുന്നത് നീ കണ്ടില്ലേ? (31:32)**

ജലാന്തർയാനങ്ങൾ പുരാവസ്തു ശാസ്ത്രത്തിന് നൽകുന്ന സംഭാവനകൾ നിസ്തുലമാണ്. **'അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ചിലത് നിങ്ങൾക്ക് കാണിച്ചു തരുവാൻ വേണ്ടി'** എന്ന ഖുർആന്റെ പ്രയോഗം ശ്രദ്ധേയമാണ്. മനുഷ്യനുമായി ബന്ധപ്പെട്ട് സമുദ്രത്തിലോ നദികളിലോ കായലുകളിലോ വെള്ളത്തിന്നടിയിൽ മൂടപ്പെട്ടു കിടക്കുന്ന ചരിത്ര വസ്തുക്കളെ പറ്റിയുള്ള അന്വേഷണമാണ് മറൈൻ ആർക്കിയോളജി. പുരാതന കാലത്തും സമീപകാലത്തും സംഭവിച്ച കപ്പൽഛേദങ്ങളുടെ അവശിഷ്ടങ്ങൾ പുരാവസ്തു എന്ന നിലക്ക് കണ്ടെടുക്കലും ഈ വിജ്ഞാന ശാഖയുടെ പരിധിയിൽ വരുന്നതാണ്. ഇപ്പോൾ ചരിത്രത്തിൽ ഒരു പ്രത്യേക പഠനവിഭാഗമായി മറൈൻ ആർക്കിയോളജി വികസിച്ചിരിക്കുന്നു.

കടൽ തീരത്തുള്ള ജനവാസ കേന്ദ്രങ്ങൾ കടൽക്കയറി നശിച്ചു പോയതിന്റെ കഥകൾ ഇതിഹാസങ്ങളിലും പുരാണങ്ങളിലും കാണാം. മനുഷ്യ പ്രവർത്തനങ്ങളുടെ പുരാവസ്തുപരമായ അടയാളങ്ങൾ തീർച്ചയായും വെള്ളം കയറിക്കിടക്കുന്ന അവിടങ്ങളിൽ ഗവേഷണങ്ങളിലൂടെ കണ്ടെത്താവുന്നതാണ്. അത്തരത്തിൽ നമ്മുടെ ഭാരതത്തിൽ കടൽ വിഴുങ്ങിയ പ്രസിദ്ധമായ ഒരു നഗരമാണ് ദ്വാരക. മഹാഭാരതത്തിലെ മുസല പർവ്വത്തിലും പുരാണങ്ങളിലും പരാമർശിക്കപ്പെട്ട ദ്വാരക മഹാത്മാ ശ്രീകൃഷ്ണൻ തന്റെ അവതാര ലക്ഷ്യം പൂർത്തിയാക്കി വൈകുണ്ഡത്തിലേക്ക് പോയസ്ഥലമാണ്. മുനിശാപമേറ്റ യദുകുലം തമ്മിൽ തല്ലി നശിക്കുകയും ദ്വാരക നഗരം സമുദ്രത്തിൽ മുങ്ങി എന്നുമാണ് ഇതിഹാസ പുരാണങ്ങളിൽ പറയുന്നത്. ശ്രീകൃഷ്ണന്റെ രാജധാനി ഇവിടെയായിരുന്നു എന്നാണ് വിശ്വാസം. ഗുജറാത്തിലെ ജാംനഗർ ജില്ലയിലെ പ്രധാന പട്ടണമാണ് ദ്വാരക. പൗരാണിക ഭാരതത്തിലെ ഏഴു പ്രധാന പട്ടണങ്ങളിലൊന്നായാണ് ദ്വാരകയെ കണക്കാക്കുന്നത്. കടലിൽ മുങ്ങിയ ദ്വാരകയുടെ അവശിഷ്ടങ്ങൾ കണ്ടെത്തുന്നതിന്ന് അവിടെ ഒരു സമുദ്ര മ്യൂസിയം നിർമ്മിക്കാൻ കേന്ദ്ര ഗവർമെന്റിന്ന് പദ്ധതിയുണ്ട്. കരയോട് ചേർന്നുള്ള സമുദ്രാന്തർ ഭാഗത്ത് നിന്നും കണ്ടെത്തിയ നിർമാണാവശിഷ്ടങ്ങൾ ദ്വാരകയുടെതാണ് എന്നും അവകാശപ്പെടുന്നുണ്ട്. ഏതായാലും ഭാരതത്തിലെ മഹാനായ ഈ അദ്ധ്യാത്മിക പുരുഷനെ പറ്റി പുരാണേതിഹാസങ്ങളിൽ വിവരിക്കപ്പെട്ട കാര്യങ്ങൾ സമുദ്ര പുരാവസ്തു ശാസ്ത്രം സന്നിഗ്ദതകളില്ലാതെ തെളിയിക്കുമാറാകട്ടെ. ആയിരക്കണക്കിന്ന് കിലോ മീറ്ററുകൾ ചുറ്റളവുള്ള ഇന്ത്യൻ കടൽ തീരങ്ങളിൽ കരയോടടുത്ത കടലിൽ മുങ്ങിപ്പോയ ചരിത്ര സമാരകങ്ങളും നിരവധി കപ്പൽ ഛേദങ്ങളും ഉണ്ടാവാനിടയുള്ള ഒരിടമാണ്. ഇത് പോലെയുള്ള സമുദ്ര ഗവേഷണങ്ങൾക്ക് സാദ്ധ്യതകളുള്ള ഒരു ചരിത്ര കേദാരമാണ് ഇന്ത്യൻ തീരങ്ങൾ. ഈ രംഗത്ത് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയും (ASI) നാഷണൽ ഇൻസിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫിയും (NIO) അണ്ടർ വാട്ടർ ആർക്കിയോളജി വിങ്ങും. (UAW) ഈ രംഗത്ത് ഗവേഷണ സംരംഭങ്ങൾ നടത്തി വരികയാണ്.

പുരാതനകാലത്ത് വിജയിച്ച സാമ്രാജ്യ ശക്തികളും നാഗരികതകളും സമുദ്ര സഞ്ചാരത്തിന്റെ വഴികളും വാണിജ്യ വാതങ്ങളെ സംബന്ധിച്ച വിവരങ്ങൾ അറിഞ്ഞ വരുമായിരുന്നു. അവർക്ക് നല്ല സമുദ്രയാനങ്ങളും നല്ല നാവികരുമുണ്ടായിരുന്നു. കരയിൽ വാഹനങ്ങൾക്ക് സഞ്ചരിക്കാനുള്ള നിരത്തുകളോ മോട്ടോർ വാഹനങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് തടസ്സങ്ങളില്ലാതെ സഞ്ചരിക്കാൻ ഏറ്റവും അനുയോജ്യമായ മാർഗ്ഗം സമുദ്ര പാതകളായിരുന്നു. പുരാതനകാലത്ത് റോമക്കാരും മദ്ധ്യകാലഘട്ടത്തിൽ അറബികളും ആധുനിക കാലഘട്ടത്തിൽ ബ്രിട്ടൻ, നെതർലന്റ്സ്, ഡെന്മാർക്ക്, പോർച്ചുഗൽ, സ്പെയിൻ മുതലായ രാജ്യങ്ങളും കടൽയാത്രയിൽ മികച്ചു നിൽക്കുകയുണ്ടായി. പാശ്ചാത്യ ശക്തികൾ അവരുടെ സാമ്രാജ്യത്വ വികസനത്തിന്ന് സമുദ്രയാത്രകളാണ് ആധാരമാക്കിയത്. ഇവരുടെയെല്ലാം സമുദ്ര യാത്രകളുടെ അടയാളങ്ങൾ ഈ വഴികളിലുള്ള കപ്പൽ യാത്രപഥങ്ങളിൽ പതിഞ്ഞു കിടക്കുന്നുണ്ടാകാം.

ചരിത്രാതീതകാലത്തോ ചരിത്ര കാലഘട്ടത്തിലോ ആധുനിക കാലത്തോ കപ്പൽ ഛേദം സംഭവിച്ച്

**ശേഷം പേജ് 24 ൽ**

# പ്രകൃതിക്ഷോഭങ്ങൾ എന്ത്കൊണ്ട്?

പ്രകൃതി ഒരു സന്തുലിത വ്യവസ്ഥയനുസരിച്ചാണ് പ്രവർത്തിക്കുന്നത്. മനുഷ്യന്റെ ഇടപെടൽ കാരണം ഈ സന്തുലനം തെറ്റാറുണ്ട്. അത് വീണ്ടെടുക്കാനുള്ള പ്രകൃതിയുടെ ശ്രമമാണ് പ്രകൃതിക്ഷോഭങ്ങൾ. മനുഷ്യൻ വ്യവസ്ഥാപിത ധാർമിക നിയമങ്ങൾ ലംഘിക്കുമ്പോഴും പ്രകൃതി ക്ഷോഭങ്ങൾ ഉണ്ടാവുന്നതായി അനുഭവം സാക്ഷ്യപ്പെടുത്തുന്നു.

അബൂ റിസ്‌വാൻ

കാലവസ്ഥ വിജ്ഞാനീയം (Climatology) എന്നത് ചലനാത്മകവും ചഞ്ചലവുമായ നിരവധി ഭൗമ ഘടകങ്ങളുടെ പഠനമാണ്. കാലവസ്ഥ സംബന്ധമായ കാര്യങ്ങൾ വിശദമാക്കാനാവശ്യമായ മലയാള പദങ്ങളുടെ അപര്യാപ്ത ഈ ശാസ്ത്രശാഖക്ക് സാധാരണക്കാർക്കിടയിൽ ചില അവ്യക്തത കളുണ്ടാക്കുന്നുണ്ട്. ഉദാഹരണത്തിന് ഇംഗ്ലീഷിൽ Climate, Weather എന്നീ പദങ്ങൾ അന്തരീക്ഷത്തിന്റെ ദീർഘവും ഹൃസ്വവുമായ രണ്ട് അവസ്ഥകളെ സൂചിപ്പിക്കാനാണ് പ്രയോഗിക്കുന്നത്. മലയാളത്തിൽ പലപ്പോഴും രണ്ടവസ്ഥക്കും കലാവസ്ഥ എന്ന ഒരൊറ്റ പദമാണ് ഉപയോഗിക്കാറ്. വാസ്തവത്തിൽ ഒരു സ്ഥലത്തെ ദീർഘകാലത്തെ സ്ഥിരമായ അന്തരീക്ഷത്തിന്റെ ഭൗതികാവസ്ഥയെ സൂചിപ്പിക്കാനാണ് ക്ലൈമറ്റ് (Climate) എന്ന പദം ഉപയോഗിക്കാറ്. അതായത് ഒരു സ്ഥലത്തെ ശരാശരി ഭൗതികാവസ്ഥ, ഭൂമിയുടെ ചരിവും ചലനവും ആകൃതിയും മൂലമുണ്ടാകുന്ന സൂര്യപ്രകാശത്തിന്റെ അളവ് ഭേദങ്ങൾ, സമുദ്രവുമായുള്ള സാമീപ്യം, സമുദ്രത്തിനകത്തെ ചൂടും തണുപ്പുമുള്ള ജലപ്രവാഹങ്ങൾ, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം ഭൂമദ്ധ്യരേഖയിൽ നിന്നുള്ള അകലം, മലകളും സമതലങ്ങളുമുണ്ടാക്കുന്ന ഭൂതലത്തിലെ ഉയർച്ചതാഴ്ച്ചകൾ, പർവ്വതങ്ങളുടെ സാന്നിദ്ധ്യം, കാറ്റിന്റെ ഗതിവേഗങ്ങൾ മുതലായവയാണ് ക്ലൈമറ്റ് അഥവാ കാലവസ്ഥ രൂപപ്പെടുത്തുന്ന സ്ഥിരസ്വഭാവമുള്ള ഘടകങ്ങൾ. എന്നാൽ വെതർ (Weather – അന്തരീക്ഷസ്ഥിതി) അസ്ഥിരവും നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമാണ്. അത് കുറഞ്ഞ കാലത്തേക്കുള്ള അന്തരീക്ഷാവസ്ഥയെ സൂചിപ്പിക്കുന്നു. മഴ, മഞ്ഞ്, താപനില, അന്തരീക്ഷത്തിലുണ്ടാകുന്ന ന്യൂനമർദ്ദം, മേഘാവരണം, കാറ്റ് തുടങ്ങിയ ഘടകങ്ങളെല്ലാം സൃഷ്ടിക്കുന്ന അന്തരീക്ഷാവസ്ഥയാണ് ഇത്. ഏതാനും മിനുട്ട് മുതൽ പരമാവധി ഒരു മാസം വരെയുള്ള വേഗത്തിലുള്ളതും ചലനാത്മകവുമായ അന്തീക്ഷ വ്യതിയാനങ്ങളെ സൂചിപ്പിക്കാനാണ് വെതർ എന്ന പദം ഉപയോഗിക്കുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ ഈ രണ്ട് അന്തരീക്ഷാവസ്ഥയേയും പ്രതിഭാസത്തെയും സൂചിപ്പിക്കാൻ മലയാളത്തിൽ കാലാവസ്ഥ എന്ന ഒരൊറ്റ പദം മാത്രമേ ഉള്ളൂ. അതുപോലെ വെതർ ഫോർകാസ്റ്റിങ്ങ് Weather Forcasting എന്നതിന്ന് കാലാവസ്ഥ പ്രവചനം എന്ന പദത്തിലെ ചഞ്ചലാവസ്ഥ സൂചിപ്പിക്കാനുതകുന്നതല്ല.

### കാലാവസ്ഥ പ്രക്ഷുബ്ധമാവുന്നതെന്ത് കൊണ്ട്?

സ്ഥിരതയുള്ള കാലാവസ്ഥ സംന്തുലനാവസ്ഥയിൽ നിന്നും ഭിന്നമായി പ്രക്ഷുബ്ധമായി പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാവുന്നത് എന്തകൊണ്ട്? ഇതിന്ന് മനുഷ്യകരങ്ങളുടെ പങ്ക് നിർണ്ണായകമാണ്. ഭൂമിയുടെ കാലവസ്ഥയെ പ്രക്ഷുബ്ധമാക്കുന്ന ഘടകങ്ങളെ രണ്ടായി തരം തിരിക്കാവുന്നതാണ്. ഒന്ന് മനുഷ്യകൃതം (Anthropogenic) രണ്ടാമത്തേത് പ്രകൃതിപരം (Natural). ഭൂമിയിലേക്ക് കടന്നുവരുന്ന സൂര്യപ്രകാശത്തിന്റെയും ഊർജ്ജത്തിന്റ്യും സ്വാഭാവിക പ്രവർത്തനത്തെ ബാധിക്കുന്ന രീതിയിൽ അന്തരീക്ഷത്തിന്റെ ഘടന മനുഷ്യൻ മാറ്റിമറിക്കുന്നതാണ് മനുഷ്യകൃത കാരണങ്ങൾ. ഇപ്പോഴത്തെ നിരന്തരമായ പ്രകൃതിക്ഷോഭങ്ങ

ൾക്ക് ഒരു പ്രധാന കാരണം അതാണ്. മനുഷ്യകരങ്ങൾക്ക് അതീതമായ ഭൗമികവും ഗോളാന്തരീയവും പ്രാപഞ്ചികവുമായ പ്രതിഭാസങ്ങളും ഭൗമപ്രകൃതിയുടെ സംന്തുലനാവസ്ഥയെ ബാധിക്കുകയും പ്രക്ഷുബ്ധമാക്കുകയും ചെയ്യുന്നു. പക്ഷേ അത് പ്രകൃതിയുടെ സ്വാഭാവിക പരിണാമത്തിന്റെ ഭാഗമാണ്. ഇങ്ങനെ രണ്ട് വിധത്തിലും പ്രകൃതിക്ഷോഭങ്ങൾ സംഭവിക്കുന്നു. വാസ്തവത്തിൽ ഈ അസന്തുലിതാവസ്ഥ വീണ്ടെടുക്കാനുള്ള പ്രകൃതിയുടെ ശ്രമത്തിന്റെ ഭാഗമാണ് പ്രക്ഷുബ്ധാവസ്ഥ. അഥവാ പ്രകൃതിക്ഷോഭങ്ങൾ. 250 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച് വ്യവസായ വത്ക്കരണത്തിന് ശേഷമുണ്ടായ അന്തരീക്ഷ പഠനങ്ങൾ ഇത് തെളിയിക്കുന്നു. ദൈവം ബുദ്ധി തന്ന മനുഷ്യൻ പ്രകൃതിയിലുണ്ടാകുന്നതും അല്ലാത്തതുമായ നിയമങ്ങൾ മനസ്സിലാക്കുകയും അതിലുണ്ടാകുന്ന മാറ്റങ്ങൾ നേരത്തെ കണ്ടറിഞ്ഞ് രക്ഷാവഴികൾ കണ്ടെത്തുകയും വേണം. ഭൗമപ്രകൃതിയെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് ഗോളാന്തരീയമായ ഒരു സംവിധാനത്തിന്റെ ഭാഗമായാണ്. അത് മനുഷ്യൻ വിവേകപൂർവ്വം കൈകാര്യം ചെയ്യണമെന്നാണ് വിശുദ്ധ ഖുർആന്റെ കൽപ്പന. അല്ലാഹു പറയുന്നു: ***ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം (മീസാൻ) സ്ഥാപിക്കുകയും ചെയ്തു. നിങ്ങൾ (ആ) സംന്തുലനത്തിൽ അതിക്രമം പ്രവർത്തിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവ്വം തുലനം നിലനിർത്തുക. അതിൽ കുറവ് വരുത്തരുത്. ഭൂമിയെ എല്ലാജീവജാലങ്ങൾക്ക് വേണ്ടിസൃഷ്ടിച്ചു*** *(55: 8-11)*

ഭൂമി മനുഷ്യന് വേണ്ടി മാത്രമല്ല എല്ലാ ജീവജാലങ്ങൾക്കും വേണ്ടിയാണ് സൃഷ്ടിച്ചു എന്ന വചനവും വളരെ ശ്രദ്ധേയമാണ്. അന്യജീവജാലങ്ങളുടെ അവകാശം അനുവദിച്ചുകൊണ്ടാണ് മനുഷ്യൻ ഭൂമിയിൽ ജീവിക്കേണ്ടത് എന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള വലിയ ഒരു സന്ദേശമാണ് ഖുർആൻ ഇവിടെ നൽകുന്നത്. മനുഷ്യന്റെ പ്രവർത്തനം മൂലം അന്തരീക്ഷത്തിന്റെ സന്തുലന വ്യവസ്ഥ തെറ്റുന്നു എന്നത് വളരെ സ്പഷ്ടമാണ്. ഇതാണ് ഇപ്പോഴുണ്ടാകുന്ന നിരന്തരമുള്ള പ്രകൃതിയുടെ ക്ഷോഭത്തിന്ന് മുഖ്യകാരണങ്ങളിലൊന്ന് എന്ന കാര്യവും വ്യക്തമാണ്. വാഹനങ്ങളിൽ ഉപയോഗിക്കുന്ന ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുമ്പോൾ വൻതോതിൽ അന്തരീക്ഷത്തിലേക്ക് പുറത്ത് വിടുന്ന കാർബൺ ഡയോക്സൈഡ്, ഇത് കൂടാതെ മീഥൈൻ നൈട്രസ് ഓക്സൈഡ്, ഓസോൺ, നീരാവി എന്നീ വാതകങ്ങളും അന്ത്രീക്ഷത്തിന്റെ അനുപാതവും താളക്രമവും തെറ്റിക്കുന്നു. ഭൂമിയിൽ പതിക്കുന്ന പ്രകാശ കിരണങ്ങൾ പ്രതിഫലിച്ച് അന്തരീക്ഷത്തിൽ നിന്ന് പുറത്ത് പോകാതെ അത് ഭൗമാന്തരീക്ഷത്തിൽ തന്നെ ആഗിരണം ചെയ്യപ്പെടുകയും ഭൂമിയുടെ അന്തരീക്ഷ താപം വർദ്ധിക്കുകയും ചെയ്യുന്നു. ഇതിന് ആഗോളതാപനം എന്ന് പറയുന്നത്. ഇതിന് കാരണം മേൽപറഞ്ഞ വാതകങ്ങളാണ്. ഹരിതഗൃഹ പ്രഭാവം (Greenhouse effect) എന്നാണ് ഈ പ്രതിഭാസം അറിയപ്പെടുന്നത്. തണുപ്പ് രാജ്യങ്ങളിൽ ചൂടുനിലനിർത്താൻ കൃഷിയിടങ്ങൾക്ക് മുകളിൽ ഒരു ആവരണമുണ്ടാക്കി ചൂട് നിലനിർത്തുന്ന രീതിയിൽ നിന്നാണ് ഹരിതഗൃഹ പ്രഭാവം എന്ന വിശേഷണം ഉണ്ടായത്. ഇങ്ങനെ ചൂടു കൂടിയ അന്തരീക്ഷം മൂലം ആവശ്യത്തിലധികം ഭൂമിയിലെ ജലം ബാഷ്പീകരിക്കപ്പെട്ട് മേഘങ്ങൾ രൂപീകരിക്കപ്പെടുന്നു. ചൂട് മൂലമുള്ള വായുപ്രവാഹത്തിന്റെ ഫലമായി ന്യൂനമർദ്ദത്തിന് കാരണമാകുകയും ചെയ്യുന്നു. ഇത് കാറ്റിന്റെ ഗതിക്രമം തെറ്റിക്കുകയും അന്തരീക്ഷത്തിന്റെ സംന്തുലനം തെറ്റി കാലാവസ്ഥ വ്യതിയാനം അതിവർഷവും വരൾച്ചയും കാലം തെറ്റിയുള്ള മഴയും ഉണ്ടാക്കുന്നു. അതുപോലെ തന്നെ വൻതോതിലുള്ള വനനശീകരണവും കാലാവസ്ഥയെ ബാധിക്കുന്നു. ഭൂമിയിലെ കാർബണ്ഡയോക്സൈഡ് ചെടികളും വൃക്ഷങ്ങളും ആഗിരണം ചെയ്ത് കാലവസ്ഥാ സംന്തുലനം നിലനിർത്താൻ സഹായിക്കുന്ന ഘടകങ്ങളാണ്. ഭൂമിയിലെ 70 ശതമാനം ജീവികളും വസിക്കുന്നത് കാടുകളിലാണ് വനനശീകരണത്തിലൂടെ അവയുടെ ആവാസ വ്യവസ്ഥ നഷ്ടപ്പെടുകയും ചെയ്യുന്നു. ഖുർആൻ പറയുന്നു: ***'മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അല്ലാഹു അവരെ അനുഭവിപ്പിക്കുന്നു.'*** *(30:42)*

പ്രകൃതിക്ഷോഭത്തിന്ന് തീർച്ചയായും മനുഷ്യകരങ്ങൾക്കതീതമായ പ്രകൃതിപരമായ കാരണങ്ങളുമുണ്ട്. സൂര്യനിൽ നിന്നുള്ള ഊർജ്ജപ്രവാഹമാണ് ഭൂമിയിലെ എല്ലാ കാലാവസ്ഥാ പ്രവർത്തനങ്ങൾക്കും ജൈവ പ്രവർത്തനങ്ങൾക്കും ആധാരം. അത് ചാക്രികമായി ഏറിയും കുറഞ്ഞുമിരിക്കും. അത് ഭൂമിയിൽ പ്രതിഫലിക്കുകയും ചെയ്യും. സൂര്യനും തമ്മിൽ ദശലക്ഷക്ക വർഷങ്ങളെടുത്ത് ഭ്രമണ വൃത്തത്തിലുണ്ടാകുന്ന മാറ്റങ്ങൾ സൂര്യനിലുണ്ടാകുന്ന ദൈനംദിന മാറ്റങ്ങൾ വരെ ഭൂമിയുടെ കാലവസ്ഥയെ ബാധിക്കുന്നു. സൂര്യനിൽ 11 വർഷങ്ങൾ കൂടുമ്പോൾ പ്രത്യക്ഷമാകുന്ന സൂര്യകളങ്കങ്ങൾ(Sunspots) എന്ന പ്രതിഭാസവും ഭൂമിയിലെ കാലാവസ്ഥയെ ഗണ്യമായി ബാധിക്കുന്നു. ***'സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ച് (സഞ്ചരിക്കുന്നു) ലതകളും വൃക്ഷങ്ങളും (അതിന്ന്) വഴങ്ങുന്നു.*** *(വിശുദ്ധ ഖുർആൻ 55: 6,7)* ഉദാഹരണത്തിന്ന് 1650 ന്നും 1850 ന്നും സൂര്യനിൽ നിന്നുമുള്ള ഉർജ്ജപ്രവാഹത്തിന്റെ

കുറവുമൂലം ഭൂമിയിൽ ഹ്യസ്വ കാലം നീണ്ടുനിൽക്കുന്ന ഒരു ഹിമകാലം (Little Ice Age) ആരംഭിച്ചിരുന്നു. വടക്കൻ ധ്യുവ ത്തോട് തൊട്ടുകിടക്കുന്ന ഗ്രീൻലാന്റിൽ വൻ തോതിൽ ഹിമരൂപീക രണത്തിന്ന് ഇത് കാരണമാകുകയും ആ രാജ്യം ഒറ്റപ്പെട്ടുപോകുകയും ചെയ്തു. ഇതിന്ന് വിപരീതമായി സൂര്യനിൽ നിന്നുള്ള ഊർജ്ജ പ്രവാഹം അധികരിക്കുന്നുവെങ്കിൽ ഭൂമിൽ ഉഷ്ണകാലവും തീവ്രമാകുന്നു.

## പ്രകൃതി ദുരന്തങ്ങൾ ദൈവ ശിക്ഷയോ?

പ്രകൃതി ഒരു സംന്തുലിത നിയമമനുസരിച്ചാണ് പ്രവർത്തിക്കുന്നത് എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അത് ലംഘിക്കും വിധം മനുഷ്യൻ ഇടപെടുമ്പോൾ പ്രകൃതി സംന്തുലനം നിലനിർത്താൻ പ്രക്ഷുബ്ധമാവുകയും ചെയ്യും. അത് മനുഷ്യന് നാശനഷ്ടങ്ങളുണ്ടാക്കുന്നു. പ്രകൃതി നിയമങ്ങൾ പോലെ ധാർമിക നിയമങ്ങൾക്കും ഇത് ബാധകമാണ്. ധാർമിക ലോകവും ഭൗതികലോകവും ഭരിക്കുന്നത് സ്രഷ്ടാവും പരിപാലകനുമായ അല്ലാഹുവാണ്. ദൈവിക ശിക്ഷയെ മനുഷ്യന്റെ രോഗാവസ്ഥയുമായി താരതമ്യം ചെയ്തു കൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് പറയുന്നത് (അ) കാണുക:

*'രോഗം എന്നാൽ ശരീരം സാധാരണ നിലയിൽ പ്രവർത്തിക്കാത്ത അവസ്ഥയാണ്. ആരോഗ്യം എന്നത് ശരീരത്തിന്റെ സ്വാഭാവിക വ്യവസ്ഥകൾ ഉചിതമായി പ്രവർത്തിക്കുന്ന അവസ്ഥയാണ്. ഒരു മനുഷ്യന്റെ കൈയ്യോ കാലോ മറ്റേതെങ്കിലും ഒരവയവത്തിനോ അതിന്റെ യഥാസ്ഥാനത്ത് നിന്നും വിസ്ഥാപനം സംഭവിക്കുകയാണെങ്കിൽ വേദന അനുഭപ്പെടുന്നു. ഈയൊരവസ്ഥ ദീർഘനാൾ നിലനിൽക്കുമ്പോൾ അയാളുടെ സ്ഥാനഭംഗം സംഭവിച്ച അവയവം ഉപയോഗശൂന്യമാവുമെന്ന് മാത്രമല്ല മറ്റവയവങ്ങളെയും അത് ബാധിക്കുന്നു. ഇത് തന്നെയാണ് ആത്മാവിന്റെ കാര്യത്തിലും സംഭവിക്കുന്നത്. ജീവിതത്തിന്റെ യഥാർത്ഥ സ്റോതസ്സായ ദൈവത്തിൽ നിന്നും അകലുകയും സത്യസന്ധമായ പ്രകൃതി മതത്തിൽ നിന്നും ബന്ധം വിഛേദിച്ച് അകലുകയുമാണെങ്കിൽ അയാൾ യാതനകൾ സഹിക്കേണ്ടിവരും. അയാളുടെ ഹൃദയം മരിക്കാതെ അതിന്റെ വേദന നിലനിർത്തുകയാണെങ്കിൽ അയാൾ തീഷ്ണമായ വേദന അനുഭവിക്കുന്നു. ഈയൊരവസ്ഥ പരിഷ്ക്കരണത്തിന് വിധേയമാവുന്നില്ലെങ്കിൽ എല്ലാ ആത്മീയ ഗുണങ്ങളും ക്രമേണ നശിച്ചോടുങ്ങുമെന്നും കഠിനമായ വേദന അനുഭവിക്കുമെന്നും മനസ്സിലാവുന്നു. അതായത് ഒരു യാതനയും പുറമേനിന്ന് വരുന്നതല്ല. എല്ലാം മനുഷ്യന്റെ ഉള്ളിൽ നിന്നു തന്നെ ഉരുവം കൊള്ളുന്നതാണ്. ദൈവത്തിന്റെ പ്രവർത്തനങ്ങളിൽ അവന്റെ ശിക്ഷയെ ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ അത് മനുഷ്യന്റെ കർമ്മങ്ങളുടെ ഫലമായുണ്ടാകുന്നതാണ്. അതായത് ഒരു മനുഷ്യൻ വിഷം കഴിക്കുകയാണെങ്കിൽ അല്ലാഹു അയാളെ കൊല്ലുന്നു. ഇതാണ് അല്ലാഹു വിശുദ്ധ വചനങ്ങളിൽ സൂചിപ്പിക്കുന്നത്.*

*'അല്ലാഹുവിന്റെ ശിക്ഷ എന്നത് ഒരു അഗ്നിയാണ്. അല്ലാഹു അത് കത്തിക്കുന്നു. അതിന്റെ ജ്വാലകൾ ഉയരുന്നത് മനുഷ്യന്റെ ഹൃദയത്തിൽ നിന്നാണ്.'(04: 7-8) 'യഥാർത്ഥത്തിലുള്ള ശിക്ഷയുടെ വിത്ത് ഒരാളുടെ അകൃത്യങ്ങളാണ് എന്നത് വ്യക്തമാണ്. അതാണ് ശിക്ഷയുടെ രൂപമായി മാറുന്നത്' (മൽഫൂസാത്ത് വാല്യം 3 പേ 25-30)*

പ്രവാചകന്മാരെ വിശ്വസിക്കാത്തത് കൊണ്ട് ഒരാളെ അല്ലാഹു ശിക്ഷിക്കില്ല. കാരണം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനുമുള്ള സ്വാതന്ത്യം അല്ലാഹു മനുഷ്യന്ന് നൽകിയതാണ്. പക്ഷേ പ്രവാചക നിഷേധത്തോടൊപ്പം അതിക്രമങ്ങൾ പരിധികടക്കുമ്പോൾ അല്ലാഹു ഭൂമിയിൽ തന്നെ പ്രവാചകന്മാർ മുഖേന മുന്നറിയിപ്പ് നൽകി ശിക്ഷിക്കുക എന്നത് അല്ലാഹുവിന്റെ നിയമത്തിൽ അതായത് പ്രകൃതി നിയമത്തിൽ തന്നെ ഉള്ളടങ്ങിയതാണ്. അത് മറ്റു പല സന്ദർഭങ്ങളിലും ആവർത്തിക്കാം എന്നാണ് വിശുദ്ധ ഖുർആൻ നൽകുന്ന സൂചന. അതേ സമയം എല്ലാ ശിക്ഷകളും ധാർമിക ലംഘനങ്ങളുടെ ഫലമാണെന്നും പറയാൻ സാദ്ധ്യമല്ല. ഉദാഹരണത്തിന്ന് ഒരളവിൽ വിഷം കഴിച്ചാൽ മനുഷ്യൻ മരിക്കും എന്നത് ഒരു സാർവ്വത്രിക നിയമമാണ്. അത് കൊണ്ട് എല്ലാ മരണവും വിഷം കഴിച്ചത് കൊണ്ടല്ല ഉണ്ടാകുന്നത്. അത്പോലെ അധാർമിക ജീവിതം പരിധി വിടുമ്പോൾ അല്ലാഹു പ്രകൃതി പ്രതിഭാസങ്ങളിലൂടെ ആ മനുഷ്യനെയോ സമൂഹത്തെയോ ശിക്ഷിക്കുന്നതായി മതഗ്രന്ഥങ്ങളും ചരിത്രവും പറയുന്നു. അത്കൊണ്ട് എല്ലാ പ്രകൃതി ദുരന്തങ്ങളും ധാർമിക ലംഘനത്തിന്റെ ഫലമാണെന്ന് പറയുന്നത് ശരിയല്ല. പക്ഷേ എല്ലാ വിധത്തിലുള്ള പ്രകൃതി ദുരന്തങ്ങളും സംഭവിക്കുമ്പോൾ മനുഷ്യന് അതിൽ പാഠമുണ്ട്. അവൻ ആത്മപരിശോധന നടത്താനുള്ള സന്ദർഭമാണിത്. നിസ്സഹായ മനുഷ്യൻ അല്ലാഹു സൃഷ്ടിച്ച പ്രകൃതിയിലെ നിയമങ്ങളും അല്ലാഹുവിന്റെ യഥാർത്ഥ ധാർമിക നിയമങ്ങളും ലംഘിക്കാതെ ജീവിക്കുകയും അതിൽ പിഴവുണ്ടായോ എന്ന് പരിശോധിക്കാനുള്ള സന്ദേശമാണ് പ്രകൃതി ദുരന്തങ്ങൾ നൽകുന്നത്.

ധാർമിക കുറ്റങ്ങൾക്ക് അദൃശ്യനായ അല്ലാഹു എങ്ങനെ ഇടപെടും എന്നതാണ് നാസ്തികന്മാർ ഉന്നയിക്കുന്ന വാദം. എല്ലാ ഭൗതിക നിയമങ്ങളും നാം അറിഞ്ഞു കഴിഞ്ഞു അല്ലെങ്കിൽ നമുക്ക് അറിയാൻ

കഴിയുന്ന നിശ്ചിത നിയമങ്ങൾ പ്രകാരമാണ് സംഭവിക്കുന്നത് എന്നായിരുന്നു ക്ലാസിക്കൽ ഭൗതിക ശാസ്ത്രം ധരിച്ചിരുന്നത്. അതായത് ഒരു വസ്തുവിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിന്റെ പ്രാരംഭാവസ്ഥ എത്ര കൃത്യമായി അറിയുന്നുവോ അതേ കൃത്യതയോടെ അതിന്റെ ഭാവി അവസ്ഥകളും പ്രവചിക്കാൻ കഴിയുമെന്നാണ് ക്ലാസിക്കൽ ഭൗതിക ശാസ്ത്രം കരുതിയത്. ഈ ശാസ്ത്ര ദർശനത്തിനാണ് നിർണ്ണിത തത്വം (Determinism) അഥവാ നിശ്ചിത തത്വം എന്ന് പറയുന്നത്. നിശ്ചിത സിദ്ധാന്തം ക്വാണ്ഡം തിയറിയുടെ വരവോടെ ചോദ്യം ചെയ്യപ്പെടുകയുണ്ടായി അതായത് ഒരു ഭൗതിക പിണ്ഡത്തിന്റെ അസ്തിത്വം നിർണ്ണയിക്കണമെങ്കിൽ അതിന്റെ സ്ഥാനവും വേഗതയും കൃത്യമായി അറിയേണ്ടതുണ്ട്. എന്നാൽ ഭൗതിക പദാർത്ഥങ്ങളുടെ അതിസൂക്ഷ്മ കണങ്ങളെ ഈ ഭൗതിക മാനദണ്ഡങ്ങൾ ഉപയോഗിച്ച് അളക്കാൻ സാദ്ധ്യമല്ല. ഉദാഹരണത്തിന്ന് ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഇലക്ട്രോണിന്റെ സ്ഥാനം എത്ര കൂടുതൽ കൃത്യമായി അളക്കാൻ ശ്രമിക്കുന്നുവോ അത്രയും കൂടുതൽ തെറ്റായിരിക്കും അതിന്റെ വേഗത്തെ സംബന്ധിച്ച അറിവ്. അപ്രകാരം വേഗത കൃത്യമായി നിർണ്ണയിക്കാൻ ശ്രമിച്ചാൽ സ്ഥാനത്തെ സംബന്ധിച്ച അകൃത്യതായിരിക്കും ഫലം. സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിൽ അനിശ്ചിതവും ചലനാത്മകവുമായ നിരവധി ഘടകങ്ങൾ സംയോജിക്കുമ്പോൾ അതിന്റെ ഫലവും ഒരു നിശ്ചിത കാലത്തിൽ സംഭവിക്കുമെന്ന് ഉറപ്പിച്ചു പറയാൻ സാദ്ധ്യമല്ല. ഈ കണ്ടെത്തലോടെ സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിലുള്ള പ്രതിഭാസങ്ങൾ പ്രവചിക്കാമെന്ന ഭൗതിക ശാസ്ത്രത്തിന്റെ അവകാശവാദത്തിന്ന് ഇളക്കം തട്ടുകയുണ്ടായി പദാർത്ഥങ്ങൾ നിർമ്മിച്ചിരിക്കുന്ന അതിസൂക്ഷ്മ കണങ്ങൾ പദാർത്ഥങ്ങളെ സംബന്ധിക്കുന്ന ഭൗതിക നിയമങ്ങൾക്ക് വഴങ്ങുന്നില്ല എന്ന അറിവ് ആധുനിക കാലത്ത് ഭൗതിക ശാസ്ത്രത്തിനേറ്റ മറ്റൊരു പ്രഹരമാണ്. അനിശ്ചിതത്വം. സംഭവ്യത(Probability) അതായത് സംഭവിക്കുമോ ഇല്ലയോ എന്ന സാധ്യത, സ്ഥാനം നിർണ്ണയിക്കാൻ സാധിക്കായ്ക മുതലായ ശാസ്ത്ര് ലോകത്തെ യാഥാർത്ഥ്യങ്ങൾ ഭൗതിക ശാസ്ത്രം അംഗീകരിച്ചു കഴിഞ്ഞു. ഇത്തരം പരികൽപനകളുടെ അടിസ്ഥാനത്തിൽ അനിശ്ചിതത്വം എന്നത് അദൃശ്യങ്ങളിൽ കൂടി വേരുകളുള്ള ഒരു സ്ഥൂല യാഥാർത്ഥ്യമാണെന്ന തിരിച്ചറിവ് ശാസ്ത്രത്തിന് കൈവന്നിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിൽ ഉടലെടുത്ത കയോസ് സിദ്ധാന്തം അവ്യവസ്ഥാ സിദ്ധാന്തം അതാണവ്യക്തമാക്കുന്നത്. എല്ലാം പ്രവചനത്തിന് വിധേയമാണെന്ന നിർണ്ണിത ശാസ്ത്രവാദത്തിന്റെ ശവപ്പെട്ടിയിൽ അടിച്ചിറിക്കിയ മറ്റൊണിയാണ് കയോസ് (Chaos) സിദ്ധാന്തം. അതായത് ക്രമരഹിതമായ അവസ്ഥയിലെ ക്രമം കണ്ടെത്താനുള്ള ശ്രമമാണ് കയോസ് സിദ്ധാന്തം നടത്തുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹദ്റത്ത് മീർസാ ത്വാഹിർ അഹമദ് ഈ വിഷയ സംബന്ധമായി പറഞ്ഞ ഉദ്ദരണിയോടെ ഈ കുറിപ്പ് അവസാനിപ്പിക്കാം.

*'ദുരന്തങ്ങളും ദൗർഭാഗ്യങ്ങളും ഭൂകമ്പങ്ങളും ഉണ്ടാകുന്നത് പ്രകൃതിനിയമങ്ങൾ കാരണമാണ് എന്ന കാര്യത്തിൽ അഹ്മദികൾക്ക് ഒരു നിമിഷം പോലും തർക്കിക്കേണ്ടതില്ല. അത് കണിശമായും പ്രകൃതി നിയമങ്ങൾക്കനുസരിച്ചാണ് സംഭവിക്കുന്നത്. അഹ്മദിയ്യ വിശ്വസ പ്രകാരം മതത്തിന്റെ ദൈവവും തന്നെയാണ് പ്രകൃതി മാതാവിന്റെയും പ്രപഞ്ചത്തിന്റേയും ദൈവം. പ്രകൃതി നിയമം എന്ന് നാം നിർവ്വചിച്ചിരിക്കുന്ന ദൈവത്തിന്റെ സമ്പൂർണ്ണ ഗുണവിശേഷത്തിന്നുകീഴിൽ മുൻനിർണ്ണിതമായ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് നിർവ്വഹിക്കപ്പെടുന്നത്. മാത്രമല്ല വിശദമായതും ശ്രമകരവുമായ ഗവേഷണങ്ങളിലൂടെ ഇന്ന്വരെ മറഞ്ഞിരിക്കുന്ന നിരവധി രഹസ്യങ്ങൾ മനുഷ്യൻ കണ്ടെത്തുകയുണ്ടായി. ഞങ്ങൾ ഇത്വരെ ഉപരിതലത്തിൽ ഒന്ന് ചുരണ്ടി നോക്കുക മാത്രമാണ് ചെയ്തത്. എന്നാണ് ഈ ഗവേഷകന്മാർ ആദ്യം തന്നെ തുറന്ന് സമ്മതിച്ചിരിക്കയാണ്. കൂടുതൽ കാര്യങ്ങൾ ഇനിയും അറിയാൻ ബാക്കിനിൽക്കുന്നു. ഒന്നാമത്തെ അടിസ്ഥാനത്തെ പറ്റി തന്നെ യാതൊന്നും നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ കാര്യങ്ങളും മറ്റൊരു കാര്യത്തിന്റെ കാരണമായി കാണപ്പെടുന്നു. ഒരു ചൈനാപ്പെട്ടി പോലെ ഒരു കള്ളി തുറക്കുമ്പോൾ അത് മറ്റൊരു കള്ളിയിലേക്ക് നയിക്കുന്നു. മനുഷ്യ ബുദ്ധിയെ സംബന്ധിച്ചേടത്തോളം ഈ കാര്യകാരണ പരമ്പര അനന്തമായി തുടരുകയാണ്. അത് എവിടെനിന്നാണ് തുടങ്ങിയത് എവിടെയാണ് അവസാനിക്കുക എന്ന് ആർക്കാണ് അറിയാൻ കഴിയുക? നാം വിശുദ്ധ ഖുർആന്റെ പാഠങ്ങളെ പറ്റി ചിന്തിക്കുമ്പോൾ ദൈവമാണ് ആദി കാരണത്തിന്റെ പ്രാരംഭകൻ. (അതായത് അവനിലൂടെയാണ് അവന്റെ സൃഷ്ടി പരമ്പര ആരംഭിക്കുന്നത്.) അവനാണ് പര്യവസാനവും (അതായത് അവനിലേക്കാണ് എല്ലാം മടങ്ങുന്നത്) അവനാണ് സ്റോതസ്സ് അവനാണ് അഭയം. ഒരു മുസ്ലിം നിരന്തരമായി അനുസ്മരിക്കുന്നത് നാം അല്ലാഹുവിൽ നിന്നുള്ളവരാണ് നാം അവനിലേക്ക് മടങ്ങുന്നവരുമാണ്. എന്നാണ്. ഇങ്ങിനെ ഉരുവിടുമ്പോൾ നാം മേൽപ്പറഞ്ഞ് സങ്കൽപ്പത്തിന്റെ കേന്ദ്രതത്വം ഊട്ടിയുറപ്പിക്കുകയാണ് ചെയ്യുന്നത്. ഈ തത്വങ്ങളുടെ വെളിച്ചത്തിൽ അഹ്മദിയ്യാ സമൂഹം പ്രകൃതി നിയമങ്ങൾ സ്വതന്ത്രമല്ലെന്നും അത് മതനിയമങ്ങളുമായി യാതൊരു*

*ബന്ധമില്ലെന്നും കരുതുന്നില്ല. രണ്ടും അല്ലാഹുവിന്റെ നിയമത്തിന്റെ അവിഭാജ്യ ഭാഗങ്ങളാണ്. ഭൗതിക ലോകത്തുണ്ടാകുന്ന പരിവർത്തനങ്ങൾക്ക് കാരണം പ്രകൃതി നിയമങ്ങളാണെന്ന് സമ്മതിക്കുന്നത് കൊണ്ട് എല്ലാ പ്രകൃതി നിയമങ്ങളും ദൈവത്തിന്റെ ശക്തിയിലും നിയന്ത്രണത്തിലും അത്പോലെ അവന്റെ മുൻ നിർണ്ണിതവും മുമ്പേ വിധിക്കപ്പെട്ടതുമായ നിയമത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത് എന്ന് കരുതുന്നതിൽ യാതൊരു വിധ വൈരുദ്ധ്യവുമില്ല. ദൈവമാണ് എല്ലാ ഊർജ്ജത്തിന്റെയും ബലത്തിന്റേയും സ്റോതസ്സ്. ആ ഊർജ്ജമാണ് പ്രകൃതിയുടെ എല്ലാ മാറ്റങ്ങൾക്കും പരിവർത്തനങ്ങൾക്കും പിന്നിൽ വ്യാപരിക്കുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുന്നത്.*

*ദുരന്തങ്ങളും നിർഭാഗ്യങ്ങളും ദൈവത്തിന്റെ പ്രവർത്തിയും അവന്റെ ഇഛയുമാണെന്ന് വിശ്വാസത്തിൽ അഭയം തേടുമ്പോഴും, എല്ലാ ഓരോ പ്രകൃതി ദുരന്തങ്ങളും നാശകരമായ പ്രകൃതി ക്ഷോഭങ്ങളും ദൈവശിക്ഷയുടെയോ താക്കീതിന്റെയോ പ്രതിഫലനമാണെന്ന് അഹ്മദിയ്യാ മുസ്‌ലിം സമൂഹം കരുതുന്നില്ല. അത്തരം നിലപാടുകളുടെ യഥാർത്ഥ്യം അറിയാതെ നാസ്തികന്മാർ നിരന്തരമായി വിമർശനവും എതിർപ്പും പ്രകടിപ്പിക്കാറുണ്ട്........ഒരു കാര്യം വളരെ വ്യക്തമാണ്. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളിൽ നിന്നോ റസൂൽ തിരുമേനി (സ) യുടെ വചനങ്ങളിൽ നിന്നോ വാഗ്ദത്ത മസീഹി(അ) ന്റെ ലിഖിതങ്ങളിൽ നിന്നോ ഇസ്‌ലാം ഒരിടത്തും തന്നെ എല്ലാ പ്രകൃതി ദുരന്തങ്ങളും വിപത്തുകളും ദൈവത്തിന്റെ ആജ്ഞ പ്രകാരമുള്ളതാണെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. (Natural Disasters or Divine Punishment? by Hazrat Mirza Tahir Ahmad, The Review of Religions, December 1993.)*

**പേജ് 19 ൽ നിന്ന് തുടർച്ച**

കടൽ തറയിൽ വിസ്മൃതമായ കപ്പലുകളും ആധുനിക കാലത്ത് കടലിൽ വീണുപോയ വിമാനങ്ങളോ അതിനകത്തെ സാമഗ്രികളോ ഏതായാലും ഓരോ വസ്തുക്കളും അമൂല്യങ്ങളായ പുരാവസ്തുക്കളാണ്. അങ്ങനെ കടലിന്നടിൽ ഗ്രീഷ്മ നിദ്ര കൊള്ളുന്ന പുരാവസ്തുക്കൾ ശേഖരിക്കുകയും കഴിയുമെങ്കിൽ കപ്പൽ തന്നെ പൊക്കിയെടുക്കുകയും ചെയ്യുന്ന ദൗത്യം അത്യധികം കൗതുകകരവും സാഹസികവുമായ ഒരു ചരിത്ര പഠന സംരംഭമാണ്. അത്തരം ഒരു കപ്പലോ കപ്പലിനകത്തെ വസ്തുക്കളോ വീണ്ടെടുക്കുമ്പോൾ ആ കാലഘട്ടത്തിന്റെ സകലവിധ ഭൗതിക പുരോഗതിയുടേയും സമയ ചെപ്പിലൊതുക്കിയ (Time Capsules) മൂർത്തമായ ഒരു പരിഛേദമായി ആ പുരാവസ്തു മാറുന്നു. കടലിന്നടിയിലെ അഗാധതയിൽ ബാഹ്യലോകത്തിന്റെ യാതൊരു കൈകടത്തലുകൾക്കും സ്വാധീനത്തിനും വിധേയമാകാതെ അവികലമായി നിൽക്കുന്ന ശുദ്ധമായ പുരാവസ്തുക്കളായിരിക്കും അവ. കരയോളം ചേർന്ന കടലിനെ അപേക്ഷിച്ച് അഗാധ സമുദ്രത്തിൽ പവിഴപുറ്റുകൾ വളർന്നു മുങ്ങിയ കപ്പലിന്റെ ബാഹ്യഭാഗം ജീർണ്ണിക്കാറില്ല. കള്ളന്മാരുടെയും തിരമാലകളുടെയും ശല്യം കുറയുകയും ചെയ്യും. സൂക്ഷ്മാണു ജീവികളുടെ ശല്യമൊഴികെ മറ്റൊരു ജീർണ്ണതയും നഷ്ടവും കപ്പലിനുണ്ടാകില്ല. ചരിത്രപഠനത്തിന്ന് ഇത്തരം പുരാവസ്തുക്കളുടെ മൂല്യം അളവറ്റതാണ്. ഒരു നൂറ്റാണ്ട് മുമ്പ് മുങ്ങിപ്പോയ ടൈറ്റാനിക്കിനെ തിരിച്ചറിഞ്ഞ ആൽവിന്റെ ചരിത്രം മേൽ വിവരിച്ചതാണല്ലോ.

1999 ൽ കാംബ്രിഡ്ജ് (ഇംഗ്ലണ്ട്) മസാച്ചുസെറ്റ് (അമേരിക്ക) എന്നീ യൂണിവേഴ്സിറ്റികളുടെ സഹകരണത്തോടെ ഇസ്രായേലിന്നടുത്ത് നടത്തിയ അഗാധ സമുദ്ര ഗവേഷണത്തിൽ (Deep Sea Exploration) 2500 വർഷങ്ങൾക്ക് (ബി.സി. 750) മുങ്ങിപ്പോയ ഒരു ഫൊണീഷ്യൻ കപ്പൽ അവശിഷ്ടങ്ങൾ കണ്ടെത്തുകയുണ്ടായി മരംകൊണ്ടുണ്ടാക്കിയ കപ്പലിന്റെ ആ ഭാഗങ്ങൾ മിക്കവാറും സൂക്ഷ്മ ജീവികൾ തിന്നു നശിപ്പിച്ചു. പക്ഷേ ചളിയിൽ മുങ്ങിക്കിടക്കുന്ന മുൻഭാഗം ഇപ്പോഴും യാതൊരു കേടുപാടും കൂടാതെ അവികലമായി നിൽക്കുന്നു. കപ്പലിൽ നിന്നും ശേഖരിച്ച പിഞ്ഞാണം കൊണ്ട് നിർമ്മിച്ച റോമൻ ഭരണികൾ (Amphora Jar) ജലാന്തർയാനം എടുത്തുകൊണ്ട് വരികയുണ്ടായി. അതുപോലെ വാഷിംങ്ടണിലെ നാഷണൽ ജിയോഗ്രഫി സൊസൈറ്റി നടത്തിയ അഗാധ സമുദ്ര ഗവേഷണങ്ങളിൽ ഒന്നാം നൂറ്റാണ്ടിലോ രണ്ടാം നൂറ്റാണ്ടിലോ മുങ്ങിപ്പോയ കപ്പലുകളിൽ നിന്നുള്ള 115 ഓളം പുരാവസ്തുക്കൾ കണ്ടെടുക്കുകയുണ്ടായി. ഇത്തരത്തിൽ അതിപുരാതന കാലത്തെ പുരാവസ്തുക്കൾ കടലിന്നടിയിൽ നിന്നും ശേഖരിക്കുന്ന ഏറെ ശ്രമകരവും മുതൽ മുടക്കുള്ളതുമായ വ്യവസായത്തിന്ന് തുടക്കം കുറിച്ചിരിക്കുന്നു. (തുടരും)



# സഹോദരിയോട്

നജ്മുദ്ദീൻ, മുറയക്കണ്ണി

ഓർക്കുകെൻ സോദരീ തെല്ലിട നീ നിന്റെ
ദുഃഖ ഭരിതമാം ഭൂതകാലം.
പാരിതിൽ നീയന്നു പിറക്കവെ
വീടിൻ ചുവരുകൾ തേങ്ങിതേങ്ങി
പെണ്ണുപിറന്നതു കാണുന്നമാത്രയിൽ
ജനകന്റെ രക്തം തിളച്ചുമറിയുന്നു-ഹാ
എൻ അഭിമാനമെല്ലാം കളഞ്ഞുവോനീ.
പെണ്ണാണു കുഞ്ഞായ്പ്പിറന്നെന്നറിഞ്ഞമ്മ
ഖിന്നയായ് ഭീതിപൂണ്ടങ്ങുനിന്നു.
വ്യഗ്രയായ് നോക്കാനറപ്പാർന്നുനിന്നു
ഒരു പാമ്പിൻകുഞ്ഞിനെ പെറ്റപോലെ.
നിസ്സംഗയായ് നിന്നു പാവം അവൾ
പാപഭാരത്താൽ തലകുനിച്ചു.
താലോലമേൽക്കേണ്ട നിൻതാരിളം മെയ്യവർ
ഹാ മണ്ണിട്ടുമൂടിയക്കശ്മലന്മാർ.
പെൺപിറന്നാലത് അപരാധമായ് എന്തോ
നീയൊരപരാധിപോൽ ശിക്ഷയേറ്റുവാങ്ങി.
നിന്ദ്യതമാത്രം നിന്നവകാശമായ് തന്നു നിന്നെ
അവകാശസ്വത്തായവർ പങ്കുവച്ചു.
ഉണ്ടായിരുന്നോ നിനക്കു വികാരങ്ങൾ
ഒരു കല്ലായി ജീവിച്ച നിൻ ജീവനിൽ
വന്നു നിൽ മോചകൻ കാരുണ്യവാൻ നബി
കരുണക്കടലായ് നിനക്കു താങ്ങായ്.
പെണ്ണും മനുഷ്യനായ് മണ്ണിതിലറിയുന്നു
നിന്നവകാശമൊക്കെയും തന്നിടുന്നു.
അത്തിരുമേനിയിൽ ചൊല്ലേണം നീയെന്നും
നൂറുനൂറായ സ്വലാത്തു നീ സോദരീ.
സ്വല്ലി അലാ മുഹമ്മദിൻ, സ്വല്ലി അലാ മുഹമ്മദിൻ
സ്വല്ലി അലാ മുഹമ്മദിൻ, സ്വല്ലി അലാ മുഹമ്മദിൻ

(നവാബ് മുബാറക്കാബീഗം സാഹിബയുടെ ഉർദു കവിതയെ ആധാരമാക്കി രചിച്ച സ്വതന്ത്ര കവിത)

# ദത്തെടുക്കലിന്റെ പ്രശ്നങ്ങൾ

തിരുവനന്തപുരം സ്വദേശി അനുപമ എന്ന സ്ത്രീ താൻ പ്രസവിച്ച കുഞ്ഞിനെ സ്വന്തമാക്കാൻ നടത്തുന്ന ശ്രമങ്ങൾ മാധ്യമങ്ങൾ ചർച്ച് ചെയ്യുകയാണ്. അനുപമ വിവാഹം കഴിച്ചത് മതാപിതാക്കന്മാർക്ക് ഇഷ്ടപ്പെടാത്ത ദലിത് വിഭാഗത്തിൽ പെട്ട ഒരാളെയാണ്. ബന്ധുക്കൾ അനുപമയുടെ സമ്മതമില്ലാതെ കൃതിമ രേഖയുണ്ടാക്കി അവരുടെ കുഞ്ഞിനെ ദത്തിന്ന് നൽകി. സ്റ്റേറ്റും സർക്കാർ ഏജൻസിയായ ശിശുക്ഷേമ സമിതിയും രാഷ്ട്രീയ പാർട്ടിയും ബന്ധുക്കളും അതിന്ന് കൂട്ടു നിന്നു എന്നാണ് ആരോപണം. ഒരു വർഷത്തെ അന്വേഷണത്തിന്ന് ശേഷം ജൈവ മാതാവായ അനുപമ കുഞ്ഞിന്ന് വേണ്ടി കോടതിയെ സമീപിച്ചിരിക്കയാണ്. കോടതി ദത്ത് നടപടികൾ തൽക്കാലം നിർത്തിവെച്ചിരിക്കയാണ്. അവർക്ക് നീതി ലഭിക്കട്ടെ എന്ന് നമുക്ക് ഈ അവസരത്തിൽ പ്രത്യാശിക്കാം. അനുപമയും മാതാപിതാക്കളും തമ്മിലുള്ള തർക്കമല്ല മറിച്ച് ദത്തിനെ കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്.

ദത്തിനെ സംബന്ധിച്ചും മാതൃത്വത്തെ സംബന്ധിച്ചും ഇസ്‌ലാമിന്ന് വ്യതിരിക്തമായ സങ്കൽപ്പങ്ങളുണ്ട്. ദത്ത് ഇസ്‌ലാമിൽ അനുവദനീയമല്ല അതിന്റെ കാരണങ്ങൾ പല ജീവിതാനുഭവങ്ങളിലൂടെ യും ലോകത്തിന്ന് വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. സത്യദൂതൻ 2013 ഏപ്രിൽ, കുറിപ്പുകൾ എന്ന പംക്തിയിൽ ദത്തെടുക്കലിന്റെ പ്രശ്നങ്ങൾ എന്ന പേരിൽ മുസാഫിർ എഴുതിയ ലേഖനം ഇവിടെ പുനപ്രസിദ്ധീകരിക്കുകയാണ്.

## മുസാഫിർ

തന്റെ വംശവൃക്ഷത്തിന്റെ വേരുകൾ തേടി ആറുവർഷമായി അലയുന്ന ജർമ്മൻ ദമ്പതിമാരുടെ ദത്തുപുത്രി ഛായാ മറിയാ സ്കൂപ്പ് എന്ന 36 കാരിക്ക് ഒടുവിൽ കർണ്ണാടക ഹൈക്കോടതി പുറപ്പെടുവിച്ച വിധി തുണയാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. തന്റെ ജൈവ രക്ഷിതാക്കന്മാർ(Biological Parents) ആരാണെന്നറിയാനുള്ള ഛായയുടെ അദമ്യമായ ആഗ്രഹം അവരുടെ അവകാശമായി കോടതി അംഗീകരിച്ചിരിക്കുകയാണ്. (Times of India 23 March 2013)

കർണ്ണാടകയിലെ മംഗലാപുരത്തിന്നടുത്ത് ഉള്ളാളിൽ ഒരു ഹിന്ദു കുടുബത്തിലാണ് ഛായ ജനിച്ചത്. അവിടെ രാജ്യാന്തര ദത്ത് കൈമാറ്റങ്ങൾക്ക് ലൈസൻസുള്ള ഒരു വെൽഫയർ സെന്ററിൽ നിന്നാണ് ജർമ്മൻ ദമ്പതിമാർ അവരെ ദത്തെടുത്തതെന്നാണ് ഛായ

പറയുന്നത്. ദത്തെടുക്കാൻ ജർമ്മൻ ദമ്പതിമാരെ സഹായിച്ച ഏജൻസിയും പ്രസ്തുത സെന്ററിൽ നിന്നാണ് അവർ ദത്തെടുക്കപെട്ടതെന്ന് വ്യക്തമാക്കുന്നു. ഛായയുടെ കൈയിൽ 1980 ജനുവരി 15-ാം തീയതി ഉള്ളാളിലെ സെന്റ് സെബാസ്റ്റ്യൻ ചർച്ചിൽ നിന്ന് കുഞ്ഞായിരുന്നപ്പോൾ ജ്ഞാന സ്നാം ചെയ്ത ഒരു സർട്ടിഫിക്കറ്റ് മാത്രമാണ് ജനന രേഖയായുണ്ടായിരുന്നത്. ഛായയുടെ ജൈവ രക്ഷിതാക്കന്മാരെ അറിയാനുള്ള ശ്രമത്തിന്റെ ഭാഗമായി അവർ 2009 ൽ ഉള്ളാളിലെ വെൽഫയർ സെന്റർ സന്ദർശിച്ചെങ്കിലും അവിടെ സൂക്ഷിച്ച രേഖകൾ കാണുന്നതിൽ നിന്നും സെന്റർ അധികൃതർ ഛായയെ തടയുകയുണ്ടായി. പിന്നീട് കോടതിയിലെ സുദീർഘമായ നിയമ യുദ്ധത്തിന്ന് ശേഷം അവരുടെ ആവശ്യം കോടതി അവകാശമായി അംഗീകരിച്ചു. അവരുടെ യഥാർത്ഥ മാതാപിതാക്കന്മാരെ കണ്ടെത്താൻ സഹായിക്കാൻ പോലീസിനോട് കോടതി ആവശ്യപ്പെട്ടിരിക്കയാണ്.

## ദത്ത് മാതാപിതാക്കന്മാർ യഥാർത്ഥ ജൈവ മാതാപിതാക്കന്മാരല്ല

ഒരാൾക്ക് ജന്മം നൽകുന്ന മാതാപിതാക്കന്മാരോട് ആത്മീയവും മാനസികവുമായും സന്താനങ്ങൾക്കുള്ള ബന്ധത്തിന്ന് പകരം നിൽക്കാൻ നിയമം മുഖേന സൃഷ്ടിക്കപ്പെടുന്ന ദത്ത് മാതാപിതാക്കന്മാർക്കാവില്ല. പ്രകൃതി മതമായ ഇസ്‌ലാം മനുഷ്യന്റെ ആത്മാവുമായി ജൈവ ബന്ധമുള്ള വംശ പരമ്പരയിലെ കണ്ണികളായാണ് മാതാപിതാക്കന്മാരെ കാണുന്നത്. അതിന് പകരം നിയമം മുഖേന കൃത്രിമമായി സൃഷ്ടിച്ചെടുക്കുന്ന ദത്ത് മാതാപിതാക്കന്മാരെ യഥാർത്ഥ മാതാപിതാക്കന്മാരായും ദത്തുപുത്രന്മാരെ യഥാർത്ഥ പുത്രന്മാരായും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ദത്ത് നിയമത്തിലൂടെ സിദ്ധിക്കുന്ന പിതൃത്വവും മാതൃത്വവും കൃത്രിമവും യഥാർത്ഥ്യങ്ങൾക്ക് നിരക്കാത്തതുമായ ഒരു സങ്കൽപ്പം മാത്രമാണ്. ഒരു വ്യക്തിക്ക് ജന്മം നൽകിയ യഥാർത്ഥത്തിലുള്ള ജൈവ മാതാപിതാക്കന്മാരെ പോലെയല്ല. പ്രത്യേകിച്ച് ഒരു മനുഷ്യന്റെ ജനിതക പാരമ്പര്യം അറിയാനുള്ള ഡി എൻ എ ടെസ്റ്റ് പോലെയുള്ള നൂതന സങ്കേതങ്ങൾ വികസിച്ച ഈ കാലഘട്ടത്തിൽ. മാതാവിന്റെ ജൈവികത സ്ഥാപിക്കുന്ന മറ്റൊരു ഖുർആൻ സൂക്തം ഇങ്ങനെയാണ്.

**'നിങ്ങളിൽ നിന്ന് തങ്ങളുടെ ഭാര്യമാരെ തങ്ങളുടെ മാതാക്കളാണെന്ന് പ്രഖ്യാപിച്ചു വിടുന്നവർ (അറിഞ്ഞിരിക്കട്ടെ) അവർ (ആ ഭാര്യമാർ) അവരുടെ മാതാക്കളല്ല. അവരെ പ്രസവിച്ച സ്ത്രീകളാണ് അവരുടെ മാതാക്കൾ'(58:3)**

മനുഷ്യന് അവന്റെ വേരുകളറിയാനും അവന്റെ അസ്തിത്വത്തിന്റെ ജൈവ പ്രഭവം കണ്ടെത്താനുമുള്ള ആഗ്രഹം സഹജമാണ്. അവൻ സാംസ്കാരികമായും ബുദ്ധിപരമായും വികസിക്കുന്നതിനനുസരിച്ച് സ്വന്തം വേരുകളെക്കുറിച്ചുള്ള അവബോധവും വളരുന്നു. അത് പ്രകൃതിയിൽ രൂഢമൂലമായ ഒരു ജനിതക ബോധവും രേഖയുമാണ്. അതുകൊണ്ടാണ് ഇസ്‌ലാം ദത്തെടുക്കൽ നിയമങ്ങൾ അനുവദിക്കാത്തത്. ഹിന്ദു നിയമത്തിലും പാശ്ചാത്യ നിയമത്തിലും ദത്ത് എന്നാൽ ഒരു ശിശുവിനെ തനിക്ക് ജന്മം നൽകിയ ജൈവമാതാപിതാക്കളിൽ നിന്നും പിഴുതെടുത്ത്, അവന്റെ മാതൃ പിതൃത്വ സ്ഥാനം പൂർണ്ണമായും സ്ഥിരമായും നിയമം മുഖേന മറ്റൊരു വ്യക്തിയിലേക്കും കുടുംബത്തിലേക്കും പറിച്ചു നടുന്ന പ്രക്രിയയാണ്. അതോടെ ദത്തെടുക്കപ്പെട്ട വ്യക്തിക്ക് ജന്മം നൽകിയ മാതാപിതാക്കന്മാരുമായോ ദമ്പതികളുമായോ കുടുംബവുമായോ ഉള്ള ബന്ധങ്ങളെല്ലാം വിഛേദിക്കപ്പെടുന്നു. ജനിച്ച കുടുബത്തിൽ നിന്നും ലഭിക്കേണ്ടുന്ന അനന്തരാവകാശ സ്വത്തിന് അയാൾക്ക് അർഹതയുണ്ടാവുകയില്ല.

## ദത്ത് മൂന്ന് വിധം

ദത്ത് മൂന്ന് വിധത്തിലുണ്ട്. ഒന്ന് സംവൃത ദത്ത് അഥവാ രഹസ്യ ദത്ത് (Closed or Confidential Adoption) ഇത്തരം ദത്തിൽ ബയോളജിക്കൽ പേരൻസിനെ പറ്റി അഥവാ യഥാർത്ഥ മാതാപിതാക്കന്മാരെകുറിച്ച് യാതൊരു വിവരവും ദത്തെടുക്കുന്നവർക്ക് നൽകില്ല. രണ്ടാമത്തെ ദത്ത് വിവൃത ദത്താണ്. അഥവാ തുറന്ന ദത്ത് (Open Adoption)ഇത്തരം ദത്തിൽ ശിശുവിനെ സംബന്ധിച്ച എല്ലാ വിശദാംശങ്ങളും വ്യക്തമാക്കിയിരിക്കും. ഇത്തരം ദത്ത് വെറും ഒരു ധാരണയുടെ അടിസ്ഥാനത്തിൽ അനൗപചാരികവുമാവാം. കുട്ടിയുടെ മേൽ സമ്പൂർണ്ണ അധികാരം ദത്തെടുത്തയാൾക്ക് ആണെങ്കിലും ഒരു കരാറിലൂടെ ദത്തെടുത്ത കുട്ടിയെ ബയോളജിക്കൽ മാതാപിതാക്കന്മാർക്ക് സന്ദർശിക്കാനും ആശയവിനിമയം നടത്താനും മറ്റുമുള്ള അവകാശങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാണ്. മൂന്നാമത്തെ ദത്ത് അർദ്ധ സംവൃത ദത്താണ്. (Semi Close Adoption) ഈ ദത്ത് പകുതി തുറന്നതുമാണ്. ബയോളജിക്കൽ മാതാപിതാക്കന്മാരെ സംബന്ധിച്ച് പരിമിതമായ അറിവ് നൽകുകയും അനുവദിക്കുന്ന തോതിൽ കാണാനും ബന്ധപ്പെടാനും കരാറിലൂടെ അവകാശം ലഭിക്കുന്നു. ദത്തിനോട് ഭരണകൂടങ്ങളും കോടതികളും സദുദ്ദേശത്തോടുകൂടിയുള്ള വളരെ അനുഭാവപൂർണ്ണമായ സമീപനമാണ് സ്വീകരിക്കുന്നത്. കാരണം അനാഥകളും ദരിദ്രദരിദ്രരുമായ ശിശുക്കൾക്ക് ക്ഷേമകരമായ ഒരു ജീവിതം ദത്തെടുക്കലിലൂടെ ലഭിക്കുമെന്ന് അവർ കരുതുന്നു. എന്നാൽ അനാഥകളുടെ വിഷയത്തിൽ മറ്റേതൊരു ജീവിത പ്രത്യയ ശാസ്ത്രത്തേക്കാളും പ്രതിബദ്ധതയുള്ള ഇസ്‌ലാം മറ്റൊരു രീതിയി

ലുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ദത്ത് സമ്പ്രദായത്തെ പ്രകൃതി മതമായ ഇസ്‌ലാം ഈ രീതിയിൽ അംഗീകരിക്കുന്നില്ല. അത് കൊണ്ടാണ് മുസ്‌ലിം രാജ്യങ്ങളിൽ ഈ സമ്പ്രദായം കാണാത്തത്. പാശ്ചാത്യ നാടുകളിലും ഇന്ത്യയെ പോലെയുള്ള ഇസ്‌ലാമേതര രാജ്യങ്ങളിലുമാണ് ദത്തെടുക്കൽ വ്യാപകമായ തോതിൽ കാണപ്പെടുന്നത്. കുടുംബ മൂല്യങ്ങൾ മുറുകെ പിടിക്കുന്ന ഇസ്‌ലാമിക സമൂഹങ്ങളെ അപേക്ഷിച്ച് പാശ്ചാത്യ കുടംബങ്ങളിൽ ദത്തെടുക്കപ്പെടുന്ന കുട്ടികൾ പ്രത്യേകിച്ചും ദരിദ്ര നാടുകളിലെ വേരറുക്കപ്പെട്ട കുട്ടികൾ ജീവിതം എത്തരത്തിലായിരിക്കും എന്നതിനെ പറ്റി കുട്ടികളുടെ പക്ഷത്ത് നിന്നും മനുഷ്യാവകാശ പ്രവർത്തകർ ചിന്തിച്ചു തുടങ്ങേണ്ടിയിരിക്കുന്നു.

### ജാരസന്താനങ്ങൾ

ജാരസന്താനങ്ങളായി ജനിക്കുകയുയോ ഉപേക്ഷിക്കപ്പെടുകയോ ചെയ്ത കുട്ടികളുടെ രക്ഷകർതൃത്വം ആർ ഏറ്റെടുക്കും എന്ന പ്രശ്നത്തെ സംബന്ധിച്ച് മുസ്‌ലിം കർമ്മ ശാസ്ത്രികൾ ചിന്തിച്ചിട്ടുണ്ട്. ജാരസന്തതിയാണെങ്കിൽ പോലും ശിശുവിന്റെ അവകാശങ്ങൾ ഇസ്‌ലാം കർശനമായി സംരക്ഷിച്ചിട്ടുണ്ട്. മാതാവ് തന്നെയാണ് അതിനെ മുലയൂട്ടി വളർത്താനുള്ള ബാദ്ധ്യത. അതായത് വ്യഭിചാരിക്ക് നിശ്ചിത സാക്ഷികൾ ആ കുറ്റം തെളിയിക്കുകയാണെങ്കിൽ അടിശിക്ഷയാണ് ഖുർആൻ വ്യക്തമായും വിധിച്ചത്. ദൈവദൂതരെ ഞാൻ വ്യഭിചരിച്ചിരിക്കുന്നു. ഞാൻ ഗർഭിണിയാണ് എന്ന് പറഞ്ഞ് പശ്ചാത്താപ വിവശയായി പ്രവാചകനെ സമീപിച്ച ഒരു സ്ത്രീയുടെ കഥ ഹദീസുകളിൽ കാണാം. റസൂൽ തിരുമേനി(സ) അവരിൽ നിന്നും ആദ്യം മുഖം തിരിക്കുകയാണുണ്ടായത് . വീണ്ടും വീണ്ടും ആ സ്ത്രീ തന്റെ പാപം ആവർത്തിച്ചപ്പോൾ പ്രസവം കഴിഞ്ഞ് വരാൻ പറഞ്ഞു. പ്രസവം കഴിഞ്ഞ് എത്തിയപ്പോൾ കുഞ്ഞിന് മുലയൂട്ടാനുള്ള ബാദ്ധ്യതയുണ്ട് ആ ബാദ്ധ്യത നിർവ്വഹിച്ച് വരാൻ റസൂൽ തിരുമേനി(സ) പറഞ്ഞു. കുറ്റക്കാരിയായി കണ്ടെത്തിയ സ്ത്രീയിൽ നിന്ന് പോലും ശിശുവിന് മുലകുടിക്കാനുള്ള അവകാശമാണ് ഇസ്‌ലാം ഇവിടെ സംരക്ഷിച്ചിരിക്കുന്നത്. ബുഖാരി ഇബ്നു ഉമറി(റ)ൽ നിന്നുമുദ്ദരിച്ച ഹദീസിൽ ഇങ്ങനെ കാണാം. നബി (സ)ന്റെ കാലത്ത് ഒരാൾ തന്റെ ഭാര്യയിൽ നിന്നും വ്യഭിചാരം ആരോപിക്കുകയും അവളുടെ കുട്ടിയുടെ പിതൃത്വം നിഷേധിക്കുകയും ചെയ്തു. നബി ആ ദമ്പതികളെ വേർതിരിച്ചു. കുട്ടിയെ മാതാവിനോട് ചേർക്കുകയും ചെയ്തു. അബൂദാവൂദ് ഉദ്ദരിച്ച് വാക്കുകളിൽ ഇങ്ങനെയാണ്. ശപിച്ചു പിരിഞ്ഞ(ലിആൻ) വരുടെ സന്തതികളുടെ അവകാശം നബി അതിന്റെ മാതാവിനും അതിന് ശേഷം അവളുടെ അവകാശികൾക്കും നിശ്ചയിച്ചു കൊടുത്തു. ഈ ഹദീസ് പ്രകാരം ജാരസന്തതിയെന്ന് വ്യക്തമാക്കപ്പെട്ട കുഞ്ഞിന് അതിന്റെ വംശ പാരമ്പര്യം മാതാവിനോട് ചേർത്ത് പറയാനാണ് റസൂൽ തിരുമേനി(സ)യുടെ കൽപ്പന.

ഇതിന്റെ മറ്റൊരു പരിശുദ്ധ മാതൃക വിശുദ്ധ ഖുർആനിൽ കാണാം. സത്യവിശ്വാസികൾക്ക് മാതൃകയായി വിശേഷിപ്പിക്കപ്പെട്ട ഹദ്റത്ത് മറിയം ബീവിയുടെ പരിശുദ്ധനായ പുത്രൻ പ്രവാചകനായ ഹദ്റത്ത് ഈസാ (അ) പിറന്നത് പിതാവില്ലാതെയാണ് ഹദ്റത്ത് ഈസ(അ)യെ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ വിശേഷിപ്പിക്കപ്പെട്ടത് ഈസബ്നു മറിയം എന്ന് മാതാവിനോട് ചേർത്താണ്.

*ഹദ്റത്ത് ഉമർ(റ)ന്റെ കാലത്ത് (അവിഹിത ബന്ധത്തിൽ പിറന്ന) ഉപേക്ഷിക്കപ്പെട്ട ഒരു കുഞ്ഞിനെ (Foundling)ഒരാൾ കണ്ടെത്തി. അയാളോട് ഉമർ പറഞ്ഞു: ആ കുഞ്ഞിനെ താങ്കൾക്കെടുക്കാനുള്ള അതിന്റെ വലാഅ:(രക്ഷകർതൃത്വം) ഉണ്ടെങ്കിൽ താങ്കൾക്ക് അതിനെയെടുക്കാം. നാം അതിന് വേണ്ട ചിലവ് നാം തരാം. മറ്റൊരു നിവേദനത്തിൽ അതിന്റെ ജീവിതച്ചെലവ് നാം വഹിക്കാം* എന്നും വന്നിട്ടുണ്ട്. അവിഹിത ബന്ധത്തിൽ ജനിക്കുന്ന കുഞ്ഞുങ്ങൾ യാതൊരു കാരണവശാലും പാപികളോ കുറ്റക്കാരോ അല്ല. എല്ലാ മനുഷ്യക്കുഞ്ഞങ്ങളേയും പോലെ ആ ശിശുവും നിഷ്ക്കളങ്കനായാണ് ജനിക്കുന്നത്. അത്തരം സന്താനങ്ങളെ വ്യക്തികളോ സ്ഥാപനങ്ങളോ യത്തീമെന്ന നിലയിൽ വളർത്തുകയാണ് വേണ്ടതെന്ന് മുസ്‌ലിം കർമ്മ ശാസ്ത്ര സരണിയിലെ പണ്ഡിതന്മാർ അഭിപ്രായപെട്ടിട്ടുണ്ട്. അത്തരം ശിശുക്കളുടെ രക്ഷ കർത്തൃത്വം ഏറ്റെടുക്കാൻ വരുന്നവരുടെ താൽപര്യത്തെക്കാൾ ഇത്തരം ശിശുക്കളുടെ നന്മക്ക് മുൻഗണന നൽകികൊണ്ടായിരിക്കണം ശിശുക്കളെ വളർത്താൻ ഏൽപ്പിക്കേണ്ടതെന്നാണ് ഹനഫി, ഹംബലീ ന്യായാധിപന്മാർ സ്വീകരിച്ചു വന്ന നിലപാട്. എന്ന് Daniel Pollack, Moshe Bleich, Charles J. Reid, Jr., Mohammad Fadel, എന്നിവർ ച്ചേർന്ന് എഴുതിയ Classical Religious Perspectives of Adoption Law," *Notre Dame Law Review* 79.2 (2004): 693-753. എന്ന പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

അനാഥ സംരക്ഷണം എന്നതിനെക്കാൾ സന്താന ഭാഗ്യം ലഭിച്ചിട്ടില്ലാത്തവർ അവരുടെ ഭാവിയെ സംബന്ധിച്ചുള്ള ആശങ്കകൾ തീർക്കാനും തങ്ങൾക്ക് പ്രായമേറുമ്പോൾ സ്വത്ത് കൈകാര്യം ചെയ്ത് തങ്ങളെ പരിപാലിക്കാൻ ഒരു അനന്തരാവകാശിയെ ലഭിക്കാനുമാണ് മിക്കവാറും കുട്ടികളെ ദത്തെടുക്കുന്നത്. ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ അവകാശങ്ങൾ എത്രത്തോളം ഇതിൽ സംരക്ഷിക്കപ്പെടുന്നു എന്ന വിഷയം സമീപ കാലത്താണ് കൂലങ്കുശമായ വിശകലനങ്ങൾക്കും ചിന്തകൾക്കും വിധേയമാവുന്നത്. ഇസ്‌ലാം

ശിശുവിന്റെ താൽപര്യങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

പാവനമായ രക്തബന്ധങ്ങൾ മനുഷ്യനുണ്ടാക്കുന്ന നിയമം മുഖേനയോ കരാർ മുഖേനയുയോ സൃഷ്ടിക്കപ്പെടുന്നതോ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യപെടുന്നതോ ആയ പദവികളല്ല. അത് ജന്മസിദ്ധമാണ്. ഭാര്യമാരെ ഒരു പ്രഖ്യാപനത്തിലൂടെ മാതാക്കളാണെന്ന് പറയുകയും, ദത്ത് പുത്രന്മാരെ സ്വന്തം ജൈവപുത്രനാണെന്ന് പ്രഖ്യാപിച്ച് അന്തരവകാശം നൽകുകയും, യഥാർത്ഥ മകനെ പോലെ കരുതി ദത്തെടുത്ത കുടുംബത്തിലെ രക്തബന്ധുക്കളുമായുള്ള വിവാഹങ്ങൾ നിഷിദ്ധമാക്കുകയും ചെയ്യുന്ന സമ്പ്രദായം ഇസ്‌ലാമിന് മുമ്പ് അറബികളിൽ ഉണ്ടായിരുന്നു വിശുദ്ധ ഖുർആൻ ഇത് നിരോധിക്കുകയുണ്ടായി. ഇത് സംബന്ധമായി വിശുദ്ധ ഖുർആൻ പറയുന്നു:

*'അല്ലാഹു ഒരാൾക്കും അയാളുടെ ഉള്ളിൽ രണ്ട് ഹൃദയങ്ങളുണ്ടാക്കിയിട്ടില്ല. ളിഹാർ (ഭാര്യയെ മാതാവാണെന്ന് പ്രഖ്യാപിച്ച് അവളിൽ നിന്നും അകന്നിരിക്കുക) ചെയ്യുന്ന നിങ്ങളുടെ ഭാര്യമാരെ അവൻ നിങ്ങളുടെ മാതാക്കന്മാരാക്കിയിട്ടുമില്ല. നിങ്ങളുടെ ദത്തുപുത്രന്മാരെ നിങ്ങളുടെ പുത്രന്മാരാക്കിയതുമില്ല. ഇതെല്ലാം നിങ്ങളുടെ വായ കൊണ്ടുള്ള പറച്ചിൽ മാത്രമാണ്. അല്ലാഹു സത്യമാണ് പറയുന്നത്. നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നതും അവൻ തന്നെ. അവരെ അവരുടെ പിതാക്കന്മാരോട് ചേർത്ത് വിളിക്കുക. അല്ലാഹുവിന്റെ പക്കൽ അതാണ് ഏറ്റവും നീതിയുക്തമായിട്ടുള്ളത്. ഇനി അവരുടെ പിതാക്കന്മാരെ നിങ്ങൾക്കറിയില്ലെങ്കിൽ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളുമാണവർ. എന്നാൽ നിങ്ങൾക്ക് തെറ്റുപറ്റിപോയിട്ടുണ്ടെങ്കിൽ അതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. പക്ഷേ നിങ്ങൾ മനപൂർവ്വം പ്രവർത്തിച്ചതാണ് (കുറ്റകരം). അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.' (അൽ അഹ്സാബ് 33: 5-6)*

ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പല രാജ്യങ്ങളിലുമുണ്ടായ ദത്ത് നിയമങ്ങൾ ഇസ്‌ലാമിക രീതിയിലേക്കാണ് ചാഞ്ഞു കൊണ്ടിരിക്കുന്നത്. ദത്ത് നിയമങ്ങളിൽ പാലിക്കപ്പെടുന്ന യഥാർത്ഥ മാതാപിതാക്കളെ പറ്റിയുള്ള രഹസ്യസ്വഭാവവും നിഗൂഢതയും ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ താൽപര്യത്തിനെതിരാണെന്നും അവർക്ക് സ്വന്തം ജൈവമാതാപിതാക്കളെ പറ്റി അറിയാനുള്ള അവകാശം ഉണ്ടെന്നും അവരുടെ യഥാർത്ഥ ജൈവ പിതാവിനോട് ചേർത്ത് തന്നെ അവരുടെ പേര് വിളിക്കണമെന്നും ദത്തെടുത്ത കുടുബത്തിന്റെ പേരിലല്ല അയാൾ അറിയപ്പെടേണ്ടതെന്നുമുള്ള പല യൂറോപ്യൻ രാജ്യങ്ങളും അംഗീകരിച്ചു വരുന്നു. മാത്രമല്ല ആധുനിക കാലത്ത് ശാസ്ത്രം ഈ സത്യം അറിയുന്നത് എളുപ്പമാക്കുകയും ചെയ്തിരിക്കുന്നു. ഇത് മനുഷ്യന്റെ മനശ്ശാസ്ത്രപരമായ ആവശ്യമാണെന്നാണ് ഈ വിഷയത്തിൽ നടത്തിയിട്ടുള്ള പല ശാസ്ത്രീയവും വിദഗ്ദവുമായ പഠനങ്ങൾ തെളിയിക്കുന്നത്. ആരെങ്കിലും കുടുംബത്തിൽ കുട്ടിയെ വളർത്താനുദ്ദേശിക്കുന്നുവെങ്കിൽ അങ്ങിനെ എടുക്കപ്പെടുന്ന കുട്ടിയുടെ പിതാവിന്റെ പേരിലായിരിക്കണം അവൻ അറിയപ്പെടേണ്ടത് എന്ന ഖുർആന്റെ നിബന്ധന ശ്രദ്ധേയമാണ്. ദത്തെടുക്കലും അനാഥകളെയും കൈകാര്യം ചെയ്യുന്ന ഏജൻസികൾ രജിസ്റ്ററുകളിൽ കുട്ടികളുടെ മാതാപിതാക്കന്മാരെ പറ്റി വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തുകയും അത് പരസ്യപ്പെടുത്തുകയും ആ രേഖകൾ എല്ലാവർക്കും പ്രാപ്യമായിരിക്കുകയും വേണം എന്ന വ്യവസ്ഥയാണ് ഫലത്തിൽ ഖുർആൻ നിഷ്ക്കർശിക്കുന്നത്. ആധുനിക കാലത്ത് ദരിദ്രരാജ്യങ്ങളെ കേന്ദ്രീകരിച്ച് വ്യാപകമായി കാണുന്ന മനുഷ്യക്കടത്ത് (Human Trafficking) നെതിരെയുള്ള ഒരു സുരക്ഷാ നടപടികൂടിയാണ് കുട്ടികളെ സംബന്ധിച്ച ഇത്തരം രേഖകളുടെ സൂക്ഷിപ്പ്.

അവിഹിതബന്ധത്തിൽ പിറന്ന ഉപേക്ഷിക്കപെട്ട ശിശുക്കളുടെ പോലും രേഖകൾ ഭരണകൂടവും പോലീസ് അന്വേഷണ ഏജൻസികളും അന്വേഷിച്ചു കണ്ടെത്തേണ്ടതുണ്ട്. ഡി.എൻ.എ ടെസ്റ്റ് പോലെയുള്ള ആധുനിക ശാസ്ത്രീയ മാർഗ്ഗങ്ങൾ ഇതിന് ഉപയോഗിക്കേണ്ടതാണ്. ഉപേക്ഷിക്കപ്പെട്ട ശിശുവിന് ജന്മം നൽകിയവർ സമ്പന്നരാണെങ്കിൽ അവരുടെ സമ്പത്തിൽ ഉപേക്ഷിക്കപ്പെട്ട ശിശുവിനുള്ള വിഹിതം വാങ്ങിച്ചുക്കൊടുക്കേണ്ട ബാദ്ധ്യതയും ഭരണകൂടത്തിന്നുണ്ട്. അവിഹിത ബന്ധത്തിൽ പിറന്ന ശിശുവിന് നിയമപരമായി സ്വത്തവകാശമുണ്ടോ എന്നതും അവർക്ക് ജന്മം നൽകിയവരുടേയും സ്വകാര്യത സംരക്ഷിക്കപ്പെടേണ്ടതുണ്ടോ എന്നതും മറ്റൊരു ചർച്ചാ വിഷയമാണ്. തീർച്ചയായും ഭരണകൂടങ്ങളാണ് ഇത്തരം ശിശുക്കളുടെ സംരക്ഷണം ഏറ്റെടുക്കേണ്ടതെങ്കിലും യത്തീമുകളെ വളർത്താൻ നിർദ്ദേശിച്ചത് പോലെ സ്ഥാപനങ്ങളെക്കാൾ വ്യക്തികൾ മുൻകൈയെടുത്ത് ഗൃഹാന്തരീക്ഷത്തിലാണ് ഇത്തരം അനാഥ ശിശുക്കൾ വളരേണ്ടത് എന്നതാണ് ഇസ്‌ലാം താൽപര്യപ്പെടുന്നത്.

ഏതെങ്കിലും തരത്തിൽ ജൈവപുത്രനെ പോലെ മുസ്‌ലിം കുടുംബങ്ങൾ തദ്ദേശീയ നിയമമനുസരിച്ച് ദത്തെടുത്ത് വളർത്തിയിട്ടുണ്ടെങ്കിൽ ആ കുട്ടിക്ക് മുലകുടി ബന്ധമില്ലെങ്കിൽ ഇസ്‌ലാമിക നിയമപ്രകാരം ആ കുടുബവുമായി വിവാഹം ബന്ധം സ്ഥാപിക്കാവുന്നതാണ്. ആ കുടുംബത്തിലെ സ്ത്രീകൾ പ്രായപൂർത്തിയെത്തിയ ദത്തുപുത്രനു മുമ്പിൽ അന്യപുരുഷനെന്നപോലെ ഇസ്‌ലാമിക വസ്ത്ര നിയമങ്ങൾ പാലിക്കേണ്ടതുമാണ്. റസൂൽ തിരുമേനി (സ)യുടെ ദത്തുപുത്രനായ സൈദുബ്നു ഹാരിഥി

ന്റെ വിവാഹ മോചിതയായ ഭാര്യയെ റസൂൽ തിരുമേനി(സ) വിവാഹം ചെയ്തുകൊണ്ട് അറബികൾക്കിടയിലുണ്ടായിരുന്ന ദത്ത് സങ്കൽപ്പത്തെ ഇസ്‌ലാം പൊളിച്ചെഴുതുകയാണ് ചെയ്തത്. ഒരു മനുഷ്യന് പ്രകൃതി നൽകിയ വേരുകൾ മുറിച്ചുകളയാനോ ജനിതക ഐഡന്റിറ്റി മായ്ച്ചുകളയാനോ ഇസ്‌ലാം അനുവദിക്കുന്നില്ല. ടെസ്റ്റ്യൂബ് ശിശുക്കളുടെയും ജനിറ്റിക്ക് എഞ്ചീനിയറിംങ്ങിന്റെയും ഇക്കാലത്ത് അതിനുള്ള സാദ്ധ്യത വളരെ വർദ്ധിച്ചിരിക്കുമ്പോൾ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് പ്രസക്തി കൂടുകയാണ് ചെയ്യുന്നത്. അങ്ങിനെ ഏതെങ്കിലും നിയമങ്ങളും പ്രഖ്യാപനങ്ങളും പിതാവിനെ മാറ്റി സ്ഥാപിക്കുന്നുവെങ്കിൽ, അത് പ്രകൃതിക്ക് വിരുദ്ധവും മനുഷ്യന്റെ ആത്മീയതക്കും മനശ്ശാസ്ത്രത്തിനും എതിരാണ്. ആസ്ട്രേലിയയിലെ ന്യൂ സൗത്ത് വെയിൽസ് പ്രോവിൻസിൽ ദത്തെടുത്ത കുട്ടികൾക്ക് അവർ ജനിച്ച കുടുബത്തിന്റെ പേരിടാനും, ഒരു വിൽപത്രം മുഖേനയായിരിക്കണം അവരുടെ അനന്തരാവകാശം ഉറപ്പ് വരുത്തേണ്ടതെന്നും, ദത്തെടുത്ത കുടുംബം ജനിച്ച കുടുംബവുമായി ദത്തിനെ സംബന്ധിച്ച് ഒരു പ്ലാൻ തയ്യാറാക്കി അത് പ്രകാരം ദത്തെടുത്തവരെ വളർത്താനും നിയമവൃത്തങ്ങൾ അനുവദിച്ചതായി അമേരിക്കയിൽ നിന്നും പ്രസിദ്ധീകരിച്ച Muslim Women's Shura Council (August-2011) എന്ന ലഘുലേഖയിൽ പറയുന്നു. ആധുനിക ലോകം ഖുർആനികാദ്ധ്യാപനങ്ങൾ അംഗീകരിച്ചു വരുന്നതിന്റെ സൂചനകളാണിതെല്ലാം.

## യത്തീംഖാനകളും അനാഥകളും

പരമ്പരാഗതമായി കാണുന്ന ഈ രീതിയിലുള്ള ദത്ത് സമ്പ്രദായത്തിലൂടെയല്ല ഇസ്‌ലാം അനാഥകളുടെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നത്. ദത്തെടുക്കുന്നതിന്ന് അറബിയിൽ *'അത്തബാനി'* (മകനാക്കി മാറ്റുക) എന്നാണ് പറയുക. *'ഇബ്നു'* (മകൻ) എന്ന ധാതുവിൽ നിന്നുമാണ് ഈ പദം നിഷ്പന്നമായത്. ഇസ്‌ലാമിൽ അനാഥകളെ സംരക്ഷിക്കുന്നതിന് ***'കഫാല'*** എന്നാണ് പറയുക. അനാഥകൾക്ക് പ്രാഥമികമായി അവരുടെ ബന്ധുക്കളുടെയോ മറ്റു സുമനസ്സുകളുടെയോ കുടുംബത്തിൽ നിന്ന് തന്നെ രക്ഷാകർതൃ പരിപാലനം ലഭ്യമാക്കുന്ന നിർദ്ദേശമാണ് ഇസ്‌ലാം മുന്നോട്ടു വെക്കുന്നത്. അനാഥരുടെ സംരക്ഷണത്തിനും അവരുടെ സ്വത്ത് സംരക്ഷിക്കുന്നതിനും അവരോട് നീതിപൂർവ്വം വർത്തിക്കുന്നതിനെ സംബന്ധിച്ചും ഖുർആന്റെ ശക്തമായ ഭാഷയിലുള്ള താക്കീതുകൾ മുസ്ലിംകളെ ഭയചകിതരാക്കിയിട്ടുണ്ട് എന്ന് പറഞ്ഞാൽ തെറ്റില്ല. അനാഥരുടെ കാര്യത്തിൽ മുസ്‌ലിം സമുദായം കാണിക്കുന്ന ശ്രദ്ധയും ജാഗ്രതയിൽ നിന്നും ഇക്കാര്യം ബോദ്ധ്യമാവും. അനാഥരുടെ ധനത്തിന്റെ അടുത്തു പോലും പോകരുത്. അനാഥകുട്ടികളുടെ ധനം അക്രമമായി തിന്നുന്നവൻ വയറിൽ തീയ്യാണ് നിറക്കുന്നത് തുടങ്ങിയ ശക്തമായ വചനങ്ങൾ മുസ്‌ലിം സമുദായത്തെ അഗാധമായി സ്പർശിച്ചിട്ടുണ്ട്. ഒരു ഖുർആൻ വചനം ഇപ്രകാരമാണ്

**'അനാഥ കുട്ടികളോട് എങ്ങനെ വർത്തിക്കണമെന്ന അവർ നിന്നോട് ചോദിക്കുന്നു. പറയുക. എങ്ങിനെ വർത്തിക്കുന്നതാണോ അവർക്ക് ഗുണകരം അങ്ങിനെ വർത്തിക്കുന്നതാണ് ഉൽകൃഷ്ടമായിട്ടുള്ളത്. അവരുമായി നിങ്ങൾ കൂടിക്കലർന്ന് ജീവിക്കുകയാണെങ്കിൽ അവർ നിങ്ങളുടെ സഹോദരന്മാരാണ്.' (2:221)**

ഈ വചനത്തിൽ അനാഥകളെ കൂടെ താമസിപ്പിക്കാനാണ് ഖുർആന്റെ കൽപ്പന. കുടുംബ പശ്ചാത്തലവും ഗൃഹാന്തരീക്ഷത്തിലും മാത്രമേ ജീവിത മൂല്യങ്ങൾ അഭ്യസിച്ചു കൊണ്ട് കുട്ടികൾക്ക് വളരാൻ കഴിയൂ. കുടുംബങ്ങളിൽ കുടുംബനാഥന്റെ രക്ഷാകർതൃത്വത്തിൽ അനാഥകൾ സ്വന്തം മക്കളെ വളർത്തുന്നത് പോലെ വളരെ വാത്സല്യത്തോടെ വളർത്തണമെന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. യത്തീം ഖാന എന്ന സ്ഥാപനത്തിൽ തികച്ചും ഔപചാരികമായ അന്തരീക്ഷത്തിൽ അനാഥകളെ വളർത്താനല്ല ഖുർആന്റെ കൽപ്പന. അനാഥശാലകളിൽ കുട്ടികളിലുണ്ടാക്കുന്ന മടുപ്പും വിരക്തിയും മാനസികമുരടിപ്പുമുണ്ടാക്കും. അവരിൽ ആ ജീവിതം അന്യതാബോധവും സൃഷ്ടിക്കും. കൂട്ടുകുടുംബ വ്യവസ്ഥ തകർന്നതിന് ശേഷം അനാഥകളെ വീട്ടിൽ താമസിപ്പിച്ച് വളർത്തുക എന്നത് വളരെ ത്യാഗം ആവശ്യപ്പെടുന്നതാണെങ്കിലും വ്യക്തികളോടും സമൂഹത്തോടുമുള്ള ഖുർആന്റെ കൽപ്പനയാണിതെന്ന കാര്യം മുസ്‌ലിം സമുദായം മറക്കരുത്.

ഏതായാലും അനാഥകളുടെ വിഷയം ഇസ്‌ലാമിൽ ഏറ്റവും ഗൗരവമർഹിക്കുന്ന മാനുഷിക പ്രശ്നമാണ്. പുരാതനകാലം മുതൽക്ക് അനുവർത്തിച്ചു വരുന്ന ദത്ത് സമ്പ്രദായം അതിനുള്ള പ്രതിവിധിയല്ല. ദത്ത് സമ്പ്രദായം പ്രകൃതിക്കും മനുഷ്യ മനശാസ്ത്രത്തിനുമെതിരാണ്. പ്രത്യേകിച്ചും വംശപാരമ്പര്യത്തിന്റെ വേരുകൾ വെളിപ്പെടുത്താൻ കഴിയുന്ന ആധുനിക കാലത്ത് വേരറ്റവനെപ്പോലെ ജീവിക്കുന്നത് മനുഷ്യനെ അസ്വസ്ഥനാക്കുന്ന അസ്തിത്വ പ്രശ്നം കൂടിയാണ്. വിശുദ്ധ ഖുർആൻ പറഞ്ഞ രീതിയിൽ യത്തീമുകളുടെ രക്ഷകർതൃത്വ മേറ്റെടുത്ത് കൊണ്ട് അവരെ സംരക്ഷിക്കാനും അവരുടെ ദുഖങ്ങളും വേദനകളുമകറ്റാനും വ്യക്തികൾക്കും സമൂഹത്തിനും കഴിയുമാറാകട്ടെ.

www.alislam.org

# ജിഹാദും ഖിതാലും

ജിഹാദ് എന്ന പദം ഇസ്‌ലാം മതത്തെ വിമർശിക്കാനാണ് ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നത്. 'ജിഹാദ്' എന്ന പദത്തിന്ന് ആത്മ സംബന്ധിയായ പരിശ്രമം എന്നാണർത്ഥം യുദ്ധത്തിന് 'ഖിതാൽ' എന്ന പദമാണ് വിശുദ്ധ ഖുർആൻ പ്രയോഗിച്ചത്. പ്രഗത്ഭ പണ്ഡിതനായിരുന്ന മൗലാനാ മുഹമ്മദ് ഉമർ (മർഹൂം) ഈ വിഷയത്തെ കുറിച്ചെഴുതിയ ലേഖനം ഇവിടെ പുന പ്രസിദ്ധീകരിക്കുന്നു.

**മുഹമ്മദ് ഉമർ**

**ഇന്ന് മതലോകത്ത് ജിഹാദ് എന്ന പവിത്രവും പരിശുദ്ധവുമായ പദം** അങ്ങേയറ്റം വിദ്വേഷവും വൈരാഗ്യവും ജനിപ്പിക്കുന്ന വാക്കായി പരിണമിച്ചിരിക്കുന്നു. അതിന്നുള്ള കാരണം ഈ വാക്കിനെ ദുരുപയോഗപ്പെടുത്തി കുഴപ്പങ്ങളും രക്തചൊരിച്ചിലും കൂട്ടക്കൊലകളും നടത്തുന്ന താലീബാൻ, ജയ്ഷെ മുഹമ്മദ്, ലശ്കറെ തയ്യിബ, ജമാഅത്തെ ഇസ്‌ലാമി എന്നീ മുസ്‌ലിം നാമങ്ങളുള്ള പല സംഘടനകളും ഭീകരവാദികളുമാണ്.

ജിഹാദ് എന്ന വാക്കിന് ഇക്കാലത്ത് ഹക്കമൻ അദലൻ ആയി അവതരിച്ച ഹദ്റത്ത് ഇമാം മഹ്ദി(അ) നൽകുന്ന നിർവ്വചനം ഇതാണ്.

'ജിഹാദ് എന്ന വാക്ക് ജുഹ്ദ് എന്ന റൂട്ടിൽ നിന്നും നിഷ്പന്നമായതാണ് ഇതിന്റെ അർത്ഥം തീവ്രയത്നം ചെയ്യുക കഠിനാദ്ധ്വാനം ചെയ്യുക എന്നാണ്. എന്നാൽ ഭാവാർത്ഥത്തിലും അലങ്കാരാർത്ഥത്തിലും പോരിന്നും പറയപ്പെടുന്നു'(ഗവർമെന്റ് അംഗ്റേസീ മെഔർ ജിഹാദ്, ഭാഗം, 3)

എന്നാൽ ജിഹാദ് എന്ന വാക്കിന്ന് യുദ്ധം എന്ന വാക്കർത്ഥം മാത്രമാണ് കൊടുക്കുന്നത്. ഇത് തെറ്റായ രീതിയാണ്. ജിഹാദും ഖിതാലും സമാർത്ഥത്തിലുള്ള വാക്കുകളായി ചിലർ കരുതുന്നു. എന്നാൽ ഖുർആനിൽ ഈ രണ്ടു പദങ്ങളും വേറെ വേറെ അർത്ഥങ്ങളിലാണ് ഉപയോഗിച്ചിട്ടുള്ളത്. ജിഹാദിനെ കുറിച്ച് പ്രതിപാദിക്കുന്ന ധാരാളം ആയത്തുകൾ വിശുദ്ധ ഖുർആനിലുണ്ട്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ നിന്നും നമുക്ക് മാർഗ്ഗദർശനം തേടാം. ഖുർആൻ പറയുന്നു:

**വിശ്വസിക്കുകയും ദൈവ മാർഗ്ഗത്തിൽ സ്വദേശം വെടിയുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും ജിഹാദ് ചെയ്യുകയും ചെയ്തവരാരോ (അവർക്ക്) അല്ലാഹുവിന്റെ പക്കൽ മഹത്തായ പദവിയുണ്ട്. അവർ തന്നെയാണ് വിജയികൾ.** (9:20)

2. **വിശ്വാസികളിൽ നിന്ന് ബുദ്ധിമുട്ടുള്ളവർ ഒഴികെ (ഒരു പ്രയത്നവും ചെയ്യാതെ സ്വന്തം വീടുകളിൽ) ഇരിക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും ജിഹാദ് നടത്തുന്നവരും ഒരു പോലെയാവില്ല.** (4:96)

3. **തീർച്ചയായും വിശ്വസിക്കുകയും ഹിജ്റത്ത് ചെയ്യുകയും തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും ജിഹാദ് ചെയ്യുകയും (അഭയാർത്ഥികൾക്ക്) അഭയം നൽകുകയും അവരെ സഹായിക്കുകയും ചെയ്തവരാരോ അവർ പരസ്പരം മിത്രങ്ങളാകുന്നു.** (8:73)

4. **അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദു ചെയ്യുകയും ചെയ്യുക. നിങ്ങൾ അറിയുന്നുവെങ്കിൽ നിങ്ങൾക്ക് അത് ഗുണകരമാകുന്നു.** (6:12)

മേൽ പറഞ്ഞ രീതിയിലുള്ള ധാരാളം തിരുവചനങ്ങളിൽ തങ്ങളുടെ ദേഹം കൊണ്ടും ധനം കൊണ്ടും അല്ലാഹുവിന്റെ വഴിയിൽ ജിഹാദു ചെയ്യുക എന്ന് വന്നതിന്റെ ഉദ്ദേശം അല്ലാഹുവിന്റെ തൃപ്തിയും അവന്റെ പ്രീതിയും കരഗതമാക്കുന്നതിന് ധനപരമായും ശാരീരികമായും കഠിനാധ്വാനം ചെയ്യണമെന്നാണ്. ജിഹാദുകൊണ്ടുണ്ടാകുന്ന ഇതര നന്മകളെ കുറിച്ച് അല്ലാഹു വീണ്ടും അരുൾ ചെയ്യുന്നു:

ആരെങ്കിലും അല്ലാഹുവിന്റെ

മാർഗ്ഗത്തിൽ തീവ്രയത്നം നടത്തുന്നതായാൽ യഥാർത്ഥത്തിൽ അവർ സ്വന്തം ആത്മാവിന്റെ നന്മക്ക് വേണ്ടിയാണ് പരിശ്രമിക്കുന്നത്. തീർച്ചയായും അല്ലാഹു മനുഷ്യരിൽ ആരുടെയും ആശ്രയമില്ലാത്തവനാകുന്നു. (29:7) ഈ വചനത്തിൽ അല്ലാഹു പറയുന്നത് അവന്റെ മാർഗ്ഗത്തിൽ കഠിനാദ്ധ്വാനം ചെയ്യുന്നവർ തങ്ങളുടെ നഫ്സിന്റെ തന്നെ നന്മയാണ് കാംഷിക്കുന്നതെന്നും അതവർക്ക് ലഭിക്കുന്നതാണെന്നുമാണ്. വീണ്ടും അല്ലാഹു പറയുന്നു.

**നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നതാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗ്ഗത്തിൽ നയിക്കുന്നതാണ്. അല്ലാഹു തീർച്ചയായും സദ്വൃത്തരുടെ കൂടെയാണ്. (29: 70)**

എവിടെ അല്ലാഹു അരുൾ ചെയ്യുന്നത് അല്ലാഹുവിനെ പ്രാപിക്കുവാനായി അതായത് അവന്റെ സംതൃപ്തിയും സാമീപ്യവും കരഗതമാക്കുന്നതിനായി ഒരു വിശ്വാസി എത്രകണ്ട് പരിശ്രമിക്കുന്നുവോ അത്രകണ്ട് അവൻ അയാളെ സ്വയം അവന്റെ വഴിയിലേക്ക് ആനയിക്കുന്നതാണെന്നും അവർ അല്ലാഹുവിന്റെ സാമീപ്യം കരഗതമായി അവന്റെ അനുഗ്രഹത്തിൽ പാത്രീഭൂതരായി തീരുന്നതാണ് എന്നുമാണ്.

മറ്റൊരിടത്ത് അല്ലാഹു പറയുന്നു.

**നീ അവിശ്വാസികളെ അനുസരിക്കരുത് അതുകൊണ്ട് വിശുദ്ധ ഖുർആൻ മുഖേന നീ അവരുമായി ഏറ്റവും വലിയ ജിഹാദ് ചെയ്യുക. (25: 53)**

ഇവിടെ അവിശ്വാസികളോട് വിശുദ്ധ ഖുർആൻ മുഖേന അത്യധികമായി പരിശ്രമം ചെയ്യുക എന്നാണ് പറഞ്ഞിട്ടുള്ളത്. അതായത് അവിശ്വാസികൾക്കിടയിൽ സത്യപ്രബോധനം ചെയ്യുന്നത് ഏറ്റവും വലിയ ജിഹാദായി വിശുദ്ധ ഖുർആൻ പ്രസ്താവിക്കുന്നു. ഈ ആയത്തുകളിൽ പ്രയുക്തമായ ജിഹാദ് എന്ന പദം ധനം കൊണ്ടും ദേഹം കൊണ്ടും കഠിനാദ്ധ്വാനം ചെയ്ത് ദൈവ പ്രീതിയും ദൈവ സ്നേഹവും സാമീപ്യവും കരഗതമാക്കാൻ ശ്രമിക്കുക എന്ന അർത്ഥം മാത്രമേയുള്ളൂ. അല്ലാതെ അവിശ്വാസികളെയും സത്യനിഷേധികളെയും ആയുധമുപയോഗിച്ച് കൊന്നൊടുക്കുക എന്ന് അർത്ഥം സൂചിപ്പിക്കുന്നില്ല.

ഇനി നമുക്ക് ഖിതാൽ എന്ന പദം ഏതർത്ഥത്തിലാണ് ഖുർആൻ പ്രയോഗിച്ചിട്ടുള്ളതെന്ന് നോക്കാം.

അല്ലാഹു ഖുർആനിൽ പറയുന്നു.

**നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി നിങ്ങളും ദൈവ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുക.; എന്നാൽ നിങ്ങൾ അതിക്രമം കാണിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെന്നില്ല. (2:191)**

ഇവിടെ അല്ലാഹു യുദ്ധം ചെയ്യുന്നതിന്നുള്ള അനുവാദം നൽകിയിരിക്കുന്നത് ആദ്യമായി യുദ്ധത്തിന്ന് ഒരുങ്ങുകയും യുദ്ധം ചെയ്യുന്നതിൽ മുൻകൈ എടുക്കുകയും ചെയ്യുന്നവരോടാണ്. അല്ലാതെ ആദ്യമായി കയറിച്ചെന്ന് യുദ്ധം ചെയ്യുന്നതിനെ ഇസ്ലാം അനുവദിക്കുന്നില്ല. ഇത്തരത്തിൽ യുദ്ധം ചെയ്യുന്നതിന്നുള്ള സ്ഥിതി വിശേഷം ഉണ്ടാകുകയാണെങ്കിൽ തന്നെ യാതൊരുവിധ അതിക്രമവും പാടില്ലെന്നും അങ്ങനെ അതിക്രമം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ലെന്നും ഇവിടെ പ്രസ്താവിക്കുന്നു.

വീണ്ടും അല്ലാഹു പറയുന്നു: **നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് യുദ്ധം ചെയ്യുക. പിശാചിന്റെ കുതന്ത്രം ദുർബലം തന്നെയാണ്. (4:77)**

ഇവിടെ മനുഷ്യനെ വഴിപിഴപ്പിക്കുന്ന പൈശാചിക ശക്തികളോട് എതിരിടാനാണ് അല്ലാഹു കൽപ്പിക്കുന്നത്. വീണ്ടും അരുൾ ചെയ്യുന്നു.

**വിശ്വാസികളേ നിങ്ങളുമായി ചെയ്തിരിക്കുന്ന ശപഥങ്ങളെ (ഉടമ്പടികളെ) ലംഘിക്കുകയും, അല്ലാഹുവിന്റെ ദൂതനെ ബഹിഷ്ക്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്ത ഒരു ജനതയോട് നിങ്ങൾ യുദ്ധം ചെയ്യുകയില്ലേ? നിങ്ങളുമായി ആദ്യം യുദ്ധം തുടങ്ങിയത് അവരാണ്. (9:13)**

ഇവിടെ അല്ലാഹു വ്യക്തമാക്കുന്നത്, ഹദ്റത്ത് റസൂൽ തിരുമേനി(സ) യോടും വിശ്വാസികളോടും യുദ്ധം ചെയ്ത ഉടമ്പടിക്കെതിരായി റസൂൽ തിരുമേനി (സ)യെ മദീനയിൽ നിന്നും പുറത്താക്കാൻ ശ്രമിക്കുകയും ചെയ്ത മദീനയിലെ യഹൂദികളോട് യുദ്ധം ചെയ്യാനുള്ള അനുവാദമാണ് എന്നുമാത്രമല്ല അവർ റസൂൽ തിരുമേനി (സ) യോട് യുദ്ധം ചെയ്യുന്നതിൽ മുൻ കൈയെടുക്കുന്നവരുമാണ്. മറ്റൊരിടത്ത് അല്ലാഹു പറയുന്നു.

**കുഴപ്പം ഇല്ലാതാവുകയും മതം (സ്വതന്ത്രമായി പ്രചരിപ്പിക്കുന്നത്) അല്ലാഹുവിന് വേണ്ടി മാത്രമായി തീരുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരുമായി യുദ്ധം ചെയ്യുക. എന്നാൽ അവർ വിരമിക്കുകയാണെങ്കിൽ അക്രമികളല്ലാത്തവരുടെ മേൽ യാതൊരു കൈയ്യേറ്റവും വിഹിതമല്ല. (2:194)**

ഇവിടെ അല്ലാഹു വ്യക്തമാക്കുന്നത് ആത്മ രക്ഷാർത്ഥം യുദ്ധം ചെയ്യുവാനുള്ള അനുവാദമുണ്ടെങ്കിലും പൂർണ്ണ സ്വാതന്ത്ര്യം സ്ഥാപിതമാവുന്നത് വരെ യുദ്ധം ചെയ്യാവുന്നതുമാണ്.

അല്ലാഹു പറയുന്നു:

**വിശ്വാസികളിൽ പെട്ട രണ്ടു വിഭാഗങ്ങൾ (അതായത് രണ്ട് മുസ്ലിം രാഷ്ട്രങ്ങൾ) തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ (ആദ്യമായി) നിങ്ങൾ അവർക്ക് ഇടയിൽ**

**രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരിൽ ഒരു വിഭാഗം മറ്റൊരു വിഭാഗത്തെ അക്രമിക്കുന്നതായാൽ അക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കൽപ്പനയിലേക്ക് മടങ്ങുന്നത് വരെ, നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ. അവർക്കിടയിൽ ന്യായപൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. നീതി പാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു. (48:10)**

ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിന്നുള്ള സ്ഥായിയായ മാർഗ്ഗദർശനമാണിവിടെ നൽകപ്പെടുന്നത്. വിശുദ്ധ ഖുർആന്റെ മാർഗ്ഗനിർദ്ദേശം മുസ്ലിം രാജ്യങ്ങൾ സ്വായത്തമാക്കിയിരുന്നുവെങ്കിൽ കുവൈത്തും ഇറാഖും തമ്മിലുള്ള യുദ്ധമുണ്ടാകുകയോ ബില്ല്യൻ കണക്കിനുള്ള നാശനഷ്ടങ്ങളോ ലക്ഷക്കണക്കിനുള്ള ആൾനാശമോ ഉണ്ടാകുമായിരുന്നില്ല.

വീണ്ടും ഖുർആൻ പറയുന്നു:

**യുദ്ധം ചെയ്യുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. അതെന്തന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാണ്. ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് എന്നവർ പറയുന്നതൊഴിച്ച് (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്നും നിഷ്ക്കാസനം ചെയ്യപ്പെട്ടവരാണവർ മനുഷ്യരിൽ ചിലരിൽ നിന്നുള്ള അക്രമണങ്ങളിൽ നിന്ന് സ്വയം രക്ഷിക്കുന്നതിന്ന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ, സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂത സിനഗോഗുകളും മുസ്ലിം പള്ളികളുമെല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ ദൈവനാമം അധികമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനും ആകുന്നു.(2:41)**

ഇവിടെ വളരെ വ്യക്തമായ രീതിയിൽ യുദ്ധം ചെയ്യുന്നതിന്നുള്ള അനുവാദം ഏതെല്ലാം കാരണങ്ങൾ കൊണ്ടാണ് നൽകപ്പെട്ടിരിക്കുന്നത് എന്ന് കാണാം. ഇത് സംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഇസ്ലാമിന്റെ പ്രാരംഭ കാലഘട്ടത്തിൽ മുസ്ലിംകൾ വളരെ ന്യൂനപക്ഷമായിരുന്നു. അവരുടെ എതിരാളികൾ തങ്ങളുടെ ഹൃദയങ്ങളിലും മസ്തിഷ്ക്കങ്ങളിലും കുടിയിരുത്തിയിരുന്ന സ്വാഭാവികമായ അഹങ്കാരം കാരണം സമ്പത്തിലും ആൾബലത്തിലും അന്തസ്സിലും സ്ഥാനമാനങ്ങളിലും ഇതര വിഭാഗത്തെക്കാൾ തങ്ങൾ ശ്രേഷ്ഠരാണെന്ന് കരുതിയിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ എതിരാളികൾ തങ്ങളുടെ ഹൃദയങ്ങളിലും മസ്തിഷക്കങ്ങളിലും കുടിയിരുത്തിയിരുന്ന സ്വാഭാവികമായ അഹംങ്കാരം കാരണം സമ്പത്തിലും ആൾബലത്തിലും അന്തസ്സിലും സ്ഥാനമാനങ്ങളിലും ഇതര വിഭാഗങ്ങളേക്കാൾ തങ്ങൾ ശ്രേഷഠരാണെന്ന് കരുതിയിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ കാലത്തുള്ള മുസ്ലിംകളോട് അതായത് സഹാബികളോടുള്ള കഠിനമായ ശത്രുത വെച്ചു പുലർത്തിയിരുന്നു. ദൈവികമായ ഈ ചെടി ഭൂമിയിൽ സ്ഥാപിതമാകുന്നത് അവർക്ക് ഇഷ്ടപ്പെട്ടിരുന്നില്ല. എന്ന് മാത്രമല്ല ഈ സാത്വികരായ സജ്ജനങ്ങളെ നശിപ്പിക്കാനായി അനവരതം പ്രവർത്തിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്നതിൽ ഒരണുമാത്രമെങ്കിലും കുറവു കാണിച്ചിരുന്നില്ല. അവർക്കുണ്ടായിരുന്ന ഭയവും ഭീതിയും, ഈ മതം കാലുറപ്പിക്കുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുകയാണെങ്കിൽ തങ്ങളുടെ മതവും സമുദായവും നശിച്ചു പോകുമെന്നായിരുന്നു. അവരുടെ ഹൃദയങ്ങളിൽ കുടികൊണ്ടിരുന്ന ഈ ഭയാശങ്കകൾ നിമിത്തം അവരിൽ നിന്നുമുണ്ടായ അക്രമാസക്തമായ ബലാൽക്കാരവും മുഖേന ധാരാളം മുസ്ലിംകൾ നശിപ്പിക്കപ്പെടുകയുണ്ടായി. പതിമൂന്നു സുദീർഘമായ വർഷങ്ങൾ ഏറ്റവും ഹിംസാത്മകവും നിർദ്ദയവും ആയ രീതിയിൽ അല്ലാഹുവിന്റെ ഈ വിശ്വസ്ത ദാസന്മാരെ ഈ കിരാത ജനങ്ങൾ തങ്ങളുടെ വാളുകളാൽ വെട്ടിനുറുക്കി. അവരെ ഗളഛേദം ചെയ്തു. അനാഥരായ ബാലന്മാരും അഗതികളുമായ സ്ത്രീകളും തെരുവുകളിൽ ബലിയാടാക്കപ്പെട്ടു. ഈ അവസരങ്ങളിലും അല്ലാഹുവിൽ നിന്നുള്ള താക്കീതായ കൽപ്പന, ഈ തിന്മകളെ ഒരിക്കലും എതിർക്കരുത് എന്നായിരുന്നു. ഈ മഹാത്മാക്കൾ പ്രസ്തുത ദൈവ കൽപ്പന അക്ഷരം പ്രതി അനുസരിച്ചുകൊണ്ടിരിരുന്നു. അവരുടെ രക്തത്താൽ തെരുവുകൾ ചുവപ്പു നിറം കൊണ്ടുവെങ്കിലും അവർ പ്രതികരിച്ചിരുന്നില്ല. അവർ ബലി മൃഗങ്ങളെ പോലെ അറുക്കപ്പെട്ടിട്ടും അവർ അയ്യോ എന്നുകൂടി പറഞ്ഞിരുന്നില്ല. പരിശുദ്ധാത്മാവായ അല്ലാഹുവിന്റെ സത്യപ്രവാചകന്റെ മേൽ ഭൂമിയും ഉപരിലോകത്തും ഒരുപാടു സംരക്ഷണം ഉണ്ടാകുമാറാകട്ടെ. അദ്ദേഹത്തെ പല പ്രാവശ്യവും കല്ലെറിഞ്ഞു രക്തമയമാക്കുകയുണ്ടായി. എന്നാൽ സത്യതയുടെയും സ്ഥിരചിത്തതയുടെയും ആ സുശക്ത് പർവ്വതം എല്ലാ ദുഖങ്ങളോടും വിശാല ഹൃദയത്തോടും സ്നേഹഭാവത്തോടും കൂടി സഹിച്ചുകൊണ്ടിരുന്നു. സഹന ശക്തിയും വിനയും നിറഞ്ഞ ഈ നിലപാടു കാരണം ശത്രുക്കളുടെ എതിർപ്പുകൾ ദൈനംദിനം അധികരിച്ചുകൊണ്ടേയിരുന്നു. അവർ ഈ പരിശുദ്ധ ജമാഅത്തിനെ തങ്ങളുടെ വേട്ട

**ശേഷം പേജ് 43 ൽ**

ഭാഗം - 21

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### ലാഹോറിലേക്കൊരു തബ്‌ലീഗ് യാത്ര

1892 ജനുവരി 31-ാം തീയതി ഹദ്റത്ത് മസീഹ് മൗഊദ് (അ) ലാഹോറിലേയ്ക്കു തബ്‌ലീഗിന്നായി ഒരു യാത്ര ചെയ്തിട്ടുണ്ടായിരുന്നു. കൂടെ ഹദ്റത്ത് മൗലവി സാഹിബും ഉണ്ടായിരുന്നു. ആ അവസരത്തിൽ മുൻശി മീരാൻ ബക്ശ് സാഹിബിന്റെ താമസസ്ഥലത്ത് വലിയൊരു യോഗവും നടന്നു. ആ യോഗത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) സംസാരിച്ച ശേഷം ഹുസൂർ, മൗലവി സാഹിബിനോടു സംസാരിക്കാൻ ആവശ്യപ്പെട്ടു. അതനുസരിച്ചു മൗലവി സാഹിബ് ഒരു മേശയുടെ മുകളിൽ കയറി നിന്നു കൊണ്ട് തന്റെ പ്രസംഗം ഇങ്ങനെ ആരംഭിച്ചു.

നിങ്ങളെല്ലാവരും ഹദ്റത്ത് മിർസാ സാഹിബിന്റെ വാദങ്ങളും അതിനുള്ള തെളിവുകളും അദ്ദേഹത്തിൽ നിന്നു തന്നെ നേരിട്ടു കേട്ടു കഴിഞ്ഞു. അതുപോലെ മറ്റുള്ളവരിൽ നിന്നു എതിർപ്പുകൾ നേരിടേണ്ടി വന്ന അവസരങ്ങളിൽ അദ്ദേഹത്തിനു അല്ലാഹു നൽകിയ വാഗ്ദാനങ്ങളും സുവിശേഷങ്ങളും എന്തൊക്കെയായിരുന്നുവെന്നും അദ്ദേഹം നിങ്ങളുടെ മുന്നിൽ വിശദീകരിച്ചു. എന്നേയും എന്റെ കുടുംബത്തേയും നന്നായി അറിയുന്നവരാണു ഇവിടുത്തുകാർ. ഇവിടെയുള്ള പണ്ഡിതർക്കും ഞാൻ അപരിചിതനല്ല. അല്ലാഹു തആല എനിക്കു ഖുർആനിക ജ്ഞാനം നൽകിയിട്ടുണ്ട്. ആ അറിവിന്റെ അടിസ്ഥാനത്തിൽ മിർസാ സാഹിബിന്റെ വാദങ്ങളെ സംബന്ധിച്ചു വളരെ ആഴത്തിൽ ഞാൻ പഠിച്ചു. അതോടൊപ്പം ഈ കാര്യത്തിൽ സഹായം തേടിക്കൊണ്ട് അല്ലാഹുവിനോടു ധാരാളമായി ദുആ ചെയ്യുകയും ചെയ്തു. ഇസ്‌ലാമിനു വേണ്ടി അദ്ദേഹം ചെയ്തു കൊണ്ടിരിക്കുന്ന സേവനങ്ങളെ ഞാൻ സസൂക്ഷ്മം നിരീക്ഷിച്ചു. അദ്ദേഹത്തെ എതിർക്കുന്നവരുടെ സ്ഥിതിഗതികളെ കുറിച്ചും ചിന്തിച്ചു. അപ്പോൾ, മുൻ കാലങ്ങളിൽ അവതീർണരായ അല്ലാഹുവിന്റെ പരിശുദ്ധരും പ്രിയപ്പെട്ടവരുമായവരോടു അവരുടെ കാലത്തെ ശത്രുക്കൾ ഏതുരീതിയിൽ എതിർപ്പും വിദ്വേഷവും പ്രകടിപ്പിച്ചുവോ ആ പഴയ കാല ചരിത്രം ഇവിടേയും ആവർത്തിക്കുകയാണെന്നു എനിക്കു ഖുർആൻ മുഖേന മനസ്സിലായി. ഞാൻ ശഹാദത്ത് കലിമ ചൊല്ലിക്കൊണ്ട് പറയട്ടെ മിർസാ സാഹിബ് തികച്ചും സത്യവാനാണ്. ആ സത്യത്തോടു ഏറ്റുമുട്ടുന്നവൻ തകർത്തു തരിപ്പണമാക്കപ്പെടും. യഥാർഥ മുഅ്മിൻ എപ്പോഴും തന്നെ സത്യം കണ്ടെത്തിയാൽ സ്വീകരിക്കുന്നവരാണ്. ഞാനും അതു തന്നെയാണ് ചെയ്തത്. നല്ല കാര്യങ്ങളും നല്ല വസ്തുക്കളും തനിക്കു വേണ്ടി ഇഷ്ടപ്പെടുന്നതു പോലെ തന്റെ സഹോദരനു വേണ്ടിയും ഇഷ്ടപ്പെടണമെന്ന ഹദ്റത്ത് റസൂൽ കരീമി(സ)ന്റെ ഉപദേശമനുസരിച്ചു ഞാൻ കണ്ടെത്തിയ സത്യത്തിലേയ്ക്കു നിങ്ങളെ എല്ലാവരെയും ക്ഷണിക്കുന്നു

وَمَا عَلَيْنَا إِلَّا الْبَلَاغُ الْمُبِينُ

-- السلام عليكم

വ്യക്തമായ പ്രബോധനമല്ലാതെ ഞങ്ങൾക്കൊരു ബാധ്യതയുമില്ല. (ഖുർആൻ 36:18) അസ്സലാമു അലൈകും എന്നു പറഞ്ഞു കൊണ്ട് മൗലവി സാഹിബ് തന്റെ ചെറിയ ഭാഷണം അവസാനിപ്പിക്കുകയും മേശയിൽ നിന്നു താഴെ ഇറങ്ങുകയും ചെയ്തു. അതായത് നിങ്ങൾക്കു സന്ദേശമെത്തിക്കുക

എന്ന ബാധ്യതമാണു ഞങ്ങൾക്കു ള്ളത് ആ ഉത്തരവാദിത്തം ഞങ്ങൾ നിറവേറ്റിയിരിക്കുന്നു. ഇനി നിങ്ങൾക്കു വേണ്ടതു ചെയ്യാം.

### ജമാഅത്തിന്റെ പ്രഥമ വാർഷിക സമ്മേളനം

1891 ഡിസംബർ 27-ാം തീയതി ജമാഅത്തിന്റെ ആദ്യ വാർഷിക സമ്മേളനം (ജൽസ സാലാന) മസ്ജിദ് അഖ്സ ഖാദിയാനിൽ ചേരുകയുണ്ടായി. അതിൽ ആകെ 75 സഹാബാക്കളായിരുന്നു പങ്കെടു ത്തിരുന്നത്. അതിൽ പങ്കെടുത്ത ഏറ്റവും വിശിഷ്ട വ്യക്തികളിൽ ഒരാൾ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബായിരുന്നു. അതിനു ശേഷം ഈ ജൽസ എല്ലാ വർഷവും തുടർന്നു കൊണ്ടിരുന്നു. വാഗ്ദത്ത മസീഹി(അ)ന്റെ ജീവിത കാലത്തും അതിനു ശേഷവും നടന്ന എല്ലാ സമ്മേളനങ്ങളിലും ഹദ്റത്ത് മൗലവി സാഹിബ് തന്റെ മഹനീയ സാന്നിദ്ധ്യം കൊണ്ട് ജലസയെ ധന്യമാക്കിയിരുന്നു.

### അമത്തുൽ ഹൈയുടെ ജനനം

1901 ൽ മൗലവി സാഹിബിനു ഒരു മകൾ പിറന്നു. അവർക്കു അമത്തുൽ ഹൈയ് എന്നു പേരിട്ടു. പിന്നീട് ഇവരെ ഹദ്റത്ത് ഖലീഫ ത്തുൽ മസീഹ് സാനി അൽ മുസ്‌ലിഹ് മൗഊദ് (റ) ആണു വിവാഹം ചെയ്തതു.

### ആദ്യ ഭാര്യയുടെ നിര്യാണം

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിന്റെ പ്രഥമ പത്നി ഫാത്തിമ സാഹിബ 1905 ജൂലായ് 28-ാം തീയതി 55-ാം വയസ്സിൽ ഇഹലോക വാസം വെടിയുകയു ണ്ടായി. ഇന്നാലില്ലാഹി വ ഇന്നായി ലൈ ഹി റാജിഊൻ. ഭേരയിലെ കുലീന കുടുംബത്തിലെ അംഗമാ യ മുഫ്തി മുകർറം ശേഖ് ഖുറൈ ശി നുഅ്മാൻ സാഹിബിന്റെ മകളായിരുന്നു അവർ. അന്നു ഭേരയിൽ പൊതുവിൽ നടമാടിയി രുന്ന പല തരം അന്ധവിശ്വാസങ്ങ ളേയും അനാചാരങ്ങളേയും ശക്തി യായി എതിർത്തിരുന്ന വ്യക്തി യായിരുന്നു മൗലവി സാഹിബ്. അതു കാരണം ഈ വിവാഹാലോ ചന വന്നപ്പോൾ അവിടത്തെ യാഥാസ്ഥിതികരായ ഒരു പറ്റം ആളുകൾ ഈ ബന്ധത്തെ ശക്തി യായി എതിർക്കുകയും മകളുടെ വിവാഹം ഇദ്ദേഹവുമായി നടത്ത രുതെന്നു പറയുകയും ചെയ്തിരു ന്നു. പക്ഷേ, പിതാവ് മുഫ്തി ശേഖ് സാഹിബ് ഹദ്റത്ത് നൂറുദ്ദീൻ സാഹിബിനെ വളരെ സാത്വിക നായി തിരിച്ചറിഞ്ഞതിനാൽ അത്ത രം എതിർപുകൾക്കു അദ്ദേഹം ഒരു വിലയും കൽപിക്കാതെ മകളുടെ വിവാഹം നടത്തുകയാണു ചെയ്ത തു.

പരേത മരണം വരെ തന്റെ ഭർത്താവിനോടു സ്നേഹവും ആദരവും കാണിക്കുകയും അദ്ദേഹത്തിന്റെ വിശ്വാസങ്ങളോടും ചിന്താഗതികളോടും ആദർശങ്ങളോ ടും പൂർണമായി സഹകരിക്കുക യും ചെയ്തിരുന്നു. അവസാന നാൾ വരെ മസീഹ് മൗഊദിനോടും ജമാഅത്തിനോടും ആത്മാർഥ സ്നേഹവും വിശ്വാസവും പുലർ ത്തിയിരുന്നു. ഹദ്റത്ത് മൗലവി സാഹിബിലൂടെ തനിക്കു അല്ലാഹു വിന്റെ മസീഹിനെ തിരിച്ചറിയാനു ള്ള ഭാഗ്യമുണ്ടായി എന്നു എപ്പോ ഴും പറയുമായിരുന്നു. അവർ വീട്ടിലെ എല്ലാ ജോലികളും സ്വയം നിർവഹിച്ചിരുന്നു. അതിഥി സൽ ക്കാരപ്രിയയായിരുന്നു. ബന്ധു മിത്രാദികളോടും അയൽക്കാരോടും വലിയ സ്നേഹം കാണിച്ചിരുന്നു. അവർക്കു തന്റെ ജീവിത കാലത്തു രോഗങ്ങളാൽ പലതരത്തിലുള്ള മാനസിക ശാരീരിക ദു:ഖങ്ങളും പ്രയാസങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. അവരുടെ ധാരാളം മക്കൾ ചെറിയ പ്രായത്തിൽ മരിച്ചു പോയിട്ടുണ്ടായിരുന്നുവെങ്കിലും എല്ലാം തന്നെ വിധിയാണെന്നു മനസ്സിലാക്കി അല്ലാഹുവിൽ ഭരമേൽപിക്കുകയല്ലാതെ അവർ ആരോടും ഒരിക്കലും ഒരു പരാതിയും പറഞ്ഞിരുന്നില്ല. ഈ കാര്യം മുൻനിർത്തിയായിരിക്കണം മിർസാ ബശീർ അഹ്മദ് സാഹിബ് (ഖമറുൽ അമ്പിയാ) പിറന്നപ്പോൾ ഇവൻ നിങ്ങളുടെ മകനാണെന്നു മൗലവി സാഹിബിന്റെ ഭാര്യയോടു ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. മക്കളുടെ തുടരെയുള്ള വിയോഗം മൂലം അവരനുഭവിച്ച മനോവ്യഥയ്ക്കു മസീഹ് മൗഊദി ന്റെ ഈ സാന്ത്വനം എത്രമാത്രം അവരുടെ ഹൃദയത്തിനു ധൈര്യ വും സമാധാനവും പകർന്നിടുണ്ടാ കുമെന്നു നമുക്ക് ഊഹിക്കാവുന്ന തേയുള്ളു. അവസാനം വരെ മിർസാ ബശീർ അഹ്മദ് സാഹിബി നോടു മകനോടെന്ന പോലുള്ള ഒരു പ്രത്യേക സ്നേഹവും മമതയും അവർ കാണിച്ചിരുന്നു. തിരിച്ചു മാതാവെന്ന വികാരം അദ്ദേഹവും പ്രകടിപ്പിച്ചിരുന്നു. അവരുടെ വിയോഗമറിഞ്ഞതു മുതൽ സാഹിബ് സാദാ മിർസാ ബശീർ അഹ്മദ് സാഹിബ് ജനാസ യോടൊപ്പവും പിന്നീട് ഖബറടക്ക ത്തിന്റെ വേളയിലും ഒന്നിച്ചുണ്ടാ യിരുന്നു.

അവസാനകാലത്തെ അവരു ടെ വലിയ ആഗ്രഹം മരണം വെള്ളിയാഴ്ച വന്നെത്തണമെന്നും ജനാസ മൗലവി സാഹിബ് നമസ്ക്കരിപ്പിക്കണമെന്നുമായിരുന്നു. ഒരിക്കൽ അവരുടെ രോഗം മൂർഛിച്ചപ്പോൾ, ഇന്നു ചൊവ്വാഴ്ച ആയതല്ലെയുള്ളു വെള്ളിയാഴ്ച യ്ക്കു ഇനിയും ദിവസങ്ങളുണ്ടല്ലോ എന്നവർ പറയുകയുണ്ടായി. അതായത് അവരും തന്റെ മരണം വെള്ളിയാഴ്ചയായിരിക്കുമെന്നു മനസ്സിൽ ഉറപ്പിച്ചിട്ടുണ്ടായിരുന്നു. മാത്രവുമല്ല. ആറു വയസ്സുള്ള മകൻ അബ്ദുൽ ഹൈയുടെ ഖുർആൻ പാരായണം പൂർത്തിയാ ക്കിയതിന്റെ ആമീൻ ചടങ്ങും ബാക്കിയുണ്ട്. ആ ചടങ്ങു കാണു വാനും അതിൽ പങ്കെടുക്കുവാനും അവർ വളരെയധികം ആഗ്രഹിച്ചി രുന്നു. അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ അവർ ആരോഗ്യം

വീണ്ടെടുത്തതിനു ശേഷം 1905 ജൂൺ 30-ാം വെള്ളിയാഴ്ച മകന്റെ ആമീൻ ചടങ്ങു നടന്നു. അതിനു ഒരു മാസത്തിനു ശേഷം ജൂലായ് 28-ാം തീയതി വെള്ളിയാഴ്ച ജുമുഅ നമസ്ക്കാരത്തിനു ശേഷം ആഗ്രഹിച്ചതു പോലെ അവർ അല്ലാഹുവിലേയ്ക്കു മടങ്ങുകയും ചെയ്തു. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ജനാസ നമസ്ക്കാരത്തിനു ഞാൻ നേതൃത്വം നൽകണമെന്നതു ഭാര്യയുടെ വലിയ ആഗ്രഹമായിരുന്നു. അതിനാൽ ഏത് പ്രതികൂല സാഹചര്യമായാലും കൊടുങ്കാറ്റും പേമാരി ഉണ്ടായാലും നിർവഹിക്കുമെന്നു ഞാനും മനസ്സിൽ തീരുമാനിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ സാഹചര്യങ്ങളും ഒത്തു വന്നിട്ടുണ്ട്. എന്റെ ആരോഗ്യത്തിനും കുഴപ്പമില്ല. അങ്ങനെ വെള്ളിയാഴ്ച അസർ നമസ്ക്കാരാനന്തരം ഹദ്റത്ത് മസീഹ് മൗഊദിനോടൊപ്പം വലിയൊരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ മൗലവി സാഹിബ് തന്നെയാണു ജനാസ നമസ്ക്കരിപ്പിച്ചത്. ഭാര്യയുടെ മഗ്ഫിറത്തിനും ജന്നത്തുൽ ഫിർദൗസ് ലഭിക്കുന്നതിനും വേണ്ടി മൗലവി സാഹിബ് വളരെ ദീർഘമായി ജനാസ നമസ്ക്കാരത്തിൽ ദുആ ചെയ്യുകയുണ്ടായി.

## അബ്ദുൽ ഹൈയ്യുടെ ജനനവും സഅദുല്ലായുടെ പതനവും

മൗലവി നൂറുദ്ദീൻ സാഹിബിന്റെ മുകളിൽ സൂചിപ്പിച്ച മകൻ അബ്ദുൽ ഹൈയ് 1899 ഫിബ്രവരി 15-ാം തീയതിയാണു ജനിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അത്ഭുത ദൃഷ്ടന്തങ്ങളിൽ ഒന്നായിരുന്നു ആ കുട്ടിയുടെ ജനനം. കുട്ടി ജനിക്കുന്നതിനു അഞ്ചു വർഷം മുമ്പ് ഭേരയിൽ മൗലവി സാഹിബിനു മുഹമ്മദ് അഹ്മദ് എന്നു പേരുള്ള ഒരു മകൻ പിറന്നിട്ടുണ്ടായിരുന്നു. പക്ഷേ, ആ കുട്ടി ചെറിയ പ്രായത്തിൽ തന്നെ ഖാദിയാനിൽ നിര്യാതനായി. അതേ തുടർന്നു ജമാഅത്തിന്റെ ബദ്ധ വൈരിയായ സഅദുല്ലാഹ് ലൂധിയാൻവിയും കൂട്ടരും ജമാഅത്തിനും മസീഹ് മൗഊദിനും മൗലവി സാഹിബിനുമെതിരിൽ പല ആരോപണങ്ങളും കെട്ടിച്ചമക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ വാദങ്ങളുടെ ചുരുക്കം ഇതാണു. മസീഹ് വാദിയായ മിർസാ സാഹിബ് കൂടെ ഖാദിയാനിൽ ഉണ്ടായിരുന്നിട്ടും അദ്ദേഹത്തിന്റെ പ്രധാന ഹവാരിയായ (ഹദ്റത്ത് ഈസാനബിയുടെ അനുചരന്മാരെയാണു പൊതുവിൽ ഹവാരി എന്നു വിളിക്കപ്പെടുന്നത്) നൂറുദ്ദീൻ സാഹിബിന്റെ മകനെ രക്ഷിക്കാനായില്ല. ആ കുട്ടി ചെറിയ പ്രായത്തിൽ മരിച്ചു. അങ്ങനെ സംഭവിക്കാൻ പാടില്ലായിരുന്നു.

ഈ ആരോപണം സഅദുല്ലാഹ് ലൂധിയാൻവിയുടെ ബുദ്ധിശൂന്യതയും വിവരക്കേടുമാണു കാണിക്കുന്നത്. ജനനവും മരണവും തികച്ചും അല്ലാഹുവിന്റെ അധീനതയിലുള്ള കാര്യമാണു. രോഗിക്കു വേണ്ടി ദുആ ചെയ്യാം ഹദ്റത്ത് മസീഹ് മൗഊദും(അ) മൗലവി സാഹിബും തീർച്ചയായും ആ കുട്ടിക്കു വേണ്ടി ദുആ ചെയ്തിട്ടുണ്ടാവും. എന്നാൽ സർവ ശക്തനും എല്ലാറ്റിന്റേയും അധിപനുമായ അല്ലാഹുവിനോടു ആർക്കാണു നഊദുബില്ലാഹ് ബലപ്രയോഗം നടത്താൻ സാധിക്കുക. സഅദുല്ലയുടെ ഈ പരിഹാസം പിന്നീട് അല്ലാഹു തന്റെ അഭിമാന പ്രശ്നമായി കരുതി എന്നു വേണം കരുതാൻ.

മൗലവി സാഹിബിന്റെ മകൻ മുഹമ്മദ് അഹ്മദിന്റെ മരണത്തിനു ശേഷം ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ഒരു ദർശനത്തിൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഒരിടത്തു കിടക്കുന്നതായും അദ്ദേഹത്തിന്റെ മടിയിൽ ഒരു കുട്ടി കളിക്കുന്നതായും കണ്ടു. വെളുത്തു സുമുഖനും വലിയ കണ്ണുകളുമുള്ള ആ കുട്ടി മൗലവി സാഹിബിന്റെ മകൻ തന്നേയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണു ഞാൻ ആ ദർശനത്തിൽ മൗലവി സാഹിബിനോടു പറഞ്ഞു അല്ലാഹു മുഹമ്മദ് അഹ്മദിനു പകരം നൽകിയ കുട്ടിയാണു ഇവൻ. ആകാരത്തിലും രൂപത്തിലും നിറത്തിലും ആരോഗ്യത്തിലും ആദ്യ മകനെക്കാൾ ഇവൻ എന്തുകൊണ്ടും ഉത്തമനാണ്. പിന്നീട് ഞാൻ സ്വയം മനസ്സിൽ പറയുകയാണ്. ഈ കുട്ടി അദ്ദേഹത്തിന്റെ മറ്റേതെങ്കിലും ഭാര്യയിലുള്ള കുട്ടിയായിരിക്കുമോ. കാരണം മരിച്ചു പോയ കുട്ടി തീരെ ആരോഗ്യമില്ലാത്ത കുട്ടിയായിരുന്നു. ഇവനാണെങ്കിൽ നല്ല ചുറുചുറുക്കും ആരോഗ്യമുള്ളവനുമാണ്. ദർശനത്തിൽ കണ്ട കുട്ടിയുടെ ശരീരത്തിൽ ചെറിയ ചെറിയ കുരുക്കൾ (Pimple) ഉള്ളതായും, ഇതിനുള്ള പ്രതിവിധി മഞ്ഞളും മറ്റെന്തോ വസ്തുവാണെന്നു ആരോ വിളിച്ചു പറയുന്നതും ഞാൻ ദർശനത്തിൽ കണ്ടിരുന്നു. പിന്നീട് എന്റെ ഹൃദയത്തിലൂടെ ഈ ആയത്തു കടന്നു പോയി.

مَا نَنْسَخْ مِنْ آيَةٍ أَوْ نُنْسِهَا نَأْتِ بِخَيْرٍ مِنْهَا أَوْ مِثْلِهَا أَلَمْ تَعْلَمْ أَنَّ اللَّهَ عَلَى كُلِّ شَيْءٍ قَدِيرٌ

ഏതെങ്കിലുമൊരു സന്ദേശം നാം ദുർബലപ്പെടുത്തുകയോ അല്ലെങ്കിൽ വിസ്മൃതമാക്കുകയോ ചെയ്യുകയാണങ്കിൽ അതിനേക്കാൾ ഉത്തമമോ തത്തുല്യമോ ആയത് നാം കൊണ്ടുവരുന്നതാണ്. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാണെന്നു നീ അറിഞ്ഞിട്ടില്ലേ? (ഖുർആൻ 2: 107)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണ് ഇത് ദീനിന്റെ കൊടിയ ശത്രുവായ സഅദുല്ലാഹ്ക്കുള്ള അല്ലാഹുവിന്റെ മറുപടിയാണെന്നു എനിക്കു മനസ്സിലായി. കാരണം അയാൾ ക്രിസ്ത്യാനികളെ സഹായിക്കാനായി തികച്ചും അടിസ്ഥാനരഹിതവും ഇസ്‌ലാമിക

വീക്ഷണങ്ങൾക്കും വിശ്വാസങ്ങൾക്കും വിരുദ്ധവുമായ ആരോപണങ്ങളായിരുന്നു ഉന്നയിച്ചു കൊണ്ടിരിക്കുന്നത്. അഞ്ചു വർഷങ്ങൾക്കു ശേഷം മൗലവി സാഹിബിന്റെ വീട്ടിൽ ആരോഗ്യവാനായ ഒരു കുട്ടി പിറന്നു. അവനു അബ്ദുൽ ഹൈയ് എന്നു പേരിട്ടു. മസീഹ് മൗഊദ്(അ) ദർശനത്തിൽ കണ്ടതു പോലെ ആ കുട്ടിയുടെ ശരീരത്തിൽ ചെറിയ ചെറിയ കുരുക്കളുണ്ടായിരുന്നു. മൗലവി സാഹിബ് കുറെ ചികിത്സിച്ചെങ്കിലും കുട്ടിയുടെ ശരീരത്തിലുണ്ടായിരുന്ന കുരുക്കൾക്കു യാതൊരു വ്യത്യാസവും ഉണ്ടായില്ല.

സഅദുല്ലാഹ് ലൂധിയാൻവി ഹദ്റത്ത് മസീഹ് മൗഊദിന്റെ കഠിന ശത്രുവായിരുന്നുവെന്നു പറഞ്ഞുവല്ലോ. അയാൾ മസീഹ് മൗഊദി(അ)ന്നെതിരിൽ ശിഹാബെ സാഖിബ് ബർ മസീഹെ കാസിബ് (വ്യാജ മസീഹിന്നെതിരിൽ ഉൽക്കകൾ) എന്ന പേരിലൊരു ഗ്രന്ഥം രചിച്ചു കൊണ്ട് മസീഹ് മൗഊദിന്റെ ദൗത്യ പരാജയത്തിന്നായി അല്ലാഹുവിനോടു അകമഴിഞ്ഞു ദുആ ചെയ്യുകയും മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി(അ) തന്റെ ലക്ഷ്യത്തിൽ പരാജിതനും ദു:ഖിതനുമായിരിക്കുമെന്നും ഇച്ഛാഭംഗവും നൈരാശ്യവുമായിരിക്കും അദ്ദേഹത്തിനു അവസാനം കൈമുതലായിട്ടുണ്ടാവുക എന്നു പ്രവചിക്കുകയും ചെയ്തിരുന്നു. 1894 സപ്റ്റംബർ 16-ാം തീയതി അദ്ദേഹം പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിലൂടെ ഹദ്റത്ത് മസീഹ് മൗഊദ് (അ) അബ്തർ (സന്താനരഹിതൻ) ആയിരിക്കുമെന്നു വിളംബരപ്പെടുത്തുകയും ചെയ്തു. ഉടൻ തന്നെ അല്ലാഹു ദിവ്യ വെളിപാടിലൂടെ

إِنَّ شَانِئَكَ هُوَ الْأَبْتَرُ നിശ്ചയമായും നിന്റെ ശത്രുവാണു സന്താനരഹിതൻ എന്നു മസീഹ് മൗഊദിനെ അറിയിക്കുകയുണ്ടായി. (ഖുർആൻ 108:4) അതായത് നിന്നെ അബ്തർ എന്നു വിളിക്കുന്ന നിന്റെ ശത്രുവായ സഅദുല്ലായാണു അബ്തർ. നീ അബ്തർ അല്ല എന്നാണു അല്ലാഹു അറിയിച്ചതിന്റെ അർഥം. ഹദ്റത്ത് മസീഹ് മൗഊദി(അ)നു അല്ലാഹുവിൽ നിന്നു ഈ ദിവ്യ വെളിപാടു ലഭിച്ച കാലത്തു സഅദുല്ലാഹ്ക്കു പത്തു പന്ത്രണ്ടു വയസ്സു പ്രായമുള്ള മഹ്മൂദ് എന്നു പേരുള്ള ഒരു മകൻ മാത്രമായിരുന്നു ഉണ്ടായിരുന്നത്. സാധാരണ നിലയിൽ അയാൾക്കു ഭാവിയിൽ സന്താനങ്ങൾ ഉണ്ടാവാം. അദ്ദേഹത്തിന്റെ മകൻ പിൽകാലത്തു വിവാഹം കഴിക്കുകയാണെങ്കിൽ അവനും സന്താനങ്ങളുണ്ടാകാം. എന്നാൽ അവരുടെ വംശപരമ്പര മുന്നോട്ടു പോവുകയില്ലെന്നും അതു ഇവിടെ വച്ചു മുറിഞ്ഞു പോകുമെന്നും അല്ലാഹുവിന്റെ അറിയിപ്പനുസരിച്ചു ഹദ്റത്ത് മസീഹ് മൗഊദ്(അ) ധൈര്യപൂർവം പരസ്യപ്പെടുത്തുകയുണ്ടായി.

വീണ്ടും ഒരു പന്ത്രണ്ടു വർഷം കഴിഞ്ഞിട്ടും അയാൾക്കു മറ്റൊരു സന്താനം ഉണ്ടായില്ല. അപ്പോഴേക്കും മകൻ വളർന്നു യുവാവായി. മഹ്മൂദ് ഭാര്യാമക്കളുമായി കുടുംബ ജീവിതം നയിക്കുന്നതു ഞങ്ങൾക്കു കാണണമെന്നു സഅദുല്ലാഹ്നോടു ജനങ്ങൾ ആഗ്രഹം പ്രകടിപ്പിക്കാൻ തുടങ്ങിയപ്പോൾ പിതാവ് മകനെ വിവാഹത്തിനു നിർബന്ധിക്കാൻ തുടങ്ങി. പക്ഷേ, അവൻ സമ്മതിച്ചില്ല. അവസാനം അവനു മുപ്പതു വയസ്സു പ്രായമായപ്പോൾ ഇനി എന്തായാലും വിവാഹം കഴിക്കണമെന്നു പറഞ്ഞു സഅദുല്ലാഹ് മകനു വേണ്ടി ഒരിടത്തു ബന്ധം ഉറപ്പിച്ചു. എന്നാൽ അല്ലാഹുവിന്റെ തീരുമാനം മറ്റൊന്നായിരുന്നു. മകന്റെ വിവാഹത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്നതിനിടയിൽ 1907 ജനുവരി 3-ാം തീയതി ന്യൂമോണിയ പ്ലേഗ് ബാധിച്ചു മകന്റെ വിവാഹത്തിൽ പോലും പങ്കെടുക്കാൻ സാധിക്കാതെ ഇച്ഛാഭംഗത്തോടും നൈരാശ്യത്തോടും കൂടി സഅദുല്ലാഹ് ലൂധിയാൻവി ഈ ലോകത്തു നിന്നും യാത്രയായി. മകന്റെ നിശ്ചയിച്ചുറപ്പിച്ച വിവാഹം പിന്നീട് നടന്നെങ്കിലും വർഷങ്ങളുടെ കാത്തിരിപ്പിനു ശേഷവും മഹ്മൂദിനു സന്താനഭാഗ്യമുണ്ടായില്ല. ഇതു മനസ്സിലാക്കിയ വാഗ്ദത്ത മഹ്ദീ മസീഹിന്റെ മറ്റൊരു ശത്രു മൗലവി സനാഉല്ലാഹ് അമൃതസരി മഹ്മൂദിനു സന്താനഭാഗ്യം ലഭിക്കുന്നതിനും മസീഹ് മൗഊദിനു ലഭിച്ച ദൈവിക അറിയിപ്പു വ്യാജമാണെന്നു സ്ഥാപിക്കാനുമായി വളരെ താൽപര്യപൂർവം മഹ്മൂദിനെ കൊണ്ട് മറ്റൊരു വിവാഹം കൂടി കഴിപ്പിച്ചു. പക്ഷേ സർവശക്തനായ അല്ലാഹുവിന്റെ വിധി ആർക്കാണു മാറ്റി മറിക്കാനാവുക. ആ വിവാഹത്തിലൂടെയും അവനു സന്താനഭാഗ്യം ലഭിച്ചില്ല. അവസാനം അബ്തർ എന്ന വാക്കിനെ അന്വർഥമാക്കി സഅദുല്ലയുടെ മകനും ഇച്ഛാഭംഗത്തോടും നിരാശയോടും കൂടി 1926 ജൂലായ് 12-ാം തീയതി ഇഹലോകവാസം വെടിഞ്ഞു. അങ്ങനെ വാഗ്ദത്ത മഹ്ദീ മസീഹിന്റെ സത്യതയ്ക്കുള്ള ദൃഷ്ടാന്തമായി സഅദുല്ലഹയുടെ വംശ പരമ്പരയുടെ കണ്ണി മുറിഞ്ഞില്ലാതായി.

ഇവിടെ മറ്റൊരു പ്രധാന കാര്യം കൂടി പ്രസ്താവ്യമാണ്. സഅദുല്ലാഹ് ലൂധിയാൻവിയും അയാളുടെ മകനും സന്താനരഹിതരായിരിക്കുമെന്നു വിളംബരപ്പെടുത്തിയപ്പോൾ ആദ്യകാല ശിഷ്യരിൽ പ്രധാനിയും രണ്ടാം ഖിലാഫത്തിനെ ധിക്കരിക്കുകയും ചെയ്ത അഡ്വക്കറ്റ് ഖാജാ കമാൽദ്ദീൻ സാഹിബ് മസീഹ് മൗഊദിനെ സമീപിച്ചു കൊണ്ട് പറഞ്ഞു. ഹുസൂർ, സഅദുല്ലഹും അയാളുടെ മകനും ജീവിച്ചിരിക്കെ അവർ സന്താനരഹിതരായിരിക്കുമെന്നു പരസ്യമായി പറയുന്നത് നിയമപരമായി കുറ്റമാണ്. ഈ കാര്യത്തിൽ അവർ കോടതിയെ സമീപിക്കുകയാണെങ്കിൽ അതു പലതരം നിയമ നടപടികൾക്കും നൂലാമാലകൾക്കും തീരാത്ത പ്രശ്നങ്ങൾക്കും കാരണമാകും.

അതിനാൽ ഈ കാര്യത്തിനു കൂടുതൽ ഊന്നൽ നൽകാതെ അൽപം ഗോപ്യമായ രീതിയിൽ കൈകാര്യം ചെയ്യുന്നതായിരിക്കും ഉചിതം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നതും എഴുതുന്നതു മെല്ലാം തന്നെ ദൈവിക സൂചന കളനുസരിച്ചായതിനാൽ അത്തരം കാര്യങ്ങൾ വെളിപ്പെടുത്തുന്നതിൽ ഹുസൂറിനു ഒരിക്കലും ഒരണു പോലും സങ്കോചമോ മടിയോ ഭയമോ ഉണ്ടാകാറില്ല. അതിനാൽ ഖാജാ സാഹിബിന്റെ ഉപദേശം സ്വീകരിക്കാൻ ഹുസൂർ വിസമ്മതി ച്ചു. ഖാജാ സാഹിബ് മസീഹ് മൗഊദിനെ വീണ്ടും സമീപിക്കാൻ ശ്രമിച്ചപ്പോൾ ഹുസൂർ തികഞ്ഞ ഗൗരവത്തോടും ആത്മീയ പ്രഭാവത്തോടും കൂടി പറഞ്ഞു ഞാൻ അല്ലാഹുവിനെ ആണയിട്ടു കൊണ്ടു പറയുന്നു ദുഷ്ടരും അധമരുമായവരെ എന്റെ മേൽ ആധിപത്യം സ്ഥാപിക്കാൻ അല്ലാ ഹു ഒരിക്കലും അനുവദിക്കുകയില്ല. വല്ലവരും അതിനു ശ്രമിച്ചാൽ അവൻ അവരെ ദുരിതങ്ങളിലും അനർത്ഥങ്ങളിലും അകപ്പെടുത്തു കയും ഈ വിനീത ദാസനു അഭയം നൽകുകയും ചെയ്യും. തീർച്ച.

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി എഴുതുകയാണു ഖാജാ സാഹിബി നോടു ഞാൻ പറഞ്ഞ കാര്യങ്ങൾ സാത്വികനും എന്നും ആത്മാർഥ സ്നേഹം കാണിക്കുകയും ചെയ്യു ന്ന അഗാധ ജ്ഞാനിയും മത പണ്ഡിതനുയുമായ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് കേട്ടയുടനെ അദ്ദേഹം ഒരു ഹദീസ് കേൾപ്പിക്കുകയുണ്ടായി. നബി തിരുമേനിയുടെ ആ ഹദീസ് ഇതായിരുന്നു.

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ اَنَّ النّبِي
صَلّ اللهُ عَلَيهِ وَ سَلَّمَ قَالَ رُبَّ أَشْعَثَ
أغبرَ مَدْفُوعِ بالأبواب لو أَقسم
على الله لَأَبَرَّهُ

ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു റസൂൽ കരീം(സ) അരുൾ ചെയ്തു. ജനങ്ങളിൽ ചിലർ പാറിപ്പറക്കുന്ന അലങ്കോലപെട്ട തലമുടിയോടും ശരീരം പൊടിപടലം കൊണ്ട് മൂടിയവരും ഉണ്ടാവാം. അവരുടെ ബാഹ്യരൂപം കണ്ട് വാതിലുകൾ അവർക്കു നേരെ അടച്ചു തങ്ങളിൽ നിന്നും ജനങ്ങൾ അവരെ അകറ്റി നിർത്തും. എന്നാൽ അവർ അല്ലാ ഹുവിന്റെ ദൃഷ്ടിയിൽ ആത്മീയ മായി വളരെ ഉയർന്നവരായിരി ക്കാം. അത്തരക്കാർ അല്ലാഹുവിന്റെ നാമത്തിൽ വല്ലതും ആണയിട്ടു പറഞ്ഞാൽ അല്ലാഹു അവർ പറഞ്ഞതിനെ സാക്ഷ്യപ്പെടുത്തും അല്ലെങ്കിൽ പൂർത്തിയാക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുകയാണു ഹദ്റത്ത് മൗലവി സാഹിബിൽ നിന്നും ഈ ഹദീസ് കൂടി കേട്ടപ്പോൾ ജമാഅ ത്തിലുള്ളവർക്കു വലിയ സമാധാന മായി. എന്നെ ഭയപ്പെടുത്തിയ ആ വക്കീലിനെ അവർ പഴിക്കാൻ തുടങ്ങി. അതിനു ശേഷം രണ്ടു മൂന്നു ദിവസം വരെ ജമാഅത്തിന്റെ കഠിന ശത്രുവായ സഅദുല്ലായുടെ മരണത്തിനായി ഞാൻ ദുആ ചെയ്തു. അപ്പോൾ മൗലവി സാഹിബ് കേൾപിച്ച മുകളിൽ ചേർത്ത ഹദീസ്വാചകം അല്ലാഹു എന്നെ ഇൽഹാമിലൂടെ അറിയിച്ചു. അതായതു ജനങ്ങളുടെ ദൃഷ്ടിയിൽ വിലയില്ലാത്തവരായാലും അല്ലാഹു വിനു മുന്നിൽ ആത്മീയമായി ഉയർന്ന സ്ഥാനത്തിരിക്കുന്നവരാ ണെങ്കിൽ അവർ പറയുന്നത് അല്ലാ ഹു പൂർത്തിയാക്കും. അല്ലാഹുവി നാണെ സത്യം ഞാൻ ദുആ ചെയ്തു ഏതാനും ദിവസം കഴിഞ്ഞതേയുള്ളു സഅദുല്ലയുടെ മരണ വാർത്ത എനിക്കു ലഭിച്ചു.

## സാഹിബ് സാദാ അബ്ദുൽ ഖയ്യൂമിന്റെ വിയോഗം

1903 സപ്റ്റംബർ 22-ാം തീയതി മൗലവി നൂറുദ്ദീൻ സാഹിബിന്റെ രണ്ടാം ഭാര്യയിൽ ഒരു മകൻ ജനിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവനു അബ്ദുൽ ഖയ്യൂം എന്നു പേരിട്ടു. കുട്ടിക്കു ഒരു വയസ്സും പതിനൊന്നു മാസവും പ്രായമായപ്പോൾ അഞ്ചാം പനി (Measles) പിടിപെടുകയും ഏതാ നും ദിവസങ്ങൾ സുഖമില്ലാതെ കിടന്ന ശേഷം മരണപ്പെടുകയും ചെയ്തു. ഇന്നാലില്ലാഹി വ യിന്നായിലൈഹി റാജിഊൻ. റസൂൽ കരീ(സ)മിന്റെ സുന്നത്ത നുസരിച്ചു മൗലവി സാഹിബ് മകനെ ഖബറിലിറക്കുന്നതിനു മുമ്പ് ചുംബിച്ചു. മകന്റെ മരണം മൗലവി സാഹിബിനെ വളരെയധികം ദു:ഖത്തിലാഴ്ത്തുകയും കണ്ണുകൾ നിറയുകയും ചെയ്തു. നബി തിരുമേനി(സ) തന്റെ മകൻ ഇബ്രാ ഹീം മരണപ്പെട്ടപ്പോൾ കുട്ടിയുടെ മുഖത്തു ഉമ്മവക്കുകയും അല്ലാഹു വിനെ സ്തുതിക്കുകയും ചെയ്തി രുന്നു. ആ അവസരത്തിൽ ദു:ഖ ത്താൽ തിരുനബിയുടെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. എന്നിട്ടു പറഞ്ഞു വിരഹം ചെറിയ സമയ ത്തേക്കു പോലും വേദനയുളവാ ക്കുന്നതാണ്. എന്നാൽ അല്ലാഹു വിന്റെ തീരുമാനത്തിൽ നാം തൃപ്തരാണ്.

ആ സുന്നത്തിനെ അനുസ്മരി ച്ചു കൊണ്ടാണു മൗലവി സാഹി ബും മകനെ ചുംബിച്ചത്. എന്നിട്ടു പറഞ്ഞു ഏതെങ്കിലും ഒരു സുന്നത്ത് പൂർത്തിയാക്കാനുള്ള അവസരം ലഭിക്കുക എന്നതും വളരെ സന്തോഷകരമായ കാര്യം തന്നെയാണ്. അബ്ദുൽ ഖയ്യൂം മരിച്ചപ്പോഴും ശത്രുക്കൾ കുറെയേ റെ കോലാഹലങ്ങൾ സൃഷ്ടിച്ചി രുന്നു. മൗലവി സാഹിബും ജമാഅ ത്തിലുള്ളവരും വളരെ സഹനം കൈകൊണ്ടു 'നിഅ്മൽ ബദ്‌ലിനു' (ഇവനു പകരക്കാരനായിട്ടുള്ള മറ്റൊരു അനുഗ്രഹത്തിനായി) ദുആ ചെയ്തു കൊണ്ടിരുന്നു. അതിന്റെ ഫലമായി 1905 ഡിസംബർ 25-ാം തീയതി മൗലവി സാഹിബിനു ഒരു മകൻ ജനിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ

കുട്ടിക്കു അബ്ദുസ്സ്ലാം എന്നു പേരിട്ടു.

ഇപ്പോൾ റബ്വയിൽ താമസിക്കുന്ന ഭേര സ്വദേശിയായ ഹക്കീം മുഹമ്മദ് സിദ്ധീഖ് സാഹിബ് കുട്ടിയായ അബ്ദുസ് സലാമുമായി ബന്ധപ്പെട്ട ഒരു സംഭവം വിവരിക്കുകയാണു. ഒരിക്കൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഖാദിയാനിൽ മസ്ജിദ് അഖ്സയിൽ ഖുർആൻ ദറസ് നടത്തുകയായിരുന്നു. ദറസ് കേൾക്കാൻ ധാരാളം പേർ പള്ളിയിൽ സന്നിഹിതരായിരുന്നു. ആ അവസരത്തിൽ നാലഞ്ചു വയസ്സു മാത്രം പ്രായമുള്ള അബ്ദുസ് സലാം പുറകിലൂടെ വന്നു മൗലവി സാഹിബിന്റെ തോളിൽ കയറിയിരുന്നു. ആദ്യം തലപ്പാവ് തട്ടിത്തെറിപ്പിച്ചു. ശേഷം മൗലവി സാഹിബിനെ ചിലപ്പോൾ വലത്തോട്ടും ചിലപ്പോൾ ഇടത്തോട്ടും ചെരിക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. അവനെ സന്തോഷിപ്പിക്കാനായി മൗലവി സാഹിബ് ആ ഭാഗത്തേക്കു ചെരിയുകയും അതെ, എനിക്കു മനസ്സിലായി, എന്റെ മകൻ വന്നിട്ടുണ്ടെന്നു എനിക്കു മനസ്സിലായെന്നു പറഞ്ഞു കൊണ്ടിരുന്നു. ഖുർആൻ ദറസ് നടക്കുന്ന അവസരമായിട്ടും മൗലവി സാഹിബ് മകനോടു അൽപം പോലും നീരസമോ ദ്വേഷ്യമോ പ്രകടിപ്പിച്ചില്ല. അതു മൗലവി സാഹിബിന്റെ മകനോടുള്ള പിതൃവാത്സല്യമായിരുന്നു.

എന്നാൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ അനുഗ്രഹീത സന്താനങ്ങളുമായി ഏതെങ്കിലും തരത്തിലുള്ള മത്സരമോ വിരോധഭാവമോ സ്വന്തം മക്കളോ മറ്റു വല്ലവരുമോ പ്രകടിപ്പിച്ചാൽ അതു മൗലവി സാഹിബിന്റെ മനസ്സിനെ വല്ലാതെ വേദനിപ്പിക്കും. അതദ്ദേഹത്തിനു സഹിക്കാനാവുകയില്ല. ഹദ്റത്ത് മസീഹ് മൗഊദി (അ)ന്റെ മകൾ ഹദ്റത്ത് സയ്യിദാ നവാബ് മുബാറക്ക ബേഗം സാഹിബ(റ) ചെറിയ പ്രായത്തിൽ മൗലവി സാഹിബിന്റെ അടുക്കൽ ഖുർആനും ഹദീസും മറ്റു ദീനിയായ വിഷയങ്ങളും പഠിക്കാൻ പോകാറുണ്ടായിരുന്നു. അവർ വിവരിക്കുകയാണു ആ സമയം അബ്ദുസ് സലാം ചെറിയ കുട്ടിയായിരുന്നു. അവനു വേണ്ടി ദിവസവും അക്രോട്ട് (walnut) അല്ലെങ്കിൽ ബദാം ഞാൻ കൊണ്ടു പോകാറുണ്ടായിരുന്നു. എന്നിട്ടു അവനോടു ചോദിക്കും *അബ്ദുസ് സലാം ആജ് തും കിത്നെ അഖ്റോട്ട് കെ നൗകർ ഹോ?* (ഇന്നു നീ എത്ര അക്രോട്ടിന്റെ വേലക്കാരനാണു എന്നാണു ഈ വാക്കുകളുടെ അർത്ഥം. ഇത് ചെറിയ കുട്ടികളോടു തമാശയായിട്ടു പറയുന്ന ഒരു പ്രയോഗമാണെന്നു കരുതിയാൽ മതി. അതായത് ഇന്നു നിനക്കു എത്ര അക്രോട്ട് നൽകിയാലാണു നീ തൃപ്തിപ്പെടുക അല്ലെങ്കിൽ നീ ഒന്നടങ്ങുക. എന്നാണു ഇതിന്റെ വിവക്ഷ. വാക്കുകൾക്കു ബാഹ്യാർഥം നൽകരുത്.)

അബ്ദുസ് സലാം ദിവസവും പറയും. ദൊ അഖ്റോട്ട് കാ നൗകർ ഹൂം. ഒരിക്കൽ ജ്യേഷ്ഠൻ അബ്ദുൽ ഹൈയ് സാഹിബ് ഇതു കേൾക്കാൻ ഇടയായപ്പോൾ ദ്വേഷ്യത്തോടെ പറഞ്ഞു നീ എന്തിനാണു എപ്പോഴും നൗകറാണെന്നു പറയുന്നത്. നീ നൗക്കറാണോ, പോ, പോയിട്ട് ഞാൻ നൗക്കറല്ലെന്നു അവരോടുചെന്ന് പറ. വീട്ടിനകത്തിരിക്കുകയായിരുന്ന മൗലവി സാഹിബ് മക്കൾ രണ്ടു പേരുടേയും സംസാരം കേൾക്കുന്നുണ്ടായിരുന്നു. തന്റെ മകൻ പറഞ്ഞതു അദ്ദേഹത്തിനു സഹിക്കാനായില്ല. അവൻ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത തെറ്റു ചെയ്തതു പോലെ ദ്വേഷ്യത്തോടും വികാരാവേശത്തോടും കൂടി മകനോടു ചോദിച്ചു, അബ്ദുൽ ഹൈയ് നീ എന്താണീ പറഞ്ഞത്. വേലക്കാരനല്ലെന്നോ? ശേഷം രണ്ടു പേരേയും അകത്തേയ്ക്കു വിളിച്ചിട്ടു പറഞ്ഞു നിങ്ങൾ രണ്ടു പേരും അവരുടെ വേലക്കാരാണു. എന്നിട്ടു കുട്ടിയായ അബ്ദുസ്സലാമിനോട് താൻ നൗക്കറാണെന്നു മുബാറക്കാ ബേഗം സാഹിബയുടെ മുന്നിൽ വച്ചു പറയാൻ പറഞ്ഞു. അദ്ദേഹം അതു പോലെ പറഞ്ഞു. അബ്ദുസ് സലാം ചെറിയ കുട്ടിയാണു. അദ്ദേഹത്തിനു ഇതിന്റെ പൊരുൾ വല്ലതും മനസ്സിലായോ എന്നറിഞ്ഞില്ല. അബ്ദുൽ ഹൈയ് സാഹിബ്, അബ്ദുസ് സലാമിനേക്കാൾ വലിയ കുട്ടിയാണെങ്കിലും അദ്ദേഹവും കുട്ടി തന്നെയായിരുന്നു.

ഹദ്റത്ത് മൗലവി സാഹിബിന്റെ ഈ വിചാര വികാരങ്ങളെ മനസ്സിലാക്കേണമെങ്കിൽ അദ്ദേഹത്തിന്റെ സ്വഭാവത്തിലെ പ്രത്യേകതകൾ അറിയണം. അദ്ദേഹത്തെ അടുത്തു നിന്നു നോക്കി കണ്ടിട്ടുണ്ടാവണം അല്ലെങ്കിൽ അദ്ദേഹത്തിന്റെ ജീവ ചരിത്രം ശ്രദ്ധാപൂർവം വായിച്ചിട്ടുണ്ടാവണം. എങ്കിൽ മാത്രമേ അദ്ദേഹത്തിന്റെ ഉന്നതമായ സ്വഭാവവിശേഷങ്ങളും ധാർമിക ഗുണങ്ങളും നമുക്ക് കണ്ടെത്താനാവുകയുള്ളു. ആരുടെ മുന്നിലും അദ്ദേഹം ഒരിക്കലും തല കുനിച്ചിട്ടില്ല. അതു മഹാരാജാവായാലും, ഭരണതലത്തിലുള്ള ഉന്നതരായാലും ശരി നാട്ടിലെ പ്രമാണിമാരായാലും അറിയപ്പെടുന്ന വലിയ പണക്കാരായാലും ശരി. അദ്ദേഹം ഒരിക്കലും തന്റെ ആത്മാഭിമാനവും അന്തസ്സും ആഭിജാത്യവും മാന്യതയും പേരും പെരുമയും എന്നും ഉയർത്തിപ്പിടിച്ചിട്ടേയുള്ളു. ഇതുവരെയുള്ള അദ്ദേഹത്തിന്റെ ജീവചരിത്രം വായിച്ചവർക്കും അതു ബോധ്യപ്പെടും.

പക്ഷേ, അദ്ദേഹം ഒരിടത്തു നിരുപാധികം തല കുനിക്കും. അതെ തന്റെ പ്രിയപ്പെട്ട യജമാനന്റെ മുന്നിൽ. ആ ഇശ്ഖിന്റെയും മോഹത്തിന്റേയും പ്രേമത്തിന്റേയും ചെറിയൊരു വികാര പ്രകടനമാണ് ഇവിടെ കണ്ടത്. യജമാനന്റെ ചെറിയ വയസ്സുള്ള തന്റെ ശിഷ്യയോടു താൻ വേലക്കാരനല്ലെന്നു മകൻ പറഞ്ഞതു മൗലവി സാഹിബിനു സഹിക്കാനായില്ല. അബ്ദു

**ശേഷം പേജ് 43 ൽ**

കുറിപ്പുകൾ

# സംഘർഷഭരിതമാവുന്ന ചൈനാ – തായ്‌വാൻ ബന്ധങ്ങൾ

## മുസാഫിർ

ലോക സംഘർഷങ്ങളുടെ കേന്ദ്രം ഇപ്പോൾ മദ്ധ്യ പൗരസ്ത്യ ദേശത്ത് നിന്നും ചൈനക്ക് സമീപ ത്തുള്ള ഇന്തോ-പെസഫിക്ക് സമു ദ്ര മേഖലയിലേക്ക് കേന്ദ്രീകരിക്കുക യാണ്. ചൈനയും തായ്‌വാനും തമ്മിലുള്ള സംഘർഷങ്ങളെ കേന്ദ്രീ കരിച്ച് അമേരിക്കയും ചൈനയും തമ്മിലുള്ള മത്സരങ്ങൾ കൂടുതൽ സങ്കീർണവും രൂക്ഷവുമാവുകയാ ണ്. കിഴക്കൻ ഏഷ്യയിലെ ഭീമൻ രാജ്യമായ ചൈനക്ക് അഭിമുഖമായി ഒരു പൊട്ടു പോലെ നിൽക്കുന്ന കൊച്ചു ദ്വീപ് രാജ്യമാണ് തായ്‌വാ ൻ. ചൈന ഔദ്യോഗികമായി പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈന (People's Republic of China - PRC) എന്ന് അറിയപ്പെടുമ്പോൾ തായ്‌വാൻ ഔദ്യോഗികമായി അറിയപ്പെടുന്നത് റിപ്പബ്ലിക്ക് ഓഫ് ചൈന (Republic of China -ROC) എന്നാണ്. അതായത് ഇരു രാജ്യങ്ങ ളും ചൈന എന്ന പദം പ്രയോഗി ക്കുന്നതിലുള്ള അവ്യക്തത ശ്രദ്ധേ യമാണ്. ചൈനീസ് കരയിൽ നിന്നും ഏകദേശം 180 കിലോമീറ്റർ മാത്രം അകലമുള്ള തായ്‌വാൻ ഏഷ്യയി ലെ ആദ്യത്തെ റിപ്പബ്ലിക്കൻ രാജ്യമാണ്. എന്നാൽ ചൈന തായ്‌വാനെ തങ്ങളുടെ ഒരു പ്രവിശ്യയായിട്ടാണ് കരുതുന്നത്. തായ്‌വാനാകട്ടെ തങ്ങൾ ഒരു പരമാധികാര രാഷ്ട്രമാണെന്ന നിലപാടിൽ ശക്തിയുക്തം ഉറച്ചു നിൽക്കുന്നു. ഇപ്പോഴത്തെ സംഘർ ഷങ്ങൾക്ക് അൽപ്പം ചരിത്ര പശ്ചാ ത്തലമുണ്ട്. അത് ചുരുക്കി വിവരി ക്കാം.




ചൈനക്ക് തൊട്ടുരുമ്മി നിൽക്കു ന്ന തായ്‌വാൻ ദ്വീപ് 1624 മുതൽ -1661 വരെ ഒരു ഡച്ച് കോളനി യായിരുന്നു. അതിന് ശേഷം ചൈനയിലെ ക്വിങ്ങ് രാജവംശമാണ് തായ്‌വാൻ ഭരിച്ചിരുന്നത്. 1895 ൽ ജപ്പാൻ-ചൈനയുമായുള്ള യുദ്ധ ത്തിൽ പരാജയപ്പെട്ട ചൈന തായ്‌വാൻ ജപ്പാന് വിട്ടുകൊടുക്കേ ണ്ടിവന്നു. രാജഭരണത്തിൽ തുടർന്ന ചൈനയിൽ പിന്നീട് പട്ടാള വിപ്ലവ ത്തിലൂടെ സൺയാത്സെന്നിന്റെ നേതൃത്വത്തിൽ കൂമിന്താങ്ങ് കക്ഷി അധികാരത്തിൽ വരികയും ചൈന യെ ഏകീകരിക്കുകയുമുണ്ടായി. ചൈനീസ് വിപ്ലവത്തിന്റെ പിതാവാ യ സൺയാത്സെനിന്ന് തുടർന്ന് ജീയാങ്ങ് കീ ഷെയ്ക് കൂമിന്താങ്ങി ന്റെ നേതൃത്വത്തിൽ അധികാരത്തി ൽ വരികയും ചൈനയിൽ വൻ പരിഷ്ക്കരണങ്ങൾ നടത്തുകയും ചെയ്തു.

രണ്ടാം ലോക മഹായുദ്ധകാല ത്ത് ഫാസിസ്റ്റ് ശക്തികളുടെ കൂടെയായിരുന്ന ജപ്പാൻ ചൈനയു മായി താരതമ്യം ചെയ്യുമ്പോൾ ശക്തമായിരുന്നു. യുദ്ധത്തിന്റെ ഭാഗമായി ജപ്പാൻ ചൈനയെ ഏറെകുറെ കീഴടക്കി. ലോകമഹാ യുദ്ധത്തിൽ ജപ്പാൻ പരാജയപെട്ട പ്പോൾ ചൈനയിലെ ജപ്പാൻ മുന്നേറ്റത്തിന്ന് അറുതി വന്നു. ജീ യാങ്ങ് കീ ഷെയ്ക്കിന്റെ ചൈന യിൽ പുരോഗമനമുണ്ടായെങ്കിലും യുദ്ധശേഷം രാജ്യത്ത് ദാരിദ്ര്യവും പ്രശ്നങ്ങളും ഉത്ഭവിച്ചു. ഈ അവസരം മുതലെടുത്ത് മാവോ ദ്സെ ദൂങ്ങ് ന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കൂമിന്താങ്ങ് കക്ഷിക്കെതിരെ പ്രക്ഷോഭം അഴിച്ചു വിടുകയും അവസാനം 1949 ൽ റഷ്യൻ സഹായത്തോടെ വിപ്ലവം നടത്തി കമ്മ്യൂണിസ്റ്റ് പാർട്ടി ചൈനയിൽ ഭരണം പിടിച്ചെടുക്കുകയും ചെയ്തു. ഗത്യന്തരമില്ലാതെ ജിയാൻ കീ ഷെയ്ക് ചൈനയുടെ അടുത്ത ദ്വീപ് രാജ്യമായ തായ്‌വാനിലേക്ക് അഭയാർത്ഥിയായി പോയി. അവിടെ

ഒരു സമാന്തര സർക്കാർ ഉണ്ടാക്കി അതിന്ന് റിപ്പബ്ലിക്ക് ഓഫ് ചൈന എന്ന് പേരിടുകയും അതാണ് യഥാർത്ഥ ചൈന എന്ന് അവകാശ പ്പെടുകയും ചെയ്തു. ജിയാൻ കീ ഷെയ്ക്കിന്റ് മകൻ ജിയാൻ ചിംങ്ങ് കുവാ തായ്‌വാനെ കൂടുതൽ ജനാധിപത്യ വത്ക്കരണത്തിന് വിധേയമാക്കുകയുണ്ടായി. ലോക ത്തെ ഏറ്റവും കൂടുതൽ ജനസംഖ്യ യുള്ള മാവോയുടെ കമ്മ്യൂണിസ്റ്റ് ചൈനയെ അമേരിക്കയും പാശ്ചാ ത്യ ലോകവും ഐക്യരാഷ്ട്ര സഭയും അംഗീകരിച്ചില്ല. ജനകീയ റിപ്പബ്ലിക് ഓഫ് ചൈനയുടെ (PRC) പ്രാതിനിത്യം റിപ്പബ്ലിക്ക് ഓഫ് ചൈന (ROC) എന്നറിയപ്പെട്ട ഈ കൊച്ചു ദ്വീപിന്നായിരുന്നു. അതിനി ടയിൽ സംഭവിച്ച കൊറിയൻ പ്രശ്നവും ശീതയുദ്ധവും സർവ്വോ പരി കമ്മ്യൂണിസ്റ്റ് വിരോധവും അമേരിക്കയും പാശ്ചാത്യ രാജ്യ ങ്ങളും ഈ നിലപാടിൽ തന്നെ തുടർന്നു. 1971 വരെ ഈ നില തുടർന്നു. അവസാനം അമേരിക്കൻ പ്രസിഡണ്ട് റിച്ചാർഡ് നിക്സന്റെ കാലത്ത് സ്റ്റേറ്റ് സെക്രട്ടറി ഹെൻട്രി കിസ്സിഞ്ചർ അന്നത്തെ ചൈനീസ് പ്രധാനമന്ത്രി ചൂ എൻ ലായിയു മായി രഹസ്യ സന്ദർശനം നടത്തി. യു എൻ അംഗീകാരശ്രമത്തിന്ന് തുടക്കമിട്ടു. പിന്നീട് അമേരിക്കൻ പ്രസിഡണ്ട് നിക്സനും ചൈന സന്ദർശിക്കുകയുണ്ടായി. അതിന്ന് ശേഷം പാശ്ചാത്യ രാജ്യങ്ങളും മറ്റു ലോക രാഷ്ട്രങ്ങളും 1971 ഒക്ടോബറിൽ 2758 പ്രമേയത്തി ലൂടെ ഐക്യരാഷ്ട്ര സഭയിൽ ജനകീയ ചൈനക്ക് (PRC) ചൈന എന്ന രാജ്യത്തെ പ്രതിനിധീകരി ക്കാനുള്ള ഏകവും പൂർണ്ണവുമായ അംഗീകാരവും വീറ്റോ അധികാര വും നൽകി. തായ്‌വാനെ ആ പദവിയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. 1949 ന്ന് ശേഷം തായ്‌വാൻ ചൈനയിൽ നിന്നും വിടുതൽ നേടി സ്വയം ഒരു രാജ്യമായി കരുതി വരികയായിരുന്നു. എങ്കിലും ചൈന അവരുടെ ഒരു പ്രവിശ്യയാ യിട്ടാണ് തായ്‌വാനെ കണക്കാക്കി യിരുന്നത്. അതീവ വേഗതയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് തായ്‌വാൻ ഏഷ്യൻ കടുവകൾ എന്നറിയപ്പെടുന്ന അഞ്ച് രാജ്യങ്ങളാണ് ജപ്പാൻ, ഹോങ്കോങ്ങ്, സിംഗപ്പൂർ, ഉത്തര കൊറിയ, തായ്‌വാൻ.

1980 മുതൽ ചൈനയും തായ്‌വാനും തമ്മിലുള്ള ബന്ധം ഊഷ്മളമായി പുരോഗമിച്ചു. ചൈന ഹോംങ്കോങ്ങിലുള്ളത് പോലെ ഒരു രാജ്യം രണ്ട് വ്യവസ്ഥകൾ എന്ന ഒരു ഫോർമുല തായ്‌വാനു നേരെ വെച്ച് നീട്ടി. ചൈനയുമായുള്ള പുനരേകീകരണം തായ്‌വാൻ അംഗീകരിക്കുകയാണെങ്കിൽ തായ് വാന്ന് സ്വയംഭരണാവകാശം നൽ കാമെന്ന ചൈനയുടെ വാഗ്ദാനം തായ്‌വാൻ നിരസിച്ചു. 1991 ൽ ചൈനയുമായുള്ള സംഘർഷങ്ങ ളെല്ലാം അവസാനിച്ചു എന്ന പ്രഖ്യാ പനം തായ്‌വാന്റെ ഭാഗത്തുനിന്നും ഉണ്ടായി. 2000 ലും 2004 ലും സ്വതന്ത്ര തായ്‌വാന്റെ ശക്തനായ വാക്താവായിരുന്ന ചെൻ സൂയ് ബിയാൻ പ്രസിഡണ്ടായി തിരഞ്ഞെ ടുക്കപ്പെട്ടു. അതിന്ന് ശേഷമാണ് ചൈന-തായ്‌വാൻ ബന്ധം ഉലയാൻ ആരഭിച്ചത്. ഒരു വർഷം കഴിഞ്ഞ പ്പോൾ തായ്‌വാൻ ചൈനയിൽ നിന്നും വിട്ടുപോവുകയാണെങ്കിൽ സമാധാനപരമല്ലാത്ത മാർഗ്ഗങ്ങളി ലൂടെ അതിനെ നേരിടുമെന്ന ചൈന നിയമം പാസ്സാക്കി. 2008 ൽ തിരഞ്ഞെടുക്കപ്പെട്ട മായിംങ്ങ് ജിയൂ ചൈനയുമായുള്ള ബന്ധം മെച്ച പ്പെടുത്താൻ ശ്രമിക്കുകയുണ്ടായെ ങ്കിലും, 2016 ൽ തിരഞ്ഞെടുക്കപ്പെട്ട തായ്‌വാന്റെ ഇപ്പോഴത്തെ വനിതാ പ്രസിഡണ്ട് ഡമോക്രാറ്റിക് പ്രോഗ്രസ്സീവ് പാർട്ടി നേതാവായ സായ് ഇങ്ങ് വെൻ, തായ്‌വാൻ ശ്വാശ്വതമായി ചൈനയിൽ നിന്നും സർവ്വത്ര സ്വതന്ത്രമാവണം എന്ന ആശയക്കാരിയാണ്. ചൈനീസ് സമ്മർദ്ദത്തെ തുടർന്ന് നിർത്തി വെച്ച അമേരിക്കയുമായുള്ള ബന്ധം അവർ പുനരാരംഭിച്ചു. ഡൊണാൾഡ് ട്രമ്പുമായി സംഭാഷ ണം നടത്തി. ചൈനയെ പ്രതിരോധി ക്കാനാവശ്യമായ ആയുധങ്ങൾ നൽകാമെന്ന് അമേരിക്ക വാഗ്ദാനം ചെയ്തു. ഒരു മുള്ളൻ പന്നിയെ പോലെ ശത്രുവിന്ന് അത്രവേഗം കീഴടങ്ങാതിരിക്കാനുള്ള ശക്തി കൈവരിക്കണമെന്നും ചൈനയെ പ്രതിരോധിക്കാൻ കടലിൽ മൈനു കൾ വിതറണമെന്നുമാണ് തായ്‌വാ ന് അമേരിക്കയുടെ ഉപദേശം.

ചൈന കൂടുതൽ സമ്മർദ്ദതന്ത്ര ങ്ങളും ഭീഷണികളും തായ്‌വാനു മേൽ പ്രയോഗിക്കുകയാണ്. യു എസ്സും തായ്‌വാനും കൈകോർ ക്കുന്നത് അംഗീകരിക്കാനാകില്ലെ ന്നാണ് ചൈനയുടെ മുന്നറിയിപ്പ്. തായ്‌വാൻ ചൈനയുടെ ഭാഗമായി



തായ്‌വാൻ പ്രസിഡണ്ട് സായ് ഇങ്ങ് വെൻ



ചൈനീസ് പ്രസിഡണ്ട് ഷീ ചിൻ പിങ്ങ്

ഗണിക്കാത്ത കമ്പനികളെ ചൈനയിൽ പ്രവർത്തിക്കാൻ അനുവദിക്കില്ല എന്നും അവർ നിലപാടെടുത്തിരിക്കുകയാണ്. ചൈനയും തായ്‌വാനും തമ്മിലുള്ള സമ്പൂർണ്ണ ഏകീകരണം സാദ്ധ്യമാക്കാൻ ചൈന പ്രതിജ്ഞാബദ്ധമാണെന്നും തായ്‌വാന്റെ സ്വാതന്ത്ര്യത്തിന്ന് വേണ്ടിയുള്ള ഏതൊരു ശ്രമവും തകർക്കുമെന്നുമാണ് ചൈനീസ് പ്രസിഡണ്ട് ഷീ ചിൻ പിങ്ങ് പറഞ്ഞത്. ഹോങ്കോങ്ങിൽ സ്വാതന്ത്ര്യ പ്രക്ഷോഭണത്തെ ചൈന കൂടുതൽ ശക്തമായി അടിച്ചമർത്തിക്കൊണ്ടിരിക്കെ തായ്‌വാൻ ദേശീയവാദിയായ സായ് ഇങ്ങ് വെൻ വീണ്ടും 2020 ൽ തിരഞ്ഞെടുക്കപ്പെട്ടിരിക്കയാണ്. ചൈന-തായ്‌വാൻ സംഘർഷമുണ്ടായിരിക്കെ തായ്‌വാൻ കമ്പനികൾ ചൈനയിൽ 60 ബില്ല്യൻ ഡോളറിന്റെ നിക്ഷേപം നടത്തിയിട്ടുണ്ട്. ഒരു ദശലക്ഷം തായ്‌വാനികൾ ചൈനയിൽ ജോലി ചെയ്യുന്നുമുണ്ട്. അതുകൊണ്ട് ചൈനയുമായുള്ള ഏറ്റുമുട്ടലിനെ ഭയക്കുന്ന വലിയൊരു വിഭാഗം തായ്‌വാൻ ജനതയിലുണ്ട്. എങ്കിലും തായ്‌വാൻ ദേശീയത ഉയർത്തിപ്പിടിക്കുന്ന പ്രകടനങ്ങളാണ് ഇപ്പോൾ അവിടെ നടന്നുകൊണ്ടിരിക്കുന്നത്. അമേരിക്ക തായ്‌വാന് തങ്ങളുടെ ശക്തമായ പിന്തുണ അറിയിച്ചുകൊണ്ട് ഒരു പ്രതിനിധി സംഘത്തെ അയച്ചതിനെ അതിശക്തമായാണ് ചൈന അപലപിച്ചത്. തുടർന്ന് തായ്‌വാനെ വിരട്ടാൻ ലക്ഷ്യമിട്ട് ചൈനയിൽ നിന്ന് യുദ്ധവിമാനങ്ങളും കടലിൽ സബ്മറൈനുകളും തായ്‌വാന്ന് നേരെ അയക്കുകയും സൈനിക അഭ്യാസം നടത്തിക്കൊണ്ടുമാണ് ചൈന പ്രതികരിച്ചുകൊണ്ടിരിക്കുന്നത്.

ചൈനയെ വലയം ചെയ്തുകൊണ്ട് ഇന്തോ-പസഫിക്ക് മേഖലയിൽ അമേരിക്കയുടെ നേതൃത്വത്തിൽ പുതിയ സൈനിക സഖ്യങ്ങളും രൂപം കൊള്ളുകയാണ്. അമേരിക്കയും ജപ്പാനും ഓസ്ട്രേലിയയും ഇന്ത്യയും കൈകോർക്കുന്ന 2007 ൽ രൂപീകരിച്ച ക്വാഡ് (Quadrilateral Security Dialogue - QUAD) ചതുഷ് രാഷ്ട്ര സംഖ്യ നിലവിലുണ്ട്. അതിന്ന് പുറമെ അമേരിക്കയും ബ്രിട്ടനും ആസ്ട്രേലിയയും കൂടി 2021 സെപ്തംബർ 15 ന്ന് നിലവിൽ വന്ന ത്രിരാഷ്ട്ര സഖ്യം ഈ മേഖലയെ മാത്രമല്ല സാർവ്വ ദേശീയ രംഗമാകെ ആശങ്ക ജനിപ്പിച്ചിരിക്കയാണ്. അമേരിക്കൻ ബ്രിട്ടീഷ് സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ആണവ മുങ്ങിക്കപ്പലുകൾ ഓസ്ട്രേലിയക്ക് നൽകുന്നതാണ് കരാർ. ഇതിനോടനുബന്ധിച്ച് അമേരിക്കൻ സഖ്യകക്ഷിയായ ഫ്രാൻസുമായി ആസ്ട്രേലിയ ഉണ്ടാക്കിയ വൻ കരാരിൽ നിന്നും (9000 കോടി ഓസ്ട്രേലിയൻ ഡോളർ= 4,66,200 കോടിയോളം രൂപ) അവർ പിന്മാറിയിരിക്കുകയാണ്. ഇത് ഫ്രാൻസിനെ പ്രകോപിതരാക്കിയിട്ടുണ്ട്. രണ്ട് നൂറ്റാണ്ടുകളായി തുടരുന്ന യു എസ് ഫ്രാൻസ് ബന്ധം വകവെക്കാതെയാണ് ഫ്രാൻസ് പ്രതിഷേധം പ്രകടിപ്പിച്ച് തങ്ങളുടെ അംബാസഡർമാരെ അമേരിക്കയിൽ നിന്നും പിൻവലിച്ചത്. ഏതായാലും ഇന്തോ പസഫിക് മേഖലയിൽ സംഘർഷങ്ങൾ വർദ്ധിക്കുകയാണ്. അത്യന്തം മാരകമായ ആയുധങ്ങളുപയോഗിച്ചുള്ള ആധുനിക യുദ്ധങ്ങൾ മനുഷ്യരാശിയുടെ നിലനിൽപ്പിന് തന്നെ ദോഷകരമായ ഭയാനകമായ ദുരന്തങ്ങളായിരിക്കും. വ്യക്തിയെ പോലെ തന്നെ രാഷ്ട്രങ്ങളും സമാധനവും സംയമനവും പാലിക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ ലോകസമാധാനം നിലവിൽ വരൂ.

## കാരുണ്യം ബാദ്ധ്യതയാക്കി വെച്ച നമ്മുടെ നാഥൻ

പറയുക: എന്റെ അടുക്കൽ അല്ലാഹുവിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യങ്ങൾ ഞാൻ അറിയുന്നുമില്ല. ഞാൻ ഒരു മാലാഖയാണെന്നും നിങ്ങളോട് പറയുന്നില്ല. എന്നിലേക്ക് ദിവ്യബോധനം ചെയ്യപ്പെടുന്നത് പിൻപറ്റുക മാത്രമാണ് ഞാൻ ചെയ്യുന്നത്. പറയുക: അന്ധനും കാഴ്ചയുള്ളവനും ഒരു പോലെയാകുമോ? അപ്പോൾ നിങ്ങൾ ചിന്തിക്കുന്നില്ലേ? തങ്ങളുടെ നാഥന്റെ അടുക്കലേക്ക് ഒരുമിച്ചു കൂട്ടപ്പെടുമെന്ന് ഭയപ്പെടുന്നവർക്ക് ഇത് (ഈ വചനം മുഖേന) മുന്നറിയിപ്പ് നൽകുക; അവർക്ക് അവനല്ലാതെ ഒരു രക്ഷകനോ ശുപാർശകനോ ഉണ്ടാകുകയില്ലെന്ന്, അവർ സൂക്ഷ്മത കൈകൊള്ളുന്നതിന്ന് വേണ്ടി. തങ്ങളുടെ നാഥന്റെ പ്രീതിയെ ഉദ്ദേശിച്ച് പ്രഭാതത്തിലും പ്രദോഷത്തിലും അവനെ വിളിച്ചു പ്രാർത്ഥിക്കുന്നവനെ നീ വിരട്ടി അകറ്റരുത്. അവരെ വിരട്ടാൻ തക്കവണ്ണം അവരുടെ കണക്കിന്റെ യാതൊരു ഉത്തരവാദിത്വവും നിനക്കില്ല. നിന്റെ കണക്കിന്റെ യാതൊരു ഉത്തരവാദിത്വവും അവർക്കുമില്ല. അങ്ങനെ ചെയ്താൽ നീ അക്രമികളിൽ പെട്ടവനായി പോകും. ഇതേ പ്രകാരം ഇവർക്കാണോ നമ്മുടെ ഇടയിൽ അല്ലാഹു ഔദാര്യം ചെയ്തത്? എന്നു ചോദിക്കുമാറ് അവരിൽ ചിലരെക്കൊണ്ട് നാം പരീക്ഷിക്കുന്നുണ്ട്. അല്ലാഹു കൃതജ്ഞതയുള്ളവരെക്കുറിച്ച് നല്ലവണ്ണം അറിയുന്നവനല്ലേ? നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവർ നിങ്ങളുടെ അടുക്കൽ വന്നാൽ നിങ്ങൾക്ക് സമാധാനം ഉണ്ടാവട്ടെ; നിങ്ങളുടെ നാഥൻ കാരുണ്യത്തെ തന്റെ ബാദ്ധ്യതയാക്കി വെച്ചിരിക്കുന്നുവെന്ന് പറയുക. അതായത് നിങ്ങളിൽ നിന്ന് ആരെങ്കിലും അജ്ഞത നിമിത്തം തിന്മചെയ്യുകയും എന്നിട്ട് അതിന് ശേഷം പശ്ചാത്തപിച്ചു മടങ്ങുകയും സ്വയം തിരുത്തി നന്നവുകയും ചെയ്യുന്നതായൽ (അവൻ പൊറുത്തുതരും) അവൻ സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. (വിശുദ്ധ ഖുർആൻ 6: 51-55)

**അനുസ്മരണം**

# ചുങ്കശ്ശേരിൽ എം. ജലീൽ അഹ്മദ് സാഹിബ്



കരുനാഗപ്പള്ളി: ജ. ചുങ്കശ്ശേരിൽ എം. ജലീൽ അഹ്മദ് സാഹിബ് മെയ് 30-ാം തീയതി നിര്യാതനായി. കോവിഡ് രോഗമൂർച്ഛയെ തുടർന്നായിരുന്നു അന്ത്യം.

കരുനാഗപ്പള്ളി ജമാഅത്തിലെ സ്ഥാപക തലമുറയിൽപ്പെട്ട ജനാബ് ചുങ്കശ്ശേരി മൈതീൻകുഞ്ഞ് സാഹിബിന്റെ മകനായിരുന്നു. തൊള്ളായിരത്തി എഴുപതുകളുടെ തുടക്കത്തിൽ ഖാദിയാനിൽ ഹ്യസ്വകാലം വിദ്യാർത്ഥിയായിരുന്നു. ശേഷം കരുനാഗപ്പള്ളിയിൽ കുടുംബ ബിസിനസ്സ് നടത്തിവരികയായിരുന്നു.

ഖാദിയാനിലെ ജലസകളിലും ഇജ്തിമാകളിലും സ്ഥിരം സന്ദർശകനായിരുന്ന ജലീൽ സാഹിബ് ഒരു പക്ഷെ ഏറ്റവും കൂടുതൽ തവണ ഖാദിയാൻ സന്ദർശിച്ചിട്ടുള്ള കേരളീയരിൽ ഒരാളായിരിക്കും. സ്ഥിരം സഹയാത്രികനും ഉറ്റ സുഹൃത്തുമായ ജ. ടി.കെ. മഹ്മൂദ് സാഹിബിന്റെയും കോവിഡ് മരണത്തിനു ഒരു മാസം തികവേയായിരുന്നു ജലീൽ സാഹിബിന്റെ വേർപാട്.

കഴിഞ്ഞ നിരവധി ദശാബ്ദങ്ങൾ ജമാഅത്തിന്റെ ശൂറയിൽ വിവിധ തസ്തികകൾ വഹിച്ചിരുന്ന ജലീൽ സാഹിബ് സമീപക്കാലത്ത് അൻസാറുല്ല കൊല്ലം തിരുവനന്തപുരം ജില്ലാ നാസിം ആയിരുന്നു.

ഭാര്യ: കുഞ്ഞാമിന ജലീൽ മക്കൾ: അദീബ് ജലീൽ, ഡോ. നീതു താഹിർ, ഒമർ ജലീൽ. ജാമാതാക്കൾ: മീനു അദീബ്, താഹിർ അഹ്മദ് (ഐരാപുരം).

പരേതനു അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

*- ഡോ. ഫുആദ് ജലീൽ*

---

**പേജ് 33 ൽ നിന്ന് തുടർച്ച**

മൃഗമായി കരുതിക്കൊണ്ടിരുന്നു. അപ്പോൾ ഭൂമിയിൽ അതിക്രൂരമായ നിർദ്ദയവുമായ അതിക്രമങ്ങൾ അധികരിക്കരുതെന്നു കരുതിയ അല്ലാഹു ഈ മർദ്ദിതരും ദ്രോഹിതരുമായ തന്റെ ദാസന്മാരെ ഓർമ്മിച്ചു. അവന്റെ കോപാഗ്നി ഈ അക്രമകാരികൾക്കെതിരിൽ കത്തിജ്ജ്വലിച്ചു. അവൻ തന്റെ പരിശുദ്ധ കലാമായ ഖുർആൻ മുഖേന ഇപ്രകാരം അറിയിച്ചു. നിങ്ങളോട് ചെയ്യപ്പെടുന്ന അക്രമങ്ങളെല്ലാം നാം കാണുന്നു. ഞാൻ ഇന്ന് മുതൽ അവരെ പ്രതിരോധിക്കാനുള്ള അനുവാദം തന്നിരിക്കുന്നു. സർവ്വവശക്തനായ നാം ഈ അക്രമികളെ ശിക്ഷ നൽകാതെ വിട്ടുകളയില്ല. ഈ കൽപനയാണ് മറ്റു വാക്കുകളിൽ ജിഹാദ് എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. ഈ കൽപ്പനയുടെ യഥാർത്ഥ വചനം വിശുദ്ധ ഖുർആനിൽ ഇന്നും നിലകൊള്ളുന്നു.

അതായത് വധിക്കപ്പെടുകയും തങ്ങളുടെ നാട്ടിൽ നിന്ന് ഒരു കാരണവുമില്ലാതെ നിഷ്ക്കാസനം ചെയ്യപ്പെടുകയും ചെയ്യുന്നവനെ പരാതികേട്ടു. അതനുസരിച്ച് അവർക്ക് പ്രതിരോധിക്കാനുള്ള അനുവാദം നൽകപ്പെട്ടിരിക്കുന്നു. മർദ്ദിതരായ ജനങ്ങളെ സഹായിക്കുവാൻ അല്ലാഹു ശക്തിയുള്ളവനാകുന്നു. (റൂഹാനി ഖസായിൽ)

---

**പേജ് 39 ൽ നിന്ന് തുടർച്ച**

ൽ ഹൈയ് സാഹിബ് പറയുകയാണു പിതാവ് ഞങ്ങൾ മക്കളോടു എപ്പോഴും വളരെ സ്നേഹവും വാത്സല്യവുമാണു കാണിക്കാറ്. അദ്ദേഹം ഒരിക്കലും ഞങ്ങളോടു ദ്വേഷ്യപെടാറില്ല. പിതാവിനോടു എന്തു വേണമെങ്കിലും പറയാം. ചോദിക്കാം. എന്നാൽ പിതാവിന്റെ അന്നത്തെ മുഖം ഞാൻ ഇന്നും ഓർക്കുന്നു. അദ്ദേഹത്തിനു അന്നു ദ്വേഷ്യം മാത്രമല്ല ഉണ്ടായത്. കടുത്ത ദു:ഖവും മനോവേദനയുമുണ്ടായി. മക്കളോട് എന്നും വാത്സല്യത്തോടെ സംസാരിക്കാറുള്ള പിതാവ് അദ്ദേഹത്തിന്റെ സ്വഭാവത്തിനു വിരുദ്ധമായി ഞങ്ങളോട് ദ്വേഷ്യപ്പെട്ടു. എനിക്കതിൽ മനോവിഷമമില്ല. അതു മസീഹ് മൗഊദിനോടുള്ള അടങ്ങാത്ത ഇശ്ക്കും പ്രേമവുമാണ്.

ഹദ്റത്ത് മൗലവി സാഹിബിന്റെ മുകളിൽ പരാമർശിക്കപ്പെട്ട മകൻ ജനാബ് അബ്ദുസ് സലാം സാഹിബ് 1956 മാർച്ച് 24-ാം തീയതി തന്റെ അമ്പത്തൊന്നാമത്തെ വയസ്സിൽ ലാഹോറിൽ വച്ചു നിര്യാതനായി. പിറ്റെ ദിവസം റബ്വയിലെ ബഹിശ്തി മക്ബറയിൽ ഖബറടക്കം ചെയ്യപ്പെട്ടു. (തുടരും)



Published on 07.11.2021
Pages 44
Vol: 93 Issue. 11
RNI No. 3332/1957, Registered KL/EKM/726/2021-23
Price Rs. 30/-
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



mta INTERNATIONAL

*Muslim Television Ahmadiyya International*



mta INTERNATIONAL
www.mta.tv

YouTube | mta INTERNATIONAL
www.youtube.com/mtaonline1

www.alislam.org

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim